# "ADIEU MY NADIRA!"

P. Padmini, II B. Sc.

On a hot Friday afternoon in April, I was sitting in my room, with a half-filled suitcase, before me and various knick-knacks around me. I was starting off for Agra within two days, to spend the vacation with my cousin there. Packing finished, I spent a good time inspecting the snap-shots and guide-books of the historical monuments of Agra and when I went to sleep that night my mind was full of the images of the unseen Taj, Agra-Fort, Khas Mahal, Pearl-Mosque and other places.

It was a fine evening with a cool-breeze enveloping the hot air around Agra. My cousin Rajesh and I were standing before the huge Taj-gate, the first item on our programme at Agra. The three storeyed edifice with a brass door, which originally was of silver, welcomed us into one of the great wonders of the world. We entered the Taj-garden. A riot of colours, "comfy"-marble seats and fountains greeted us. My gaze fell upon the marble tank in the centre with crystal-clear water and a bunch of lotus floating on the top. Looking down at them I could see a faint image of the Taj reflected amidst, and turning around, when I looked at the TAJ in its real form, "My soul had its content so absolute . . . . . . . . . . . ."!

Walking forward we joined a group of school-kids and an old guide who took us around the interior of the Taj.

The slippery marble floor, and walls with flowers and scenery engraved on them were now naked without the precious jewels and stones. Some of them were replaced by imitation jewels and glass beads. The central room, where rest the fair bodies of the king and queen, unseparated even after death, was exquisitely decorated with gold and jewels. We placed some flowers on the floor solemnly and left the place, soon! Because, the interior of the Taj, despite its artistic perfection was saddening to me. Each stone and marble, seemed to tell the painful stories of those people who worked day and night for the completion of the Taj, but were killed by the king, lest they would make another Taj on the earth. The cold, damp air was suffocating to me, and so I was glad to get into the happy, mellowing scene outside.

It was a moon-lit night and I had heard much about the beauty of the Taj on such a night. Everything was silent around us, for there were not many people in the garden. A half-moon was already in the sky and I was bent on seeing the beauty of the Taj, bathed in the moon-light. So when, Rajesh urged me to leave the place, I asked him to go and wait for me at the hotel, he consented and as a parting shot said winking.

"Keep away from those beautiful Punjabi girls who are slightly mad over the South Indian boys"!

"But, one of my intentions in coming to Agra was to get acquainted with such a beauty"—I replied with pretended seriousness!

"Then best of luck, my boy" he said solemnly and we both burst into laughter. Soon he left me!

I sat under a cypress tree in the garden and looked at the Taj, that "dream in marble" and my heart was full of sympathy for the maker of this immortal teardrop of love for his painful last days! I was going to sink into my dreams, when the sound of soft foot steps, was heard behind! I turned around and looked at the most beautiful feminine face I have ever seen!

A girl of seventeen or eighteen with a ripe-wheat complexion, wearing a Punjabi 'selwar' and light 'kameez', exposing her perfect body

lines, was standing there. Her long hair was hanging in two plaits behind and she wore a pair of pearl ear-rings. Her redlips and dark eyes were really inviting. I stared at her for some silent seconds and groped for words. Finally mustering my courage, I muttered a "hello" almost inaudible!

"Hello" she replied smiling; my nerves loosened, I said to myself, after all she might be a visitor like me and there isn't anything to fear or suspect. Turning up modestly I introduced myself, "My name is Mohan, from Kerala to see this" — I pointed at the Taj. She acknowledged it with a bow and said, "My name is Nadira, I live nearby and visit the Taj on moon-lit nights" — her tone was silky.

Upon this I invited her to sit near me and we looked at the Taj, being caressed by the silver beams. There was total darkness around us, save for the moon-light and the air was cold. Nadira was a good talker, and we discussed Agra and Moghul history in general. I noticed that she never said anything personal about her, or asked about me, I too did not dare to ask ! Finally when my radium-dialled watch showed past eight, I got up to take leave, and suddenly she broke in, "what about, dropping in at my place and sharing a cool drink with me? I live nearby"

Rajesh's warning flashed through my mind, but when you are with a sweet-seventeen on a night like that, you forget yourself. I accepted her invitation and followed her silently.

She took me through unknown paths and ill-lit lanes and finally, we stood before a big stone-wall with an iron gate, all cloaked in darkness. What! I ejaculated, if my memory of the snap was correct this was the great Agra Fort! I felt uneasy, and wondered who this Nadira really was! She piloted me through many small and big edifices all in red stones and marble, some of which were in graceful decay, aid at last we stood before the most beautiful of all, one in red-stone, made after the fashion of Moghul architecture. The walls were delicately carved. She turned towards me and said in her sweet voice "Mohan, now we are standing on the threshold of the "Khas Mahal" in Agra Fort"! "But, my dear, is this the place where you live or are you playing the part of a guide" I demanded. "What, if, I turn to be your guide?" she asked, I felt relieved; she might be playing the role of a guide and taking me places, so I added mischievously "Not even a saint will spare a girl like you to-night", "Don't be silly"! She said smilingly and suddely her voice became serious "Have you ever heard anything about this, Mohan? this was the place of merry-making of the kings and queens, there was a fountain, which splashed the rose-water for the royal ladies' use, and there-" She jerked a finger towrds a plot of land-"was a vine-yard the soil of which was brought from Kashmir". She paused and her voice grew softer, "The walls of this Mahal echoed with the sounds of the songs sung by the court musicians and "Shanai" and lying on a golden coach, Shahjehan himself used to hear this and view the dances of his beautiful Persian slaves" — she stopped and half-closed her eyes as if listening to the sound of the shanai and the jingle of the anklets.

I felt uneasy, the air around us was cold and the moon threw silver-coins on the floor, everything seemed to be belonging to the dead past and to relieve myself of the tension, I asked, a preoccupied Nadira "But, you are talking like a history professor, how do you know all these minute details"?

She looked at me, and smiled her 'Mona-Lisa' smile. Those plum cheeks grew more plum, showing two dimples eyes longer, and she said in a dreamy voice.

"Didn't I tell you that I live here? I was one of those beautiful Persian slaves, who danced for the king all his life time and when his son, who banned all music and dance, came to power, we were ruthlessly killed and our dead-bodies drowned in the Yamuna" ...... her voice trailed off into silence, I knew she was choking!

I felt a cold shiver running through my body and said in a slow voice:

"Then you are a . . . . " I stammered, "yes, I am a ghost, one who loves to visit this place and tell her stories to strangers like you" "and now, my boy, I must leave, you, good night and good bye" her voice had a pleasant note and I closed my eyes in weariness. When I opened, I could see the fluttering end of her red-silk 'Dupetta' and the Moghul-fashioned sandals. I jerked forward as if to embrace her but fell on the floor with a heavy thud, and my head hit something hard.

I opened my eyes, and looked up to see the shining moon on the Agra Fort, but to my horror, I saw the wooden ceiling of my room up and white walls around! I sat bolt upright; evidentally I had fallen from my cot and was sitting on the cement floor. The wall-clock showed it was past 8-30, and bright sun-rays pierced through the window-bars. Then it was a dream, after all ! ! ! I could not help-bursting into a wild laughter, and the stair-case sounded. and I knew it was mummy. To avoid a scene with her for getting up so late, I got to my feet, spread the sheet on the bed, and adjusted the fallen pillows. Grabbing my tooth-brush and paste when I dashed to the bath room, the only face that lingered in my mind was that of Nadira and I prayed softly, "If in every sleep came, such dreams, may I sleep forever, and for ever . . . . ." "Adieu my Nadira".

# ആംഫീബിയൻ

(പി. മുഹമ്മദ് അബ്ദുൾ മജീദ്, II P. D. C.)

വളരെനേരമായി നിവർത്തിപ്പിടിച്ച പേനയുമായി കസേലയിൽ ഇരിക്കുന്നു. മുമ്പിൽ തുറന്നു് വെച്ച നോട്ടുപുസ്തകം തന്നെനോക്കി പല്ലിളിക്കുകയാണോ? എങ്ങിനെയെങ്കിലും ഒരു ചെറുകഥയെഴുതണം. ഹൃദയത്തിലെ ഏററവും വലിയ അഭിലാഷമാണു്. അതിനുള്ള നീണ്ടശ്രമത്തിന്റെ തുടക്കം. ആ കഥയിൽക്കൂടി തന്റെ നീറുന്ന വേദനകളും മരവിപ്പിക്കുന്ന ഓർമ്മകളും സുഹൃത്തുക്കളുടെ മുന്നിൽ വരച്ചുകാണിക്കണമെന്നു് വളരെ മോഹമുണ്ടു്.

“എന്താ രവീ! ഇന്നു് ജോലിക്കുപോകുവാൻ സാധിക്കുകയില്ലല്ലേ? പഠിക്കാൻ ഉണ്ടായിരിക്കും?”

അമ്മ മുറിയിലേക്കു് കടന്നുവന്നു. തന്റെ എല്ലാ ബലഹീനതകളും ആ മിഴികളുടെ വെളിച്ചത്തിൽ അപ്രത്യക്ഷമാകുന്നു. മോഹങ്ങളേയും കിനാവുകളെയും കർത്തവ്യത്തിലേക്കു് തിരിച്ചുവിടുന്ന രണ്ടു് കൊച്ചുതോടുകളാണു് ആ കണ്ണുകൾ. “ഓ താൻ ഒരു കോളജു് വിദ്യാർത്ഥിയെന്നതിലുമുപരി ഒരു ജോലിക്കാരനാണു്.

നഗ്നമായ സത്യം!

പ്രസ്സുപണിക്കാരൻ! പട്ടണത്തിലെ പ്രശസ്തമായൊരു പത്രമാപ്പീസിലെ ജോലിക്കാരൻ.

കൂടാതെ പട്ടണത്തിലെ ഒരു ഉയർന്ന കോളജിലെ ഒരു വിദ്യാർത്ഥിയും.

പകൽ പഠിക്കുന്നു
രാത്രി ജോലിചെയ്യുന്നു.
വൈരുദ്ധ്യങ്ങൾ

സ്വന്തമായ് കാശുണ്ടാക്കി പഠിക്കുന്ന ഒരു വിദ്യാർത്ഥി. തന്റെ കഴിവിൽ പലപ്പോഴും സ്വയം അഭിമാനിക്കാറുണ്ടു്.

“പ്രസ്സ്പണിക്കാരൻ”, സഹപാഠികളുടെ പരിഹാസച്ചിരി കാതുകളിൽ മുഴങ്ങുകയാണു്. ഇവർക്കൊക്കെ പണക്കാരായ മാതാപിതാക്കളുണ്ടു്. ഉയർന്നനിലയിൽ ജീവിക്കുന്ന അമ്മാവന്മാരുണ്ടു്. ജീവിതത്തിന്റെ കയ്പു് എന്തെന്നു് അവർക്കറിയണ്ട. പണം അവർക്കു് വിലയില്ലാത്ത ഒരു വസ്തുവാണു്. എന്നാൽ തനിക്കോ?

അച്ഛനില്ല! മററു ബന്ധുജനങ്ങൾ ആരും തന്നെയില്ല. പാവപ്പെട്ട ഒരമ്മമാത്രം. മകനെ മാത്രം ആശ്രയിക്കുന്ന ഒരമ്മ.

“നാളെ ഫീസുകൊടുക്കണം” എന്നു് ആരോടും പറയുവാൻ കഴിയുകയില്ല. രാത്രിയുടെ നിശ്ശബ്ദതയിൽ പ്രസ്സിന്റെ വിഷംനിറഞ്ഞ അന്തരീക്ഷത്തിൽ കൈ ചലിച്ചാൽ മാത്രമെ ഫീസുകൊടുക്കുവാൻ സാധിക്കുകയുള്ളൂ. നിസ്സഹായതകൊണ്ടു വീർപ്പുമുട്ടുന്ന അമ്മയെ രക്ഷിക്കുവാൻ സാധിക്കുകയുള്ളൂ.

ഓർമ്മകൾ ക്ലാസുമുറിയിൽ നടന്ന പല സംഭവങ്ങളേയും തിരികെ കൊണ്ടുവന്നു. പലപ്പോഴും ക്ലാസുമുറിയിൽ “ഉറക്കം” ഒരു കുസൃതിയെപ്പോലെ കണ്ണുകളെ അലട്ടും. എന്നാലും ക്ലാസിൽ ശ്രദ്ധിക്കുവാൻ തീവ്രയത്നം ചെയ്യാറുണ്ടു്. ആരേയും ബോദ്ധ്യപ്പെടുത്താനല്ല. സ്വന്തം മനസ്സാക്ഷിയെ സമാധാനപ്പെടുത്തുവാൻ വേണ്ടി മാത്രം. “വീട്ടിൽ നിന്നും വയറുനിറയെ തിന്നിട്ടു ഉറങ്ങാൻ വേണ്ടി മാത്രം ഇവിടെ വരും” എക്ണോമിക്സ് ലക്ചററുടെ റിമാർക്കാണതു്. അപ്പോഴേക്കും പരിഹാസം ക്ലാസുമുറിയുടെ നാലു് മൂലകളിൽനിന്നും ഉയർന്നു കഴിഞ്ഞിട്ടുണ്ടാവും.

പാവം! ആ മനുഷ്യർ തന്റെ യഥാർത്ഥചരിത്രം മനസ്സിലാക്കുന്നില്ല. സ്വയം സമാധാനിച്ചു. “ഇവർ ചെയ്യുന്നതെന്താണെന്നു് ഇവർതന്നെ അറിയുന്നില്ല. ഇവർക്കു് മാപ്പുനൽകേണമേ!” എന്ന ബൈബിളിലെ പ്രധാന വാക്യം ഓർമ്മയിൽ വരും.

ആറുമണിക്കു് പത്രമാപ്പീസിൽ രണ്ടാമത്തെ ഷിഫ്ടിൽ ഹാജരാകണം. വീട്ടിൽ എത്തിയാൽ പത്രമാപ്പീസിൽ എത്തിച്ചേരാനുള്ള ബദ്ധപ്പാടാണു്.

വീട്ടിൽനിന്നും ധൃതിപ്പിടിച്ചു് നടക്കുകയായി. വഴിക്കു് സഹപാഠികളെ കാണുമ്പോൾ ഒഴിഞ്ഞു

മാറുവാൻ ശ്രമിക്കും. ചുണ്ടത്തു് എരിയുന്ന സിഗരറ്റും വായതോരാതെയുള്ള സംസാരവുമായി പാർക്കിന്റെ സമീപത്തുകൂടി അവർ നടക്കും.

"ഭാഗ്യവാന്മാർ!"

പത്രത്തിന്റെ ഒന്നാമത്തെ പേജാണു് തനിക്കു് ചേർത്തുതീർക്കുവാനുള്ളതു്. ഏറ്റവും പ്രധാനമായ വാർത്തകൾ, പ്രധാനമന്ത്രിയുടെ പ്രസംഗങ്ങൾ, ബഹിരാകാശഗവേഷണങ്ങൾ, ദേഹവിയോഗങ്ങൾ അങ്ങനെ പലതും.

സൂക്ഷ്മമായി കംബോസിന്റെ മുമ്പിൽ ചെന്നാൽ മനസ്സിൽ നിറയെ ക്ലാസുമുറിയുടെ ചിത്രം തെളിഞ്ഞുവരും. തുറിച്ചു നോക്കുന്ന ലെക്ച്ചറർമാരും ഊറി ഊറി ചിരിക്കുന്ന സഹപാഠികളും.

"ഉം! വേഗം ഇങ്ങിനെയായാൽ പത്രം അടിക്കാൻ പറ്റുമെന്നു് തോന്നുന്നില്ല. മാനേജരുടെ അഭിപ്രായമാണതു്. സിരകളിൽ പ്രയത്നിക്കുവാനുള്ള ശക്തി കുത്തിവെക്കുകയാണു് ആ മനുഷ്യൻ. ഇവിടെ മാനേജരും ക്ലാസ്സിൽ ലെക്ചററും. പരീക്ഷയുള്ള സമയങ്ങളിൽ പ്രസ്സിൽനിന്നും നേരത്തെ തിരിച്ചു പോകാറുണ്ടു്. മാനേജർക്കു് ആ കാര്യത്തിൽ വലിയ അസംതൃപ്തിയാണു്. തന്റെ ജോലി എത്രതന്നെ നേരത്തെ തീർത്താലും മാനേജരുടെ മുഖം പ്രസന്നമാകുകയില്ല.

"തവളയെപ്പോലെ വെള്ളത്തിലും കരയിലും ജീവിക്കണ്ട. ഏതെങ്കിലും ഒന്നുമതി"

തന്നെപ്പറ്റിയുള്ള മാനേജരുടെ അഭിപ്രായമാണതു്. കൈകഴുകി മാനേജരുടെ മുമ്പിൽ അനുവാദത്തിനു വേണ്ടി നിൽക്കുമ്പോൾ മാനേജർ നയത്തിൽ പറയും "ആ പരസ്യത്തിന്റെ ബോർഡർ ഒന്നു് സെറ്റു് ചെയ്തു പോയാൽ പോരെ! താൻ ചെയ്താലെ അതു് നീറ്റാവുകയുള്ളൂ." ഒരു യന്ത്രത്തെപ്പോലെ വീണ്ടും ജോലി തുടങ്ങും. "ഉം ചോറുണ്ണാൻ വാ മോനേ!" അമ്മയുടെ നേർത്ത സ്വരം തന്നെ യഥാർത്ഥ ലോകത്തിലേക്കു് കൂട്ടിക്കൊണ്ടുവന്നു.

ഇവിടെ മാനേജരില്ല! ലെക്ചററുമില്ല. നിവർത്തിപ്പിടിച്ച പേനയും മലക്കെ തുറന്നു വെച്ച പുസ്തകവും.

* * * * *

രണ്ടുദിവസത്തേക്കു് കൂടി ആ കഥയെഴുത്തു തുടർന്നു. ഒരു വരിപോലും എഴുതുവാൻ കഴിയുന്നില്ല. അവസാനം അതു ഉപേക്ഷിച്ചു ജനറൽ എഡ്യൂക്കേഷൻ നോട്ടുപുസ്തകത്തിലെ ഒരു ചേപ്റ്ററായ "തവള" വായിക്കുവാൻ ശ്രമിച്ചു. തവള ഒരു ആംഫിബിയനാണുപോലും. ആംഫിബിയൻ!

വെള്ളത്തിലും കരയിലും ജീവിക്കുന്ന ജീവി! പ്രസ്സിലും കോളേജിലും ജീവിക്കുന്ന ഒരു മനുഷ്യനു് ഒരു സാങ്കേതിക നാമം വേണം.

* * * * *

തിങ്കളാഴ്ച പ്രസ്സിൽ ചെന്നപ്പോൾ ഹൃദയം അസ്വസ്ഥമായിരുന്നു. നാലുദിവസമാണു് മുടങ്ങിയിരിക്കുന്നതു്. അതും മുൻകൂട്ടി അനുവാദം ചോദിക്കാതെ!

ഓ! സമാധാനമായി, മാനേജരുടെ കസേര ഒഴിഞ്ഞു കിടക്കുന്നു.

ആശ്വാസസൂചകമായി ഒന്നു് നെടുവീർപ്പിട്ടു.

കംപോസിങ്ങ് സെക്ഷനിൽ കയറി ജോലി തുടങ്ങി. ഷൂസിന്റെ ശബ്ദം അടുത്തടുത്തു വരുന്നതു ശ്രദ്ധിച്ചു. ആ ഷൂസുപോലും തന്നെ ശകാരിക്കുകയാണോ എന്നു് തോന്നി. മാനേജരുടെ വരവിന്റെ മുന്നോടിയാണു് ആ ശബ്ദം.

മാനേജർ രൂക്ഷമായ് ഒന്നു് നോക്കി.

"ഉം! എന്താ ഇതു് സത്രമാണോ! തോന്നുമ്പോൾ വരാനും പോകുവാനും!"

ജോലിക്കാർ ചിരി അടക്കിപ്പിടിച്ചപ്പോൾ കാലിന്നടിയിൽ കിടന്നു തന്റെ അഭിമാനം ഞെരുങ്ങുന്നുണ്ടായിരുന്നു. "നാളെ മുതൽ ജോലിക്കു് വരണമെന്നില്ല! പകരത്തിനു് വേറെ ആളെ നിയമിച്ചു. പോകുമ്പോൾ ശമ്പളം ബാക്കിയുള്ളതു് വാങ്ങിപ്പോകണം."

"സേർ . . . ."

കൂടുതലായൊന്നും പറയാൻ കഴിഞ്ഞില്ല. കണ്ണിൽനിന്നും ബാഷ്പകണങ്ങൾ ധാരധാരയായി ഒഴുകി. തൊണ്ട വിറകൊണ്ടു. ഷൂസിന്റെ ശബ്ദം അകന്നകന്നു പോയി.

പകരംവന്ന പുതിയ ചെറുപ്പകാരനെ ഒന്നു് നോക്കി. മനസ്സിൽ തവളയുടെ രൂപം പെട്ടെന്നു് പൊന്തിവന്നു. എങ്ങും തവള മാത്രം!

"ഈ തവള വെള്ളത്തിലും കരയിലും ജീവിക്കില്ല"

ഉറച്ചു പറയണമെന്നു് തോന്നി.

റോട്ടറിപ്രസ്സിന്റെ ശബ്ദം കാതിൽ വന്നലച്ചു. ഒരു പിശാചിന്റെ അട്ടഹാസംപോലെ ആ ഭീകരശബ്ദം അനുഭവപ്പെട്ടു.

# ഹൃദയത്തിൻെറ മണിമണ്ഡപത്തിൽ

(യു. ഗംഗാധരൻ, II P. D. C.)

വണ്ണപ്പകിട്ടാൻ ഭാവനകൾ ഹൃദയഗഗനത്തിൽ അലഞ്ഞുനടന്നു! മധുരഭാവനകൾ! വർണ്ണനിരതമായ സങ്കല്പങ്ങൾ! ഉജ്ജ്വലമായ പ്രണയസാമ്രാജ്യങ്ങൾ!

ഹൃദയത്തിലെ അവളുടെ മായാത്തരൂപം! മറക്കാൻ ശ്രമിച്ചതാണ്. പക്ഷെ ....

കവിത തുളുമ്പുന്ന കണ്ണുകളും, മന്ദഹാസത്തിൽ ഉതിർന്ന ചെഞ്ചുണ്ടുകളുമായി, കിനാവിൽ സങ്കല്പ മണിവീണക്കമ്പികൾ മീട്ടുമ്പോൾ, അവൾ ഹൃദയത്തിൻെറ മണിമണ്ഡപത്തിൽ നൃത്തംവെയ്ക്കും!! ഒരു അപ്സരസ്സിനെപോലെ!

കാണാത്തരാവുകൾ, നിമിഷങ്ങൾ എല്ലാം ശൂന്യമാണ്.

സ്വരച്ചേർച്ചയില്ലാത്ത ഗായകനെപോലെ അനുരാഗം മൂകമായ ഗാനവുമായി അകലെ ഓടിനടന്നു.

കാട്ടാറിൻെറ പൊട്ടിച്ചിരിയോ, കാമിനിമാരുടെ ചിലങ്കനാദമോ മുളംകാടിൻെറ തംബുരുമീട്ടലോ ഇല്ല. ലയമില്ലാത്ത ഒഴുക്ക്.

നിശ്ശബ്ദമായ പ്രണയം!!

വസന്തങ്ങൾ പലതും പോയ്മറഞ്ഞു.

ഹൃദയത്തിൻെറ മണിമണ്ഡപത്തിൽ സ്മരണകളുടെ തിരശ്ശീല ഉയർന്നു ... നാദങ്ങൾ!! സ്വർഗ്ഗീയസംഗീതം!! കാവ്യപ്രപഞ്ചം!!

ഇനിയും ഹൃദയത്തിൽ മറച്ചുവെയ്ക്കു വയ്യ. തീരുമാനമെടുത്തു.

കോളേജ്‌വിട്ടാൽ ഏകദേശം രണ്ടുനാഴികയോളം ഞാനും അവളും ഒന്നിച്ചാണ് പോവാറ്. വാഹനങ്ങളില്ലാത്ത നിരത്ത്! മിക്ക അവസരങ്ങളിലും വിജനമായിരിക്കും ആ പാത.

അന്നും അവളെ പിൻതുടർന്നു അവൾ തനിച്ചാണ്. എന്തു ചോദിയ്ക്കും.

"ഗൗരീ ... !!" വിറയ്ക്കാതിരിയ്ക്കാൻ വിഫലമായ ഒരു ശ്രമം നടത്തി. അവൾ തിരിഞ്ഞുനിന്നു! വെറുപ്പോ, ദ്വേഷ്യമോ ആമുഖത്തിൽ കണ്ടില്ല. വിഷാദത്തിൻെറ നേരിയ അലകൾ മാത്രം!

"കണക്കുനോട്ടുബുക്കൊന്നു തരുമോ?" എങ്ങിനേയോ പറഞ്ഞുതീർത്തു.

"ബുക്കുതന്നെയാണോ വേണ്ടത്" തീരെ പ്രതീക്ഷിക്കാത്ത ഉത്തരം. ഗൗരവത്തിൻെറ അംശം അതിലുണ്ടായിരുന്നോ?

"എന്താണ് ഗൗരി അങ്ങിനെ ചോദിച്ചത്."

"ഗോപി! നിങ്ങളുടെ മുഖം എത്രസമയത്തും വിഷാദത്തിൽ മുഴുകികാണാം. ആ മുഖത്തു പുഞ്ചിരി വിരിയുകയില്ലേ?"

"അപ്പോൾ ... നീ?"

"അതെ ഞാൻ ഗോപിയെ ഇഷ്ടപ്പെടുന്നു. സ്നേഹത്തിനു ദാഹിച്ച എത്രയെത്ര ദിവസങ്ങൾ കഴിച്ചുകൂട്ടി. വേദനയുടെ കയ്പേറിയ പാനപാത്രമാണ് ചുണ്ടിൽ. ഇനിയും തുടരാൻ കൊതിക്കുന്നില്ല."

ദിവസവും, കോളേജ് ഗ്രൗണ്ടിൻെറ കോർണറിലെ പവിഴമല്ലിയുടെ ചുവട്ടിൽ സമ്മേളിക്കും. പൂത്തുലഞ്ഞ പവിഴമല്ലി. ചുറ്റും പടർന്നു ഒട്ടിപ്പിടിച്ച ശംഖുപുഷ്പവല്ലികൾ! സ്വർഗ്ഗസാമ്രാജ്യമാണത്. മൂകമായ പ്രണയലീലകൾക്കു പവിഴമല്ലിയും ഏതാനും പൂൽച്ചെടികളും മൂകസാക്ഷികളായിരുന്നു.

അവളുടെ ചലനം! സുന്ദരമാണ്. ആകർഷകമാണ്. മന്ദംമന്ദമുള്ള സ്റ്റെപ്പുകൾ. താഴെ ഓരോ പുൽക്കൊടിയേപോലും നോവിക്കാതെ കുനിഞ്ഞുള്ള ചലനം!!

"ഗൗരീ ... ഇങ്ങിനെ നടന്നാൽ വല്ല ഇലക്ട്രിക്ക് പോസ്റ്റിനോടും ചെന്നടിക്കും" വെറുതെ കളിയാക്കും.

"വല്ല വാഹനവും വന്നു മുട്ടിമരിച്ചാലും വേദനിക്കാനാളില്ലല്ലോ." പരിഭവത്തിൻെറ നാദം! കവിൾത്തടം ചുവക്കും! കണ്ണുകളിൽനിന്ന് മുത്തുമണികൾ കൊഴിയും.

ദിവസവും പവിഴമല്ലിയുടെ ചുവട്ടിൽ കാത്തിരിക്കും . . . അവൾക്കു പാട്ട് വളരെ ഇഷ്ടമാണ്. പാടിയ്ക്കും.

അഭിനന്ദനങ്ങൾ! അനുമോദനങ്ങൾ! ആശംസകൾ! കോരിച്ചൊരിയും, പൊട്ടിച്ചിരിക്കും, ആ പവിഴമല്ലിയും അതുകേട്ടു മൂകമായി ചിരിക്കാറുണ്ടാകും.

ദിവസങ്ങൾ നിമിഷങ്ങൾപോലെ പോയ് മറഞ്ഞു.

ബി. എസ്സ്. സി. എക്സാമിനേഷൻ കഴിഞ്ഞു. ഫസ്റ്റ് ഇയർ കൊല്ലപരീക്ഷ!

നീണ്ട രണ്ടുമാസത്തെ ഒഴിവും!

വിജനമായ പാതയിൽക്കൂടി പലതും പറഞ്ഞു നടന്നു. നേരം സന്ധ്യമയങ്ങി.

“ഗോപിയേട്ടാ എന്നെ മറക്കുമോ?” ഇടറിയ തൊണ്ടയിലൂടെ ഒഴുകിവന്ന ശബ്ദം.

“ഒരിക്കലും സാധ്യമല്ല. ഒരു കുടം സ്മരണകളുമായി ആജീവനാന്തം കാത്തിരിയ്ക്കും.” മറുപടി പറഞ്ഞു.

ദിവസങ്ങൾ ചിറകററ മിന്നാമിനുങ്ങുകളെപോലെ അരിച്ചുനീങ്ങി.

“ചേട്ടാ ഒരെഴുത്തുണ്ട്” മിനി വന്നു ഓർമ്മിപ്പിച്ചു. കാത്തിരുന്നതാണ്. അവളുടെ എഴുത്തായിരിയ്ക്കും.

എഴുത്തു നിവർന്നു. അതെ തന്റെ പ്രിയപ്പെട്ടവളുടെ കൈയ്യക്ഷരം തന്നെ!

പ്രിയപ്പെട്ട ഗോപിയേട്ടാ . . . .

കലാലയ ജീവിതത്തിലെ നീണ്ട മൂന്നു വർഷങ്ങളിൽ നെയ്തെടുത്ത സങ്കല്പങ്ങൾ മണ്ണടിയുന്നു. അച്ഛനമ്മമാരുടെ നിർബ്ബന്ധപ്രകാരം എനിക്കു മറെറാരു വിവാഹം കഴിയ്ക്കേണ്ടിവന്നിരിക്കുന്നു. ദയവുചെയ്തു കഴിഞ്ഞുപോയതെല്ലാം മറക്കൂ . . . . ഈ അനുജത്തിക്കു മാപ്പുതരൂ . . . ചേട്ടാ . . . !

എന്നു സ്വന്തം ഗൗരി.

ഹൃദയത്തിൽ പൂർത്തീകരിക്കപ്പെടാത്ത കുറേ അഭിലാഷങ്ങളും നീറുന്ന സ്മരണകളും നൽകി അവൾ എങ്ങോ പോയ്മറഞ്ഞു.

ആത്മാവിൽ വർഷങ്ങളോളമായി നെയ്തെടുത്ത അഭിലാഷങ്ങൾ ചിലന്തിവലപോലെ പൊട്ടിനുറുങ്ങായി.

ജീവിതം സുന്ദരമാണോ? മനസ്സു മന്ത്രിച്ചു.

വ്യർത്ഥമായ ജീവിതം! വെള്ളക്കുമിളകൾ പോലെ ക്ഷണഭംഗുരം.

വർണ്ണിക്കാൻ പദങ്ങളില്ലാത്ത സങ്കീർണ്ണമായ ഒരു അത്ഭുത പ്രതിഭാസം.

അഭിലാഷങ്ങൾ പൊതിഞ്ഞ ഭാണ്ഡവും പേറി ഭോഗത്തിന്റെ മരുപ്പച്ചതേടി ജീവിതമാകുന്ന മരുഭൂമിയിൽ താങ്ങും തണലും കിട്ടാതെ വലയുന്ന മനുഷ്യരാശികൾ!

പ്രതീക്ഷ നശിച്ച ജീവിതം! നിരർത്ഥകമായ ജീവിതം!

സദാ വേദന തിന്നുകഴിയുന്ന മാതാവ് പതിനേഴു തികഞ്ഞ സഹോദരി മിനി. വർഷങ്ങൾ മൂന്നുകഴിഞ്ഞു. സർക്കാർ വക ഒരു ജോലികിട്ടി!

ജീവിക്കാൻ ആശ അവനിൽ ഉണ്ടായി. അവർക്കുവേണ്ടി ജീവിക്കണം. നിസ്സഹായരായ ആ അബലകൾക്കു താങ്ങുതണലും താൻ മാത്രമാണ്.

“എടാ ഒരു പെണ്ണുള്ളതിനെ നീ കൊടുത്തയച്ചു. പക്ഷെ നീ മാത്രം ഇങ്ങിനെ അലക്ഷ്യമായി ജീവിക്കുന്നല്ലോ?”

“അമ്മയെന്താണീ പറയുന്നത്”

“ഒരമ്മയ്ക്കു എന്തെല്ലാം ആഗ്രഹങ്ങളുണ്ടെന്നു നിനക്കറിയാമോ? ഈ വീട്ടിൽ ഒരു പിഞ്ചുപൈതൽ പിച്ചവെച്ചു നടക്കുന്നതു കാണാൻ ഈ അമ്മ എത്ര കൊതിയ്ക്കുന്നുണ്ടെന്നു നിനക്കറിയാമോ?” തൊണ്ടയിടറും, കണ്ണുകൾ നിറയും. “അമ്മ എന്നെ വേദനിപ്പിക്കരുത്. ഞാനെത്രമാത്രം വേദനിക്കുന്നുണ്ടെന്നു എനിക്കേ അറിയൂ എനിക്കു ഒരു വിവാഹം സാദ്ധ്യമല്ല.”

“എന്റെ വിധിയാണിതെല്ലാം” കരകവിഞ്ഞൊഴുകുന്ന കണ്ണുനീർ, പാട്ടുകൾ സൃഷ്ടിച്ചിരിക്കുന്ന ആ കവിൾത്തടങ്ങൾ നിഷ്പ്രഭമാകും.

വെറും അസ്ഥിപഞ്ജരമായിരിയ്ക്കുന്ന ആ ദേഹം! നിരാശയുടെ അഗാധതയിൽ അല്പം ആശ്വാസത്തിനുവേണ്ടി ദാഹിക്കുന്ന വേഴാമ്പൽ! തലയോട്ടിലേയ്ക്കു കുഴിഞ്ഞ കണ്ണുകൾ!

ഹൃദയത്തിൽ ഭീതിയുണ്ടാക്കി!

രാജൻ നല്ലവനാണ്! വലിയ ഒരു ബിസ്സി
സ്സുമേൻ നല്ല സ്നേഹമുള്ളവൻ ഡോക്ടർ വിജ
ന്റെ താക്കീതു കണ്ണുപുടങ്ങളിൽ വന്നലച്ചു
“മിസ്റ്റർ ഗോപീ! നിങ്ങൾ ഇനിയും അവിവേ

മായി പെരുമാറിയാൽ അതു് ആപത്താണ്. നിങ്ങൾ കാരണം തീരാവ്യാധിയിൽ വീണ നിങ്ങളുടെ അമ്മയെ നിങ്ങൾക്കുമാത്രമേ രക്ഷിക്കുവാൻ കഴിയൂ . . . ഇഷ്ടംപോലെ ചെയ്യാം.''

''ഗോപിയേട്ടാ എന്നെമറക്കുമോ''?

''ഒരിക്കലും സാദ്ധ്യമല്ല ഒരു കുടം സ്മരണകളുമായി ആജീവനാന്തം കാത്തിരിക്കും''

''നീ നിന്റെ അമ്മയെ രക്ഷിക്കൂ . . . . പോയ്പോയ വസന്തത്തിന്റെ മാധുരി അയവിറക്കുന്നതിൽ അർത്ഥമില്ല! അവിവേകം!'' ആത്മാവു് മന്ത്രിച്ചു.

''അമ്മ ജീവിക്കണം''

തേങ്ങലുകൾ!! നെടുവീർപ്പുകൾ!!! പൊട്ടിച്ചിരികൾ!!

അനന്തതയിലേക്കു അലിഞ്ഞുചേരുന്നു.

ടേബിളിന്റെ ഡ്രോയറിൽ കിടന്നു ചുളിഞ്ഞ കത്തു നിവത്തുന്നു.

പ്രിയപ്പെട്ട ഗോപിയേട്ടനു്,

. . . . . . . ''ഞാൻ ഇവിടെ നല്ലൊരു ചേച്ചിയെ കണ്ടുവെച്ചിരിക്കുന്നു. ഒരിക്കൽ വിവാഹം കഴിച്ചതാണ്. പക്ഷെ . . . . ഒരാഴ്ചയേ ഭർത്താവു ജീവിച്ചുള്ളു. ഇളം കുരുന്നിലെ വിധവയായ സാധു പെൺകുട്ടി. നല്ലസ്വഭാവം. ആഭിജാത്യമുള്ള കുടുംബം. ചേട്ടൻ അടുത്തുതന്നെ വരണം . . . ''

എന്നു്,

സ്വന്തം രാജൻ.

അമ്മയും പലപ്പോഴും പറയാറുള്ളതാണ് രാജന്റെ അടുത്തു് പോകുവാൻ—തന്റെ സഹോദരീഭർത്താവു്—രാജൻ—നല്ലവനാണ്.

താൻ പോകുന്ന കാര്യം അമ്മയോടുപറഞ്ഞു. വിഷാദം ആ അമ്മയുടെ മുഖത്തുനിന്നെവിടെയോ പോയ്മറഞ്ഞു. സന്തോഷാശ്രുക്കൾ നിറഞ്ഞ നയനങ്ങൾ! കൈകൾപൊക്കി അനുഗ്രഹിച്ചു!

* * * * *

രാജനും ഞാനും മിനിയും ഒരു വലിയ കെട്ടിടത്തിന്റെ പടിയ്ക്കൽ കാറിൽ ചെന്നിറങ്ങി.

''ഗോപിയേട്ടാ ഇതാണ് ഞാൻപറഞ്ഞ ചേച്ചിയുടെ വീട്.'' രാജൻ പറഞ്ഞു. അംബരചുംബിയായ ആ മണിമാളികയുടെ മുററത്തേക്കു നടന്നു നീങ്ങി. വിശാലമായ വയൽ പച്ചപ്പട്ടണിഞ്ഞു കിടക്കുന്നു. ചുററും വയലാണ്. പ്രകൃതിസൗന്ദര്യത്താൽ അനുഗ്രഹിക്കപ്പെട്ട ഭൂമി.

തടിച്ചുവെളുത്തു, കസവുകരയുള്ള ഡബിളും, ബനിയനുമിട്ടു ഒരാൾ ഇറങ്ങിവരുന്നു. കുലുങ്ങി കുലുങ്ങി ചിരിച്ചു. രാജനും അദ്ദേഹവും പരിചയമുണ്ടു്. പെൻഷൻ പററിയിരിക്കുകയാണദ്ദേഹം. അന്യോന്യം ഉപചാരങ്ങൾ കൈമാറി.

നിമിഷങ്ങൾ പലതും കഴിഞ്ഞു. കണ്ണുകൾ എവിടേയോ അലഞ്ഞുനടക്കുന്നു. പതിനാലായിക്കാണും ഒരു പെൺകുട്ടി ലജ്ജാവതിയായി തൂണും മറഞ്ഞുനില്ക്കുന്നു. ഹൃദയത്തിന്റെ മിടിപ്പു വദ്ധിക്കുന്നു.

''ഗോപി അടുത്ത റൂമിലിരിക്കു . . . ഞാനും രാജനും ഇപ്പോൾ വരാം ഒരു ബിസിനസ്സ് സംബന്ധമായ ഒരു കാര്യമാണ് ക്ഷണത്തിൽ വരും'' അദ്ദേഹവും രാജനും നടന്നു നീങ്ങുന്നതു നോക്കി നിന്നു.

നേരം സന്ധ്യമയങ്ങി!

ട്യൂബ്‌ലൈററിന്റെ താഴെ എന്തൊ ചിന്തിച്ചിരിക്കുകയായിരുന്നു.

''ഉം കൊണ്ടുകൊടുക്കു'' ആരോടോ പുറത്തുനിന്നു നിർബ്ബന്ധിക്കുന്നു. കുപ്പിവളകളുടെ കിലുക്കം ഹൃദയം കുളിർകോരിയണിഞ്ഞു.

കുണുങ്ങിക്കുണുങ്ങി അവൾ ട്രേയിൽകാപ്പിയും പലഹാരവുമായ് വന്നു കുനിഞ്ഞുനിന്നു. അനഘനിമിഷങ്ങൾ!! ഏകാന്തത!! നിറംമങ്ങിയ കുറേ പഴയ നീറുന്ന സ്മരണകൾ!! ഹൃദയത്തിൽ താളം തെററിയ നൃത്തം തുടങ്ങി!.

''കാപ്പി'' മന്ത്രിക്കുന്നതുപോലെ പറഞ്ഞു ടേ ടേബിളിൽ വെച്ചു. ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല!! തികച്ചും അപ്രതീക്ഷിതമായ സംഭവം. ദൈവത്തിനു സ്തുതി! രാജനും.

അഭിലാഷങ്ങൾ പാഴ്മണ്ണിൽ വീണടിഞ്ഞിട്ടില്ല!.

ജീവിതം സുന്ദരമാണോ? ചോദ്യം വീണ്ടും ആവത്തിക്കപ്പെട്ടു.

''സംഭവങ്ങളുടെ സമ്മിശ്രമായ ഒരത്ഭുത പ്രതിഭാസം.''

ഹൃദയത്തിലേക്കു ഓടിവന്ന വികാരം അടക്കാൻ കഴിഞ്ഞില്ല. വെള്ളപൂശിയ ചുമരിന്റെ

ഭിത്തികൾ തിരിയുന്നപോലെ തോന്നി. രക്തത്തിന്റെ ചലനം നിലച്ചപോലെ.

"ഗൗരീ....!" ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും അനിയന്ത്രിതമായി ഊന്നുചാടി.

"ഗോപീ....!!" ഒരു കൊച്ചുകുട്ടിയെപോലെ കൈത്തലത്തിലേയ്ക്കവൾ തളർന്നു വീണു. കണ്ണീർകണങ്ങളാൽ ആ കവിൾത്തടം കഴുകപ്പെട്ടു.

നിലാവിന്റെ വെൺമയിൽ മുങ്ങിക്കുളിച്ചു നില്ക്കുന്ന പവിഴമല്ലിയും അതിൽ കെട്ടിപ്പിടിച്ചു നിൽക്കുന്ന ശംഖുപുഷ്പവല്ലിയും കുസൃതിക്കാറ്റിൽ നൃത്തം വെക്കുന്നതു് മനോമുകുരത്തിൽ വ്യക്തമായി കണ്ടു.

പെട്ടന്നു ഞെട്ടിയുണർന്നു! അവളുടെ കരിവളയണിഞ്ഞ കൈകൾ കഴുത്തിൽകൂടി ഇട്ടിരുന്നു. ചൂടുള്ള അവളുടെ ഉച്ഛ്വാസം കവിൾത്തടങ്ങളിൽ ഇക്കിളിക്കൂട്ടി!

ജീവിതം സുന്ദരമാണോ?

നിറംമങ്ങിയ സ്മരണകൾ യാഥാർത്ഥ്യങ്ങളായി ഹൃദയത്തിന്റെ മണിമണ്ഡപത്തിൽ നൃത്തം വെക്കുന്നു.

# മഷി പുരണ്ട കടലാസ്

ഹുസ്സൈൻ, കെ. I B. A. (തിക്കോടി)

അടന്നുവീണ അഭിലാഷങ്ങളുടെ സുന്ദരസുമങ്ങളേ, നിങ്ങളീ ജീവിതത്തിന്റെ മണലാരണ്യത്തിൽ കിടന്നു വാടിക്കരിയുക. വേദനയുടെ കുരുവിക്കുഞ്ഞുങ്ങളേ, നിങ്ങളല്പനേരം ചിറകടിക്കാതിരിക്കുക. ഓർമ്മകളുടെ മിന്നാമിനുങ്ങുകളേ, നിങ്ങൾ വിസ്മൃതിയുടെ തമസ്സിലേക്കു് പറന്നകലുക.

ദുഃഖത്തിന്റെ നീർച്ചാലുകളിലൂടെ ഒലിച്ചുവരുന്ന ചിന്തയുടെ കരിയിലകൾ മനസ്സിന്റെ തീരത്തു് കുമിഞ്ഞുകൂടുന്നു. വായിക്കാൻ തുറന്നുവെച്ച കെമിസ്ട്രി പുസ്തകത്തിലെ അക്ഷരങ്ങൾ ഇലക്ട്രിക് ലൈററിന്റെ ശോഭയേറിയ പ്രകാശത്തിൽ തെളിഞ്ഞു കാണുന്നുണ്ടെങ്കിലും കണ്ണുകളിൽ ഇരുട്ടാണു്. വായിക്കാൻ വളരെയധികമുണ്ടു്. നശിച്ച ചിന്തയുടെ ചുഴിയിൽപ്പെട്ടു് നട്ടം തിരിയുന്ന ബുദ്ധിയിൽ ആശയങ്ങളൊന്നും ഉറച്ചുനില്ക്കുന്നില്ല. കെമിസ്ട്രി പഠിക്കാൻ പ്രത്യേകമായുണ്ടായിരുന്ന അഭിരുചി എങ്ങോ ഓടിമറഞ്ഞപോലെ.

കട്ടിയുള്ള പുസ്തകത്തിന്റെ മിനുസമുള്ള പേജുകൾ ഓരോന്നായി മറിയുന്നു.

പഠിക്കണം! ജയിക്കണം; പക്ഷെ, മനസ്സിൽ ചിന്തയുടെ പ്രവാഹമാണു്. മുന്നിൽ കാണുന്ന അക്ഷരങ്ങളിലും ചിത്രങ്ങളിലും പലവിധത്തിലുള്ള മുഖങ്ങളും രൂപങ്ങളും തെളിഞ്ഞുവരുന്നു.

അറേറാമിക് സ്ട്രെക്ച്ചറിന്റെ ഘടനയെ വിവരിക്കുന്ന അദ്ധ്യായം അതാ മറിഞ്ഞുവീഴുന്നു. ഇലക്ട്രോൺസും ന്യൂട്രോൺസും ന്യൂക്ലിയസിനു് ചുററുമായി വൃത്തത്തിൽ കറങ്ങുന്ന ചിത്രം അല്പവും ഭംഗിയില്ലാത്തതാണു്.

അല്ലെങ്കിൽ ഭംഗിയുള്ളതിനെ മാത്രം സ്നേഹിച്ചാൽ മതിയോ?

ഹൊ . . . ഭംഗി നശിച്ചാൽ സകലവും ശപിക്കപ്പെടും! അനുഭവിച്ചറിഞ്ഞ ഒരു നിയമമാണതു്. അല്ലെ?

ശോകനിർഭരങ്ങളായ യാഥാർത്ഥ്യങ്ങൾക്കു് മുമ്പിൽ മിഥ്യാ സങ്കല്പം മാത്രമായി മാറിയ സൗന്ദര്യം.

ഭംഗിയില്ലാത്ത, അർത്ഥമുള്ള അറേറാമിക് സ്ട്രെക്ച്ചറിന്റെ ചിത്രത്തിൽ തെളിഞ്ഞുവരുന്ന രൂപം ആരുടേതാണു്?

ഓർക്കരുതു്. സുന്ദരമായി ബൈൻറ് ചെയ്ത ഉഗ്രൻ പുസ്തകങ്ങൾ വായിച്ചുതീർക്കണം. ഭാവിയുടെ ഭാഗധേയം കുറിക്കുന്ന പരീക്ഷണത്തിന്റെ ദിവസങ്ങളാണടുത്തു വരുന്നതു്. സുരഭിലങ്ങളായ ആശകളുയർത്തി കാത്തിരിക്കുന്ന ഹൃദയങ്ങളുണ്ടു്.

പക്ഷെ, തിക്കിത്തികട്ടി വരുന്ന ഓർമ്മകളുടെ കടിഞ്ഞാണിടാൻ കഴിയാതെ മനസ്സു് പരാജയപ്പെടുന്നു.

ഒരു കൊച്ചുമുഖമാണു് മുമ്പിൽ തെളിഞ്ഞുകാണുന്നതു്. വിജയ—! സൗന്ദര്യത്തിന്റെ അമോഘമായ പ്രതീകമാണവളുടെ വദനം.

പക്ഷെ, ഇന്നോ . . . . ?

എന്തിനു് ആ സുന്ദരമുഖവുമായി പരിചയപ്പെട്ടു. ആരും അനുവദിക്കാത്ത, ആരാലും അംഗീകാരം കിട്ടാത്ത ഒരു പരിചയവുമായിരുന്നില്ലെ അതു്?

അവളെ ക്ലാസിൽ എല്ലാവർക്കും വെറുപ്പായിരുന്നു. ആരോടും സംസാരിക്കാത്ത, ആരേയും ഗൗനിക്കാത്ത അവളുടെ പ്രകൃതം സഹപാഠികളിൽ എതിർപ്പുണ്ടാക്കി.

മൂകയായി, ക്ലാസിൽ അദ്ധ്യാപകർ പറയുന്ന കാര്യങ്ങളിൽമാത്രം ശ്രദ്ധാലുവായി ഇരിക്കുന്ന വിജയയുടെ മുഖം കണ്ടാൽ നിർമ്മലമായ ഒരാനന്ദമായിരുന്നു.

പക്ഷെ, 'മൂകകാമുകൻ' എന്ന പേരു് ലഭ്യമായതു് എങ്ങനെയായിരുന്നു? കോളേജ് വരാന്തയിൽവെച്ചു് കൂട്ടുകാർ 'സൈലൻറു് വില്ലൻ' എന്നു വിളിച്ചവഹേളിച്ചപ്പോൾ പെട്ടെന്നു

ണ്ടായ കോപംകാരണം സ്വന്തം—ക്ലാസ്മേററിനെ തല്ലേണ്ടിവന്നതു് എന്തിനായിരുന്നു?

കൊള്ളരുതാത്തതായി ഒന്നും ചെയ്തില്ല. പക്ഷെ ചെയ്തതു് കൊള്ളരുതാത്തതായി രൂപംകൊണ്ടതാണു്.

അവളെ കമൻറടിക്കുന്ന കൂട്ടുകാരോടു് ആദ്യമൊക്കെ യോജിപ്പായിരുന്നു. ആരോടും മിണ്ടാത്ത, ചിരിയും കളിയുമില്ലാത്ത അവളെ കാണുമ്പോൾ അസൂയതോന്നി.

അവൾക്കൊന്നു് ചിരിച്ചാലെന്തു്? നോക്കിയാലെന്തു്? കോളേജിൽ കുറെയൊക്കെ സോഷ്യലായി പെരുമാറേണ്ടതു് ഒരാവശ്യമല്ലേ? അതവളെ പഠിപ്പിക്കാൻ വേണ്ടി അങ്ങിനെയൊക്കെ ചെയ്തു.

അവൾ ക്ലാസിൽ കയറിവരുമ്പോൾ പലവിധത്തിലുള്ള പ്രസ്താവനകളും വർണ്ണനകളുമാണു്.

“ട്രോയിലെ ഹെലനെന്നാ വിചാരം” തുടങ്ങിവെക്കാൻ പലപ്പോഴും ഉത്സാഹം പ്രകടിപ്പിക്കാറുണ്ടു്.

“ചിന്താവിഷ്ടയായ സീതയുടെ ഭാവമാ”

“മിണ്ടാപ്പൂച്ച”

“മ്യാവൂ.... മ്യാവൂ....” ഏററവും പിന്നിലെ ബെഞ്ചിൽനിന്നാണതു്.

എല്ലാം കേട്ടുകൊണ്ടവൾ മൂകയായിരിക്കും. കൂട്ടുകാരികൾ അവളെനോക്കി ചിരിക്കും—!

അവൾക്കപ്പോഴുണ്ടാകുന്ന വേദനയെക്കുറിച്ചു് അല്പവും ചിന്തിച്ചിരുന്നില്ല. ആ പരിപാടിയിൽ പങ്കുകൊള്ളാൻ ആദ്യമൊക്കെ ഒരു രസമായിരുന്നു. പക്ഷെ, അവളുടെ വേദന തെല്ലൊന്നു് മണത്തറിയാൻ കഴിഞ്ഞ ആ ദിവസംമുതൽ പുതിയ സമീപനമായിരുന്നു. ഓക്കാൻ എന്നും പുതുമയുള്ള രംഗമാണതു്.

—കോളേജ് വിട്ടു് പുസ്തകമെടുക്കാൻവേണ്ടി ലൈബ്രറിയിലേക്കു് പോകുമ്പോൾ പെട്ടെന്നൊരു വിളികേട്ടു.

“ശശീ....”

തിരിഞ്ഞുനോക്കിയപ്പോൾ ആശ്ചര്യപ്പെട്ടു. വിജയ ലേഡീസ് റീഡിങ്ങ്റൂമിൽനിന്നു് ഇറങ്ങിവരുന്നു.

“നിൽക്കൂ....”

നിൽക്കാൻ ആവശ്യപ്പെടുന്നതിനു് മുമ്പു് നിന്നിരുന്നു. പെൺകുട്ടികളെ തനിച്ചുകാണുമ്പോൾ നാവു് വരളുന്നതു് സാധാരണയാണു്. വിളിക്കുകകൂടി ചെയ്തപ്പോൾ ഏറെയും വരണ്ടുപോയി. അതും പ്രതിയോഗിയുടെ വിളിയാണു്.

അവളടുത്തെത്തിയപ്പോൾ മുഖംതാഴ്ത്തി ഗൗരവമഭിനയിച്ചു് ചോദിച്ചു. “എന്താ വിളിച്ചതു്....?”

“ശശീ.... ഞാനാരേയും യാതൊന്നും ചെയ്തിട്ടില്ല. വല്ലതെററും ആരോടെങ്കിലും ഞാൻ ചെയ്തതായി ശശിക്കറിയാമോ...?”

“സോറി.... എനിക്കു് മനസ്സിലാവുന്നില്ല....”

ഞാൻ പറയുന്നതു് നിങ്ങളുടെ ബോറടിയെപ്പററിയാണു്.

“തെററൊന്നും ചെയ്യാതെ എന്നെ എപ്പോഴും ഇൻസൾട്ടു് ചെയ്യുന്നതു്....”

“ഞാൻ... ഞാനൊന്നും ചെയ്തില്ലല്ലോ..”

“ശശീ ചെയ്തുവെന്നല്ല ഞാൻ പറയുന്നതു്. ക്ലാസിലെ റിപ്രസെൻറററീവെന്ന നിലയിൽ ശശിയോടു് പറയുകയാണു്. എനിക്കൊന്നുമില്ല. ഞാനാരോടും കംപ്ലേൻറു് ചെയ്യുന്നുമില്ല. പക്ഷെ....”

പെട്ടെന്നു് ഹിസ്റ്ററി ഡിപ്പാട്ടു്മെൻറിൽ നിന്നിറങ്ങിവരുന്ന പ്രൊഫസറെ കണ്ടപ്പോൾ ആ സംഭാഷണം നിത്തേണ്ടിവന്നു. അവൾ നടന്നകന്നു. വെയിലേററ മഞ്ഞുമലപോലെ നിന്നുപോയി—

എന്താണു് സംഭവിച്ചതു്? എല്ലാം ഓത്തു. കഴിഞ്ഞുപോയ സംഭവങ്ങളെ ഒന്നു വിലയിരുത്തി.

ഉറച്ച തീരുമാനമെടുത്തു. റിപ്രസെൻറററീവെന്ന പരിമിതമായ അധികാരം കയ്യിലെടുത്തുകൊണ്ടു് ആ ആഭാസം നിത്താൻ ഒരുമ്പെട്ടു. പക്ഷെ ഒരുകൂട്ടം സുഹൃത്തുക്കളെ ശത്രുക്കളാക്കിമാററലായിരുന്നു ആ പരിപാടിയുടെ തിക്തഫലം.

പെട്ടെന്നുണ്ടായ ആ മമതയിൽ കൂട്ടുകാർ പല തെററായ ധാരണകൾക്കും രൂപം കൊടുത്തു. എങ്കിലും ഒരു ശുദ്ധഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന ആ ബോറടി ഇല്ലാതാക്കാൻ പരിഹാസങ്ങളും ഉപദ്രവങ്ങളും സഹിച്ചു.

പക്ഷെ, ആ പരിഹാസങ്ങളും ഉപദ്രവങ്ങളും കാറേററ കരിയില കണക്കെ അപ്രത്യക്ഷമായതു് എത്രപെട്ടെന്നാണു്.

എല്ലാവരും ഞെട്ടിത്തെറിച്ചു! ഓർക്കാൻ കഴിയാത്ത ആ സംഭവം മനസ്സിലിന്നും പച്ചപിടിച്ചു നിൽക്കുന്നു.

കെമിസ്ട്രി ശത്രുവായിത്തീരുന്നു. ഒരു പെൺകുട്ടിയെ തീരാദുഃഖത്തിലാഴ്ത്തിയ അസുരൻ.

ആററം! പദാർത്ഥത്തിൻെറ പരമാണുവാണത്. പക്ഷെ, അതിൻെറ കരൾ പിളർന്നുണ്ടാകുന്ന ശക്തിയിൽ ബ്രഹ്മാണ്ഡങ്ങൾ ഒരു പിടിവെണ്ണീറായി പരണമിക്കും! ശാസ്ത്രത്തിൻെറ അലംഘനീയമായ വളർച്ച!!

അതിവിടെ സംഭവിച്ചിട്ടില്ല. എങ്കിലും അതിൻെറ ഒരു ബ്ലൂപ്രിൻറാണ് സംഭവിച്ചത്. ഒരു പാവപ്പെട്ട പെൺകുട്ടിയുടെ സുരഭിലസുന്ദരങ്ങളായ അഭിലാഷങ്ങളും പ്രതീക്ഷകളും സയൻസിൻെറ ജ്വാലയിലകപ്പെട്ട് എരിഞ്ഞടങ്ങുന്നു—

'കെമിസ്ട്രിലാബി'ൽ കടന്നു ഉത്സാഹത്തോടെ പ്രാക്ടിക്കൽ ചെയ്യുന്ന വിജയയുടെ ചിത്രം മനസ്സിൻെറ ക്യാൻവാസിൽ തെളിയുന്നു. ആസിഡുനിറച്ച് ലേബിളൊട്ടിച്ച കുപ്പികളും കഴുകിവൃത്തിയാക്കിയ ഉപകരണങ്ങളും നിരത്തിവെച്ച 'പ്രാക്ടിക്കൽ ടേബിളി'ന് മുമ്പിൽ നില്ക്കുന്ന അവളുടെ മുഖത്ത് കണ്ടുപിടിക്കാനുള്ള ഉത്സാഹവും കണ്ടെത്താനുള്ള ആഗ്രഹവും അലതല്ലിയിരുന്നു. പകലിൻെറ നരച്ചവെളിച്ചത്തിൽ കത്തിച്ചുവെച്ച 'ബുൺസൺബർണറി'ൻെറ നീലപ്രകാശം തട്ടിയപ്പോൾ ആ വദനം സൂര്യകാന്തിപ്പൂപോലെ ശോഭിച്ചിരുന്നു. മോഹനമായ ആ കണ്ണുകൾ നീലത്തടാകംപോലെ സുന്ദരമായിരുന്നു.

സൾഫ്യൂറിക്കാസിഡെടുത്ത് ടെസ്റ്റ്യൂബിൽ മെല്ലെ ഒഴിക്കുമ്പോൾ അവളെ പലപ്പോഴും നോക്കിപ്പോകാറുണ്ട്. തൊലികരിഞ്ഞ കൈപ്പത്തിയും ദ്വാരങ്ങൾവീണ പുതിയ ടെർലിൻ ഷർട്ടും ആ വഴിതെററിയ നോട്ടത്തിൻെറ മാപ്പുസാക്ഷികളാണ്.

എല്ലാവരും ഏകാഗ്രതയോടെ സിമ്പിൾസാൾട്ടുമായി മല്ലിടുമ്പോൾ പെട്ടെന്നാണാ പൊട്ടിത്തെറി കേട്ടത്. നിമിഷങ്ങൾ കൊണ്ട് എല്ലാവരും ഹാളിൻെറ വടക്കെ മൂലയിൽ ഓടിയെത്തി.

ഒരിക്കലെ കണ്ടുള്ളു ഞെട്ടിപ്പോയി. സുന്ദരമായ വിജയയുടെ മുഖം! ഹൊ.... അതോർക്കാൻ വയ്യ.

അസഹ്യമായ വേദനയോടെ അവളുടെ പതിഞ്ഞ രോദനം പുറത്തുവന്നു. ആസ്പത്രിയിലെത്തിച്ചപ്പോൾ ആശ്വാസം തോന്നി. പക്ഷെ, മണിക്കൂറുകൾക്ക് ശേഷം മുഴുവനായി ബാൻറേജ് ചെയ്ത വിജയയുടെ മുഖം കണ്ടപ്പോൾ എന്തെന്നില്ലാത്ത വേദനയാണ് അനുഭവപ്പെട്ടത്.

ഡോക്ടർ പുറത്തുവന്നപ്പോൾ എല്ലാവരും ഓടിക്കൂടി.

"കുറെ സീരിയസ്സാണ്. വലത്തെ കണ്ണിൻെറ കാര്യം ഹോപ്‌ലസ്സാണ്. മുഖത്തിൻെറ ഒരു ഭാഗം വല്ലാതെ കരിഞ്ഞിട്ടുണ്ട്"

നെടുവീർപ്പുകളെ ഉയർന്നുള്ളു. ആത്മാവിൽ തേങ്ങലുകളുടെ മൂകസംഗീതവും!

ഒരാഴ്ചകഴിഞ്ഞ ശേഷമാണ് ആ മുഖം വീണ്ടും കണ്ടത്. കണ്ണുകളെ വിശ്വസിക്കാൻ വിഷമിക്കേണ്ടിവന്നു. വലത്തെകണ്ണ് മൂടപ്പെട്ടിരിക്കുന്നു. പുരികങ്ങളുടെ സ്ഥാനത്ത് വ്രണങ്ങളാണ്. കവിളുകൾ കരിഞ്ഞു ചുളിഞ്ഞിരിക്കുന്നു. വികൃതമായ മുഖം!

"ശശീ...." വിളികേട്ടെങ്കിലും നിശ്ശബ്ദനായി നിൽക്കാനെ കഴിഞ്ഞുള്ളു.

"ശശി എൻെറ വിദ്യാഭ്യാസജീവിതം അവസാനിച്ചു. എല്ലാം ക്ഷമിക്കുക" നെടുവീർപ്പിട്ടുകൊണ്ട് വിജയ തുടർന്നു. "എൻെറ കരിഞ്ഞ മുഖവും കണ്ണും പഴയരൂപം പ്രാപിക്കാൻ വിഷമമാണെന്ന് ഡോക്ടർ പറഞ്ഞു. ചവററുകൊട്ടയിലെ മഷിപുരണ്ട കടലാസാണ് ശശീ ഞാനിനി...."

"ങ്ഹൂ...."

"ഓർക്കണേ...."

അത് ശരിയായിരുന്നു. ശാശ്വതമായ ഒരു പുഴുക്കുത്താണവൾക്കേററത്. വേദനയുടെ അക്ഷയപാത്രമായിരുന്ന ആ മുഖം വിടരാനും കായ്ക്കാനും കൊതിച്ചിരുന്ന ഒരു കൊച്ചുപൂവ് പുഴുക്കുത്തിവീണു. അഭിലാഷങ്ങളും വിശ്വാസങ്ങളും തകർന്ന അവളെ പിന്നീട് കോളേജിൽ കണ്ടില്ല. ചവററുകൊട്ടയിലെ ഇരുപുറവും മഷിപുരണ്ട കടലാസായിത്തീർന്ന അവൾ! എഴുതാനും വായിക്കാനും കൊള്ളാത്ത കടലാസ്.

നിയതിയുടെ നിശ്ശബ്ദമായ നിഗമനം!

നിവർത്തിവെച്ച പുസ്തകത്തിൻെറ താളുകൾ മഷിപുരണ്ടതല്ല. എങ്കിലും വായിക്കാൻ കഴിയുന്നില്ല. അതിലെ അക്ഷരങ്ങളും വാക്കുകളും മുഖത്തിൻെറ കരിമഷിക്കോലങ്ങളായി തെളിഞ്ഞുവരുന്നു—

ഉറങ്ങണം. വിസ്മൃതിയുടെ നിത്യമോഹനമായ തീരമാണത്. അഭയകേന്ദ്രം! പുസ്തകമടച്ചുവെച്ച് ലൈററ് ഓഫ് ചെയ്തപ്പോൾ കണ്ണുകളിൽ കട്ടപിടിച്ച ഇരുട്ടിൻെറ പടലങ്ങൾ ഊർന്നിറങ്ങി.

# മായാപ്രപഞ്ചം

ഗുൽമുഹമ്മദ് B-Com II (പടന്ന)

രാത്രി വളരെ താമസിച്ചാണ് ഞാൻ വീട്ടിലേക്ക് മടങ്ങിയത്. ചന്ദ്രനിലും അതുപോലുള്ള ഗ്രഹങ്ങളിലും മനുഷ്യന് അധിവസിക്കാൻ സാധിക്കുമോ ഇല്ലയോ എന്നതായിരുന്നു അന്നത്തെ ഞങ്ങളുടെ വാഗ്വാദവിഷയം. സാധിക്കുമെന്ന് ഞാനും ഇല്ലെന്നു എന്റെ സുഹൃത്തുക്കളും വാദിച്ചു. വാഗ്വാദം അവസാനിക്കുമ്പോൾ ഏകദേശം ഒരു മണി കഴിഞ്ഞിരിക്കണം. അതുകൊണ്ട് ഉറക്കപ്പിച്ചയോട് കൂടിയാണ് വീട്ടിലേക്കു മടങ്ങിയത്. വീട്ടിൽ എത്തിയ ഉടനെ ഉറക്കിനെ ശരണം പ്രാപിച്ചു.

രാവിലെ എന്തോ ഒരു ഭയങ്കര ശബ്ദം കേട്ടാണന്ന് ഞാനുണർന്നത്. കിടന്ന കിടപ്പിൽനിന്ന് തന്നെ ചുറ്റുപാടും ഒന്നു നോക്കി. സാധാരണയിൽനിന്നും വിഭിന്നമായി എനിക്ക് എന്തോ ഒന്നനുഭവപ്പെട്ടു. ബെഡിൽ നിന്നെഴുന്നേററ് ജനൽ തുറന്ന് പുറത്തേക്കു നോക്കി. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. എല്ലാം മായാപ്രപഞ്ചം! വീട്ടിന് തൊട്ടടുത്തുള്ള കാലിത്തൊഴുത്തിന്റെ സ്ഥാനത്ത് അംബരചുംബിയായ ഒരു കെട്ടിടം സ്ഥിതിചെയ്യുന്നു. കണ്ണെത്തുന്ന ദൂരത്തോളം കൂററൻ ഫാക്ടറികളും ബംഗ്ലാവുകളും സ്ഥിതിചെയ്യുന്നു. ഒരു രാത്രികൊണ്ട് ഇത്രയും മാററങ്ങൾ സംഭവിച്ചുകണ്ടതിൽ എനിക്കാശ്ചര്യം തോന്നി. ഞാനെന്റെ ഷർട്ടെടുത്തു ധരിച്ച് പുറത്തേക്ക് കുതിച്ചു. പല അത്ഭുത മായകളെല്ലാം കണ്ട് കൊണ്ട് കുറച്ച് മുമ്പോട്ട് ചെന്നപ്പോൾ ഒരു സ്ത്രീ തെങ്ങിൽനിന്നും ഇറങ്ങിവരുന്നതായിട്ടാണ് കണ്ടത്. അവളുടെ ദേഹത്തിൽ യാതൊരു വസ്ത്രവുമില്ല. പരിപൂർണ്ണമായും നഗ്ന! ഈ കാഴ്ചകണ്ട് ഞാൻ ഉച്ചത്തിൽ ചിരിച്ചുപോയി. ഞാൻ ചിരിച്ചത് അവൾ കേട്ടിരിക്കണം. അവളെനിക്കഭിമുഖമായി വന്നു. എനിക്കവളെ ഏറെ നേരം നോക്കി നില്ക്കാൻ സാധിച്ചില്ല. ഞാനെന്റെ മുഖം തിരിച്ചുപിടിച്ചു. അവൾ എന്റെ തോളിൽ തട്ടി എനിക്കഭിമുഖമായി നിന്നു. ഒരത്ഭുത വസ്തുവെ പോലെ എന്നെ ഏറെനേരം സൂക്ഷിച്ചു നോക്കി. പെട്ടന്നവൾ ഉച്ചത്തിൽ ചിരിച്ചു തുടങ്ങി. എനിക്കവളുടെ മുഖത്തു നോക്കാൻതന്നെ അറപ്പ് തോന്നി. ഒരു വൃത്തികെട്ട ജന്തു.

എന്റെ മുണ്ടും ഷർട്ടും മാറിമാറി നോക്കിക്കൊണ്ടവൾ ചോദിച്ചു "നിങ്ങൾ ഏത് നൂററാണ്ടിൽ ജീവിച്ച മനുഷ്യനാണ്, ഇരുപതാം നൂററാണ്ടിലോ അതല്ല 21-ാം നൂററാണ്ടിലോ?; അതല്ല ചൊവ്വയിൽ നിന്നോ ശുക്രനിൽനിന്നോ ഇവിടെ എത്തിയതാണോ?"

അവളുടെ സംശയങ്ങളുടെ പോക്ക് കണ്ട് എനിക്ക് കോപം വന്നു. അപ്പോൾ മുഖത്ത് ഒന്ന് വെച്ചുകൊടുക്കാനാണ് എനിക്ക് തോന്നിയത്.

അവൾ പറഞ്ഞു; നിങ്ങളെന്തിനാണ് ഞാൻ തെങ്ങിൽനിന്നും ഇറങ്ങിവരുമ്പോൾ ചിരിച്ചിരുന്നത്? ഇവിടെ എല്ലാ ജോലിയും സ്ത്രീകളാണ് ചെയ്യുക. പുരുഷന്മാരുടെ സംഖ്യ നാമമാത്രമാണ്." അവൾക്കെന്നെ വിടേണ്ടുന്ന ഭാവമില്ല. അവളെന്നെ അവളുടെ വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ട് തുടർന്നു, "എനിക്ക് ധാരാളം നിങ്ങൾ ജീവിച്ച ലോകത്തെക്കുറിച്ച് അറിയേണ്ടതുണ്ട്. അതുപോലെ ഈ ലോകത്തെക്കുറിച്ച് നിങ്ങൾക്കും കുറേയേറെ മനസ്സിലാക്കാൻ സാധിക്കും."

ഞങ്ങൾ കുറച്ചുകൂടി മുമ്പോട്ട് ചെന്നപ്പോൾ നഗ്നകളായ ഒരു പററം സ്ത്രീകൾ ഞങ്ങൾക്കഭിമുഖമായി വന്നു. അവർ എന്നെ കണ്ടപ്പോൾ ഓടിവന്ന് ചുററും കൂടിനിന്ന് കാഴ്ചബംഗ്ലാവിൽ ഇട്ടടച്ച ഒരാൾ കുരങ്ങനെ നോക്കി രസിക്കുന്നത് പോലെ എന്നെ നോക്കി നില്ക്കാൻ തുടങ്ങി. പുരുഷവംശത്തെ ഈ നിലയിൽ ചെന്നെത്തിച്ച ദൈ

വത്തിനോട് എനിക്ക് അരിശം തോന്നി. എന്റെ ആതിഥേയ അവരുടെ ചെകിട്ടിൽ എന്തോ മന്ത്രിക്കുന്നതു കണ്ടു. അവരെ വിട്ട് ഞങ്ങൾ കുറേ മുമ്പോട്ട് ചെന്നു. അവളെന്നെ ഒരു ഗ്ലാസ്സ് ഹൗസിലേക്ക് ആനയിച്ചു. അതവളുടെ വീടാണെന്ന് ഞാനൂഹിച്ചു. എന്നെ വരാന്തയിൽ ഇരുത്തിയിട്ട് അവൾ അകത്തേക്ക് ചെന്നു.

അല്പനിമിഷത്തിനുള്ളിൽ എന്റെ മുമ്പിൽ രണ്ട് ഒഴിഞ്ഞ ഗ്ലാസ്സുകൾ കൊണ്ടുവെച്ചിട്ട് എന്റെ ആതിഥേയ ക്ഷണിച്ചു. "നന്നെ ക്ഷീണിച്ചിട്ടുണ്ടല്ലോ, ഇതെടുത്തു കഴിച്ചോളൂ". ഞാൻ ഗ്ലാസ്സുകളിലേക്ക് നോക്കി. അതിൽനിന്ന് എന്തോ ഒരു വാതകം ബഹിർഗ്ഗമിക്കുന്നുണ്ടായിരുന്നു. എനിക്കൊന്നും മനസ്സിലായില്ല.

ഞാനവരോടു പറഞ്ഞു, "ഗ്ലാസ്സുകളിൽ ചായയോ കാപ്പിയോ ഒന്നുംതന്നെ കാണാനില്ലല്ലോ. പിന്നെ എന്താണ് കഴിക്കേണ്ടത്."

എന്റെ ചോദ്യം കേട്ട് അവർ പൊട്ടിച്ചിരിച്ചു. "ഇരുപതാം നൂററാണ്ടിൽ ജീവിച്ച മനുഷ്യർ ധാന്യങ്ങൾ വിളവെടുത്ത് ഭക്ഷണമാക്കി ഉപയോഗിച്ചിരുന്നുവെന്ന് ഞാൻ ചരിത്രത്തിൽ പഠിച്ചിരുന്നു. പക്ഷെ ഇന്നതില്ല. ഇപ്പോൾ പണ്ടുള്ളവർ ചെയ്തിരുന്നതുപോലെ ധാന്യങ്ങൾ കൃഷി ചെയ്തു സമയം പാഴാക്കാറില്ല. ഈ ഗ്ലാസ്സിലുള്ളത് ഹൈഡ്രജൻ, ഓക്സിജൻ അത്പോലുള്ള ചില എലമെൻറുകളുടെ ഒരു മിക്സ്ചറാണ്. ധാന്യഭക്ഷണങ്ങളുടെ സ്ഥാനത്ത് ഇന്ന് ഇതുപയോഗിക്കുന്നു.

"ശരി" ഞാൻ പറഞ്ഞു. "ഉറങ്ങിയെഴുന്നേററതിൽപ്പിന്നെ ഞാൻ പല്ല് തേച്ചിട്ടില്ല. കുറച്ച് ഉമിക്കരി കൊണ്ടുതരൂ."

അവർ ഇതുകേട്ട് പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു. "പണ്ടുള്ളവർ പല്ല് തേക്കാൻ ഉമിക്കരി എന്ന് പറയുന്നൊരു സാധനം ഉപയോഗിച്ചിരുന്നുവെന്ന് എന്റെ മുത്തശ്ശി പറഞ്ഞുകേട്ടിട്ടുണ്ട്. ഈ ലോകത്ത് അത്തരം സാധനങ്ങളുടെ കണികപോലും കാണുകയില്ല. അതേപോലെ പുരാതന മനുഷ്യർ നഗ്നത മറക്കാൻ വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നുവെന്ന് ഞാൻ പ്രൈമറിക്ലാസ്സുകളിൽനിന്നും പഠിച്ചിരുന്നു. ഇരുപതാം നൂററാണ്ടിൽ ജീവിച്ച മനുഷ്യർ ഉപയോഗിച്ചിരുന്നുവെന്ന് പറയുന്ന ഒരു പാൻറും, കോട്ടും ഇവിടെ മ്യൂസിയത്തിൽ ഉണ്ട്. അത്തരത്തിലുള്ള കാട്ടാളവേഷമൊന്നും ഇന്നത്തെ മനുഷ്യർ കെട്ടാറില്ല."

വസ്ത്രങ്ങൾ ധരിക്കുന്നത് കാട്ടാളവേഷമോ! എനിക്കിത്കേട്ട് തലചുററൽ തോന്നി.

"ഞാൻ നാളെ കാലത്ത് ചൊവ്വയിലേക്ക് പുറപ്പെടുകയാണ്." അവർ തുടർന്നു, "രണ്ടു മണിക്കൂർകൊണ്ട് അവിടെ എത്തും. ഒരുപക്ഷെ എന്റെ യാത്ര അവിടെനിന്ന് ശുക്രനിലേക്കും നീട്ടിയെന്ന് വരാം. ശുക്രനിൽ എന്റെ മൂത്തമ്മയുടെ മകൻ ഉപരിപഠനത്തിന് പോയിരിക്കുകയാണ്."

അല്പനിമിഷത്തെ മൗനത്തിന്ശേഷം എന്റെ ആതിഥേയ തുടർന്നു. "ഇവിടെയുള്ള ജനസംഖ്യയിൽ 80% വും സ്ത്രീകളാണ്. പുരുഷന്മാർ നാമമാത്രമാണ്. എല്ലാ ഭരണവും സ്ത്രീകളുടെ അധീനത്തിലാണ്. ഒരു പെൺകുട്ടി ജനിക്കുമ്പോൾ അവളുടെ പേർ ഇൻഫർമേഷൻ ബ്യൂറോവിൽ റജിസ്ട്ര്ചെയ്യുന്നു. അല്ലെങ്കിലവൾക്കൊരു ഭർത്താവിനെ കിട്ടുക എന്നത് വിഷമമുള്ള കാര്യമാണ്. ഓരോ ആറ് മാസത്തിലും റജിസ്ട്ര് പുതുക്കിക്കൊണ്ടിരിക്കണം. എന്നാൽ തന്നെ 45 വയസ്സിനകം അവൾക്കൊരു ഭർത്താവിനെ കിട്ടിയെന്ന് വരാം. അവൾക്ക് സ്വന്തമായി ഒരു ഭർത്താവല്ല, ഏഴോ എട്ടോ പേർക്ക്കൂടി ഗവണ്മെൻറ് ഒരു ഭർത്താവിനെ അലോട്ട്ചെയ്യും."

പെട്ടെന്നവർ എന്നെ ജനലരികിലേക്ക് വിളിച്ചിട്ട് പറഞ്ഞു: "നോക്കൂ, അതാ ഒരു പുരുഷൻ പോകുന്നു."

എന്ത്, അതൊരു പുരുഷനോ? ഞാൻ കണ്ണ് തിരുമ്മി വീണ്ടും നോക്കി. തലയിൽ രോമമില്ലാത്ത നഗ്നനായ ഒരു മനുഷ്യനെ നഗ്നയായ കുറേ സ്ത്രീകൾ വട്ടമിട്ട് കമൻറടിക്കുന്നു. അവരിൽനിന്നും രക്ഷപ്പെടാൻ പുരുഷനെന്ന് പറയുന്ന ജീവി കിണഞ്ഞ് പരിശ്രമിക്കുന്നു!

"ഇരുപതാം നൂററാണ്ടിൽ ജീവിച്ച പ്രാകൃത മനുഷ്യരെപ്പററി ഞാൻ കോളേജ് ക്ലാസ്സുകളിൽ പഠിച്ചിരുന്നു. അന്ന് ഭൂമിയിൽ മാത്രമാണ് മനുഷ്യവംശം ഉണ്ടായിരുന്നത്. അവിടെത്തന്നെ പല രാഷ്ട്രങ്ങളായിത്തിരിഞ്ഞ് അവർ ശത്രുക്കളെ

പ്പോലെ വർത്തിച്ചിരുന്നു. ഇന്നു് ഒരു രാഷ്ട്രമെന്നാൽ ഒരു ഗ്രഹമാണു്. ഇവിടെ അതിർത്തിത്തർക്കമുണ്ടാവുന്നതു് നാടിനു് വേണ്ടിയുള്ള തർക്കമല്ല, ശൂന്യാകാശത്തിനു് വേണ്ടിയുള്ള തർക്കമാണു്. ഓരോ ഗ്രഹത്തിനും മററു ഗ്രഹങ്ങളെ വേർതിരിക്കുന്ന അതിരുകളുണ്ടു്. അവിടെ റോക്കററുകളും പ്ലെയിനുകളും സദാ സമയവും കാവൽനില്ക്കുന്നു.''

എന്റെ ആതിഥേയയുടെ വിവരണമെല്ലാം കേട്ടു് ഞാൻ വാപിളർന്നിരുന്നുപോയി. ഇനിയും ചുരുക്കം കാലംകൊണ്ടു് ലോകത്തിനു് അവിശ്വസനീയമായ എന്തെല്ലാം മാററങ്ങൾ സംഭവിച്ചുകൂടാ.

അവർ അവരുടെ സംഭാഷണവിഷയംമാററി. അവർ പറഞ്ഞു, ''പുരുഷന്മാരെ വിരളമായി കാണാറുള്ള ഒരു ലോകത്തിൽ ഒരു പുരുഷനുമായി സ്വൈരമായി സംസാരിക്കാൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥയാണു്.'' അവരെന്റെ തോളിനു് ഉരുമ്മിഇരുന്നുകൊണ്ടു് വിവാഹാഭ്യർത്ഥന നടത്തി ഞാൻ അവരിൽനിന്നും മാറിയിരുന്നു. പക്ഷെ അവർക്കെന്നെ വിടേണ്ടുന്ന ഭാവമില്ല. എന്റെടുത്തു് വന്നു് കഴുത്തിൽ കയ്യിട്ടു് പിടിച്ചു. ഗത്യന്തരമില്ലാതെ ഞാൻ അലറി ''പിടുത്തം വിട്ടു് മാറിനില്ക്കൂ, അല്ലാത്തപക്ഷം ബഹളം കൂട്ടി ആളെ വരുത്തും.''

''എന്താടാ ഉറക്കത്തിൽ പുലമ്പിക്കൊണ്ടിരിക്കുന്നതു്?'' എന്നുള്ള അമ്മയുടെ ചോദ്യം കേട്ടു് ഞാൻ ഞെട്ടി ഉണർന്നു. സമയം രാവിലെ 8½ മണി കഴിഞ്ഞിരിക്കുന്നു.

''ആരാടാ നിന്നെ പിടിക്കാൻ വന്നതു് മാറി നില്ക്കാൻ പറയാൻ'' അമ്മ അന്വേഷിക്കുകയാണു്.

അമ്മയോടു് എന്തുത്തരം പറയാനാണു്. സ്വപ്നത്തിൽ കണ്ടതു് അമ്മയോടു് പറയാൻ ഒക്കുമോ.

# മുടന്തി

കെ. സാബിറ, I B. Sc. (Special)

ടിക്—ടിക്—ടിക്—സമയം പന്ത്രണ്ടുമണിയായി. പൂർണ്ണചന്ദ്രൻ നീലാകാശത്തിന്റെ മദ്ധ്യത്തിലെത്തിച്ചേർന്നു. പൂനിലാവിൽ കുളിച്ചുനില്ക്കുന്ന നിശീഥിനി. മുററത്താകെ മെയ്ഫ്ലവറിന്റെ ചുകന്നപൂക്കൾ പൂമെത്ത വിരിച്ചിരിക്കുന്നതു് കാണാൻ എന്തൊരു ഭംഗിയാണ്! എല്ലാം കണ്ടുരസിക്കാനല്ലാതെ ഒരിക്കലും ആ സുന്ദരമായ പൂമെത്തയിൽ ചെന്നിരിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടാവുകയില്ലല്ലോ?

മനോഹരമായ ഇരുനിലകെട്ടിടം. പഴയ തറവാട്. പുത്തൻവീട്ടിലെ രതി ആ നാട്ടുകാരുടെ കണ്ണിലുണ്ണിയായിരുന്നു. ഇന്നും അവരങ്ങിനെതന്നെ. പക്ഷെ എല്ലാവരുടെയും മനസ്സിനെ വേദനിപ്പിക്കുന്ന ഒരു മനുഷ്യജീവിയായി അവരുടെ മകൾ പിറന്നുപോയി. ദൈവം എന്തിനിങ്ങിനെ ജീവിപ്പിക്കുന്നു. ഒന്നു മരിച്ചിരുന്നെങ്കിൽ എല്ലാം മറക്കാമായിരുന്നു. പക്ഷെ .... ഉറക്കമില്ലാത്ത എത്ര രാത്രികൾ കടന്നുപോയി. ഒരു പൂമ്പാററയെപ്പോലെ തൊടിയിലും, പൂന്തോപ്പിലും പാറിനടക്കുന്ന അനിയത്തിയെ കാണുമ്പോൾ അസൂയതോന്നാറുണ്ട്. പക്ഷെ എന്തുചെയ്യാനാണ്? എല്ലാം തന്റെ വിധിയാണ്. കുറച്ചു മാസങ്ങൾ മുമ്പ് ചുമരു് പിടിച്ചെങ്കിലും നടക്കാമായിരുന്നു.

സമ്പത്തിന്റെയും സമൃദ്ധിയുടെയും വിളനിലമായ ആ വീട്ടിലെ മൂത്ത പെൺകുട്ടിയായ താൻ മുടന്തിയായിത്തീർന്നു. വിധിയുടെ കരാളഹസ്തങ്ങൾതന്നെ മുടന്തിയാക്കി എന്നുവേണം പറയാൻ! ഈയിടെയാണറിഞ്ഞതു് താനെങ്ങിനെയാണ് മുടന്തിയായതെന്ന്.

ചിങ്ങമാസത്തിലെ പൊൻപുലരി ഭൂമിയിലാകമാനം ശീതളകിരണങ്ങൾ വാരിവിതറി. എല്ലാ വീട്ടിലും വലിയ ബഹളംതന്നെ. തന്റെ ഒന്നാമത്തെ പൊന്നോണമാണ്. വീട്ടിലെ വേലക്കാരി തന്നെയുമെടുത്തു് വരാന്തയിലേക്കു് കടന്നു. ഒരു നിലവിളി! എല്ലാവരും ഓടിയെത്തി. താൻ നിലത്തു് വീണുകിടക്കുന്നു. കാലിന്റെ രണ്ടു മുട്ടും ആടിപ്പോയി. വൈദ്യശാസ്ത്രത്തിന്റെ ശക്തിയേറിയ കരങ്ങൾ പണത്തിന്റെ വാരിച്ചൊരിയലിൽ അക്ഷീണം പരിശ്രമിച്ചു. പക്ഷെ വിധിവിഹിതം അലംഘനീയമാണല്ലോ?

കഴിഞ്ഞവർഷം അമ്മയുടെ നിർബ്ബന്ധപ്രകാരം തന്നെ വെല്ലൂരിലേക്കു കൊണ്ടുപോയി. അവിടെ നിന്നും സ്വയം നടക്കുവാൻ ഒരു യന്ത്രം തന്നു. പരസഹായം കൂടാതെ നടക്കാമല്ലോ എന്നാശ്വസിച്ചു. പക്ഷെ എവിടെയും ദുർവ്വിധി എന്നെ വിടാതെ പിന്തുടർന്നിരുന്നു. ഇടത്തെ കാൽവിരലുകൾ പഴുക്കാൻ തുടങ്ങി. അതോടുകൂടി സർവ്വ ആശകളും അസ്തമിച്ചു. കിടക്കയിൽനിന്നു് എഴുന്നേല്ക്കാൻ വയ്യാതായി.

ഇന്നു താൻ പ്രായപൂർത്തിയായ ഒരു യുവതിയാണ്. വെറും ഒരു ജീവച്ഛവത്തിന്റെ ആശകളും അഭിലാഷങ്ങളും ഒരിക്കലും സഫലീകൃതമാവുകയില്ലല്ലോ? ഒന്നിനും വയ്യാത്ത കണ്ണീർ പൊഴിക്കാൻമാത്രം ഉതകുന്ന ഒരു പെണ്ണായിപ്പോയില്ലേ!

പടിഞ്ഞാറോട്ട് നീങ്ങിക്കൊണ്ടിരിക്കുന്ന ചന്ദ്രനെ കാണുമ്പോൾ കഴിഞ്ഞമാസം ലീവിലെത്തിയ ചന്ദ്രേട്ടൻ പറഞ്ഞവാക്കുകൾ ഓർമ്മവരുന്നു. ഉദിച്ചുയർന്നുനില്ക്കുന്ന ചന്ദ്രനെപ്പോലെ മനോഹരമാണ് തങ്കത്തിന്റെ മുഖം. പക്ഷെ ...." പിന്നെ കണ്ണീരൊപ്പിക്കൊണ്ടു് കടന്നുപോകുന്ന ചന്ദ്രേട്ടനെ കണ്ടപ്പോൾ പൊട്ടിക്കരഞ്ഞുപോയി. അല്ലെങ്കിലും സ്ത്രീ അബലയും ചപലയും ആണല്ലോ! ഈ കരാളരാത്രി ഒന്നവസാനിച്ചെങ്കിൽ! പക്ഷെ വെളിച്ചത്തെ താൻ ഭയപ്പെടുന്നു. ഇരുളടഞ്ഞ ഒരു മൂലയിൽ ഒതുങ്ങി കിടക്കുവാൻ ഹൃദയം എപ്പോഴും വെമ്പുന്നു. അമിതമായ സ്നേഹവും, അനുകമ്പാപ്രദർശനവും, ആർദ്രനയനങ്ങളും തന്നെ

കൊല്ലുന്നു. ഒന്നുരണ്ടുവർഷമായി തനിക്കുവേണ്ടി അച്ഛൻ കിണഞ്ഞുപരിശ്രമിക്കുന്നു. പക്ഷെ ആർക്കു വേണം ഒരു മുടന്തിപ്പെണ്ണിനെ .... വിരിയാൻ വിധിയില്ലാത്ത മനോഹരമായ ഒരു പുഷ്പം .... ആ വംശം നിലനിർത്താനാകാതെ നശിച്ചുപോകുന്നു. എല്ലാ ആശകളും തകർന്നപ്പോഴാണ് അച്ഛനതിനു മുതിർന്നതു്.

ഈയിടെ നാണിത്തള്ള പറയുന്നതു കേട്ടു, അച്ഛൻ തന്റെ പേരിൽ കിഴക്കേതിലെ രണ്ടുനില കെട്ടിടവും നൂറു് ഏക്കർ സ്ഥലവും എഴുതിയിട്ടുണ്ടെന്നു്. ആനന്ദിക്കാൻ വയ്യാത്ത ഈ ജീവിതത്തിൽ പണത്തിനെന്തു വിലയാണുള്ളതു്. പണത്തിനും പ്രതാപത്തിനും ഒരിക്കലും വാങ്ങാൻ സാധിക്കാത്ത ഒന്നാണല്ലോ അനശ്വരമായ സ്നേഹം. പുലരാനായപ്പോഴാണ് ഉറങ്ങിയതെന്നു തോന്നുന്നു. കണ്ണുതുറന്നപ്പോൾ കണ്ടതു നിറഞ്ഞകണ്ണുകളോടെ മുമ്പിൽ നില്ക്കുന്ന അനിയത്തിയെയാണു്. അവൾ കെട്ടിപ്പറ്റി! ഈറനണിഞ്ഞ ആ വിശാലനേത്രങ്ങൾ കണ്ടപ്പോൾ ഹൃദയം വിങ്ങിപ്പൊട്ടി. അടുത്താഴ്ച അവളുടെ വിവാഹമാണു്. വീട്ടിൽവെച്ചു ആഘോഷപൂർവ്വം നടത്തേണ്ട ഒന്നാമത്തെ വിവാഹം ഒരിക്കലും നടക്കില്ലെന്നു കണ്ടപ്പോൾ വളരെയധികം വേദനയോടെ അച്ഛൻ അനിയത്തിയുടെ വിവാഹം തീർച്ചപ്പെടുത്തി. ഗുരുവായൂരിൽ വെച്ചാണു് വിവാഹം. വരൻ ജീവിതത്തിൽ എന്തിനേക്കാളുമധികം സ്നേഹിച്ച ചന്ദ്രേട്ടൻ. വിവാഹസുദിനവും പ്രതീക്ഷിച്ചു കഴിയുന്ന സുന്ദരിയായ പെൺകുട്ടി! നിനക്കു നന്മവരട്ടെ! എന്നു് മനസാ ആശംസിക്കാനല്ലാതെ .... വാക്കുകളിലൂടെ പ്രദർശിപ്പിക്കുവാൻ നാവു് അശക്തമായിരുന്നു.

# "നീറുന്ന ഹൃദയം"

( കെ. എ. കെ. നഹ )

പരീക്ഷകഴിഞ്ഞു പുറത്തു കടന്നപ്പോഴാണ് ശ്വാസം നേരെ വീണത്. താങ്ങാനാവാത്ത ഭാരം ഏതോ ചുമട്ടുതാങ്ങിയിൽ അല്പനേരത്തേക്കു ഇറക്കിവെച്ചതുപോലുള്ള ആശ്വാസം. കൊല്ലങ്ങളോളമായി അലട്ടിക്കൊണ്ടിരുന്ന ഏതോ ഒന്നിൽ നിന്നും വിമുക്തനായ ആഹ്ലാദമായിരുന്നു മനസ്സു മുഴുവൻ.

വല്ലാത്ത ദാഹം. കണ്ണ് ഇരുട്ടടയ്ക്കുന്നതുപോലെ തോന്നി. ഒരു ചായകുടിക്കണം — പോക്കറ്റ് തപ്പിനോക്കിയപ്പോഴാണത് "എംപ്റ്റി"യാണെന്നോർമ്മവന്നത്. നിരാശയോടെ നേരെ ഓഡിറ്റോറിയത്തിലേക്കു നടന്നു. തണുത്തവെള്ളം കുറച്ചു അകത്ത് ചെന്നപ്പോൾ അല്പം ആശ്വാസം തോന്നി. നടയിറങ്ങി നേരെ തെക്കോട്ട് നടന്നു.

ഹൃദയം നിറയെ ചിന്തകളായിരുന്നു, അറ്റമില്ലാത്ത ചിന്തകൾ—

ഇന്നുതന്നെ പോയാലോ? വേണ്ട, നാളെ രാവിലെ പോകാം. എന്തായിരിക്കും വീട്ടിലെ സ്ഥിതി? ഉമ്മയ്ക്ക് സുഖമായിട്ടുണ്ടാകുമോ. പെങ്ങൾക്ക് തന്നോട്ട് പിണക്കമായിരിക്കും. ഒരു പേനവാങ്ങി കൊടുക്കണമെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ചെല്ലുമ്പോഴെല്ലാം, അടുത്തപ്രാവശ്യം വന്നിട്ട് വാങ്ങിത്തരാമെന്ന് പറഞ്ഞ് കഴിച്ചിലാകാറാണ്. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും തനിക്കതിനു സാധിച്ചിട്ടില്ല. ഇനിയും ആ കുരുന്നുഹൃദയത്തെ നോവിച്ചുകൂടാ. നാളെ പോയാൽ തന്റെ പേനതന്നെ കൊടുക്കണം. അപ്പോൾ അവളുടെ സന്തോഷത്തിൽ തനിക്കും പങ്കുചേരാം.

ലോഡ്ജിലെത്തിയതറിഞ്ഞില്ല. ബാഗെടുത്തു പുസ്തകങ്ങളെല്ലാം അതിൽ എടുത്തുവെച്ചു. അപ്പോഴാണ് മേശപ്പുറത്ത് കിടന്നിരുന്ന കത്ത് കണ്ടത്. താനില്ലാത്തതുകൊണ്ട് പോസ്റ്റ്മേൻ അതവിടെ വെച്ചു പോയതായിരിക്കും.

അറിയാൻവെമ്പുന്ന ഹൃദയത്തോടും, വിറക്കുന്ന കൈകളോടുംകൂടി കത്തെടുത്തു കട്ടിലിൽപോയി കിടന്നു. അത് പൊട്ടിക്കുമ്പോൾ പുറപ്പെട്ട കര, കര ശബ്ദം തന്റെ ഹൃദയത്തെ പിളർക്കുന്നതു പോലെ തോന്നി.

പ്രിയപ്പെട്ട ഇക്കാക്കയ്ക്ക്,

ഇക്കാക്കയുടെ വരവും പ്രതീക്ഷിച്ച് മൈലുകൾക്കപ്പുറം ഇരുന്ന് ഈ കൊച്ചനുജത്തി കണ്ണീർ വാർക്കുകയാണ്. ഈ പ്രാവശ്യമെങ്കിലും എനിക്ക് ഒരു പേന വാങ്ങാൻ മറക്കരുതേ? ഞാൻ കാത്തിരിക്കും. ഉമ്മയുടെ സുഖക്കേട് ഇപ്പോഴും സുഖമായിട്ടില്ല. ഒന്നു രണ്ട് ദിവസമായി വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. ഇക്കാക്കയെക്കുറിച്ച് പറയുമ്പോഴെല്ലാം അവരുടെ കണ്ണുകളിൽ വെള്ളം നിറയും. അതുകൊണ്ട് പരീക്ഷകഴിഞ്ഞാലുടൻ വരാൻ എഴുതണമെന്ന് പറഞ്ഞിരിക്കുന്നു. വടക്കേതിലെ ഇമ്പ്രാന്തിരിയാണ് നമ്മുടെ പറമ്പിൽ നിന്നും തേങ്ങവലിച്ചുകൊണ്ടുപോകുന്നത്. എനിക്കൊന്നും മനസ്സിലാകുന്നില്ല. പറമ്പ് നമ്മുടേതല്ലെ. എന്നിട്ട്, എന്താണ് അവർ തേങ്ങവലിക്കുന്നത്? ഉമ്മയോട്ട് ചോദിക്കുമ്പോഴെല്ലാം അവർക്ക് കരച്ചിൽ വരും. അവർ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. പണ്ടങ്ങൾപോലും അവർ കെട്ടാറില്ല. ആരോ വാങ്ങിക്കൊണ്ടുപോയതാണ് എന്നാണ് ഉമ്മ പറഞ്ഞത്. ഇത്രദിവസമായിട്ടും അത് മടക്കിക്കൊടുക്കാത്തതെന്താണ്? അവരുടെ പക്കൽനിന്നും അത് നഷ്ടപ്പെട്ടിട്ടുണ്ടാകുമോ? ഏതായാലും, ഇക്കാക്ക വന്നിട്ടുവേണം എല്ലാം ശരിപ്പെടുത്താൻ. ഞാൻ സ്കൂൾ പൂട്ടിയ അന്നുതന്നെ ഇവിടെ വന്നിട്ടുണ്ട്. അടുത്ത ആഴ്ച്ചയാണ് കിഴക്കേതിലെ കല്യാണം. അതിനു മുമ്പുതന്നെ ഇക്കാക്ക എത്തിച്ചേരണം. മറക്കരുത്.

എന്ന്, പെങ്ങൾ സുഹറ.

കത്തുമുഴുവൻ ക്ഷമയോടുംകൂടെ വായിച്ചുതീർക്കാൻപോലുമുള്ള സഹനശക്തി തനിക്കുണ്ടായിരുന്നില്ല. തലയണയിൽ മുഖമമർത്തി തേങ്ങിത്തേങ്ങി കരഞ്ഞു.

ഹാ . . . . . വയ്യ. താൻ വിയർക്കുകയാണ്. തൊണ്ട വരളുന്നു. തനിക്ക് ശ്വാസം മുട്ടുന്നതായി തോന്നി. കട്ടിലിൽ എഴുന്നേററിരുന്നു. കൂജയിൽ നിന്നും തണുത്ത വെള്ളം പകർന്നു കുടിച്ചു.

എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു—പ്രതീക്ഷകൾ വിപരീതമായി. ഇത്രത്തോളം ആകുമെന്ന് താൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. എന്നിട്ടും . . . . . . !

കണ്ണടച്ചു കിടന്നിട്ടും ഉറക്കം വരുന്നില്ല. നിദ്രാദേവിപോലും തന്നെ കൈയൊഴിച്ചിരിക്കുന്നു. വേഗം നേരം വെളുത്തിരുന്നെങ്കിൽ . . . . .

അസ്വസ്ഥത ശരീരത്തിൽ പടർന്നു കയറുകയാണ്. താൻ ദുർബ്ബലനാകുന്നുണ്ടോ? മനസ്സ് പോയ കാലത്തിന്റെ കടലാസ്സ് കഷ്ണങ്ങൾ പുറകോട്ട് മറിച്ചിടുകയാണ്.

ചുററുപാടുകളെ വിസ്മരിച്ചു ഭൂതകാലത്തിന്റെ ചുഴിക്കുത്തിലൂടെ അത് കറങ്ങിത്താഴുകയാണ്. എല്ലാം ഓർമ്മിക്കാതിരിക്കാൻ എത്ര ശ്രമിക്കുന്നു. എന്നിട്ടും . . . മനസ്സിന്റെ ഏതോ മൂലയിൽ ആ ഓർമ്മകളെല്ലാം രോഗികളെപ്പോലെ കുറെ തളർന്നു കിടക്കുകയും പെട്ടന്ന് വേദനയോടെ കിടന്നു പുളയുകയുമാണോ?

അതെ—അതോർമ്മിക്കുന്തോറും തന്റെ ഹൃദയം നീറുകയാണ്. നിരാശയുടെയും ദുഃഖത്തിന്റെയും പടുകുഴിയിലേക്കത് താഴ്ന്നുപോവുകയാണ്.

വർഷങ്ങൾക്ക് മുമ്പ് ഇതുപോലുള്ള ഒരു രാത്രിയുടെ നിശ്ശബ്ദയാമത്തിലാണത് സംഭവിച്ചത്. തന്നെയും, പെങ്ങളെ—സുഹ്റയെയും അനാഥരാക്കിക്കൊണ്ട് — വിധിയുടെ ക്രൂരഹസ്തങ്ങളിലേക്ക് തള്ളിവിട്ടുകൊണ്ട്, പ്രിയപ്പെട്ട ഉമ്മയെ തീരാദുഃഖത്തിലാഴ്ത്തിക്കൊണ്ട് അവർ എന്നന്നേക്കുമായി ഞങ്ങളെ വിട്ടുപിരിഞ്ഞു. എത്രയെത്ര സങ്കല്പസൗധങ്ങളാണവർ കെട്ടിപ്പടുത്തതു്. എല്ലാം ആ ദുർബ്ബലനിമിഷത്തിൽ തകർന്നുവീണു—പള്ളിപ്പറമ്പിലെ ആറടിമണ്ണിൽ.

പ്രീ-ഡിഗ്രി പരീക്ഷ കഴിഞ്ഞു മനസ്സമാധാനത്തോടെ വീട്ടിൽ തിരിച്ചെത്തിയ ദിവസം എല്ലാവരുടെയും മുഖത്ത് സന്തോഷത്തിന്റെ കൊച്ചോളങ്ങൾ അലതല്ലിയിരുന്നു. പക്ഷെ, വിധി അതിന്റെ ക്രൂരവിനോദവുമായി അപ്പോഴേക്കും ആ കൊച്ചുകുടിലിനെ സമീപിച്ചു കഴിഞ്ഞിരുന്നു. പെട്ടെന്നാണ് ബാപ്പയ്ക്ക് നെഞ്ചുവേദന തുടങ്ങിയത്. വേദനകൊണ്ട് പുളയുന്ന ആ മുഖത്തേക്ക് ഒന്നേ നോക്കിയുള്ളു. നേരെ ഓടിയത് ആശുപത്രിയിലേക്കാണ്. ഡോക്ടറെയുംകൂട്ടി മടങ്ങിവന്ന തനിക്ക് തകർന്നടിഞ്ഞ പ്രതീക്ഷകളുടെ ശ്മശാനമാണ് കാണാൻ കഴിഞ്ഞത്. എല്ലാം തന്നിലേല്പിച്ചുകൊണ്ട് അവർ ഈ ക്രൂരലോകത്തോട് വിടവാങ്ങി—എന്നന്നേക്കുമായി.

തന്റെ ജീവിതത്തിലെ ഒരുയുഗം കഴിഞ്ഞുപോയതായി തോന്നി. ഹൃദയംപൊട്ടി ഞാൻ മരിച്ചില്ല. ആരോടും പരാതിപ്പെട്ടില്ല. എല്ലാം ക്ഷമിച്ചു. തന്റെ പൊട്ടിത്തകർന്ന ആകാശക്കോട്ടകളുടെ നൊമ്പരം മനസ്സിലൊതുക്കിക്കൊണ്ട് ശാന്തനാകാൻ ശ്രമിച്ചു—ആ വിഷാദമൂകമായ അന്തരീക്ഷത്തിൽ.

നിരുന്മേഷമായ പകലുകൾ . . . . . ഉറക്കമില്ലാത്ത രാത്രികൾ . . . . . ദിവസങ്ങളങ്ങനെ ഇഴഞ്ഞുനീങ്ങി.

തന്റെ വിജയയാത്രയിൽ ആഹ്ലാദിക്കേണ്ട ഉമ്മ പൊട്ടിക്കരയുകയാണ് ചെയ്തത്. സന്തോഷത്തിന്റെ കണ്ണുനീരുമായി വന്ന താൻ വ്യസനത്തിന്റെ പടുകുഴിയിലേക്ക് തള്ളപ്പെട്ടു. അതു പറയുമ്പോൾ അവരുടെ തൊണ്ട ഇടറിയിരുന്നില്ലേ? "എല്ലാം വിധിയാണ് മോനെ . . . . വിധി. അവരുണ്ടായിരുന്നുവെങ്കിൽ . . . . . ! ആ വാക്കുകൾ മുഴുമിക്കുവാനവർക്കു കഴിഞ്ഞില്ല. നിരാശയുടെയും, സന്താപത്തിന്റെയും സ്വരമായിരുന്നില്ലേ അതു്?

പെങ്ങളെ സ്കൂളിലയക്കേണ്ട സമയമായിരിക്കുന്നു. തനിക്ക് തുടർന്ന് പഠിക്കുകയും വേണം. പറമ്പിൽനിന്നും കിട്ടുന്ന തുച്ഛമായ വരുമാനംകൊണ്ട് വേണം എല്ലാം നടത്താൻ. അവരെ ഏററവുമധികം വേദനിപ്പിച്ച പ്രശ്നമായിരുന്നു അതു്. അതിനു മുമ്പിൽ അവർ നിസ്സഹായരായിരുന്നു.

ഇരുളടഞ്ഞ അവരുടെ ഹൃദയത്തിൽ പ്രകാശത്തിന്റെ നേരിയ രശ്മികൾ കണ്ടുതുടങ്ങി. അടിഞ്ഞുകൂടിയിരുന്ന കാർമേഘങ്ങൾ മെല്ലെ മെല്ലെ നീങ്ങാൻ തുടങ്ങി.

കാററ് തിരിച്ചുവീശി. മന്ദം മന്ദം ചലിച്ചിരുന്ന പായക്കപ്പൽ ഇളകിത്തുടങ്ങി. കാററിന്റെ

ഗതിക്കനുസരിച്ചു പായ അഴിച്ചു കെട്ടേണ്ടിവരും. അല്ലെങ്കിൽ കപ്പൽ മറിയും . . .

അവസാനം, പഴയ പ്രതാപത്തിന്റെ ശക്തിമത്തായ അടിയൊഴുക്കുകളെപ്പോലും അതിജീവിച്ചുകൊണ്ടു്, തറവാട്ടു് മഹിമയോടൊരു വെല്ലുവിളിയെന്നോണം, അതു് സംഭവിച്ചു. സുഹറയെ അനാഥ മന്ദിരത്തിലേക്കയക്കുമ്പോൾ ഉമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. വാത്സല്യം തുളുമ്പുന്ന ആ കണ്ണുകളിൽ വേദന ഒളിഞ്ഞു് കിടക്കുന്നതു് താൻ കണ്ടു. ഒരു സുപ്രഭാതത്തിൽ അവരുടെ അനുഗ്രഹാശിസ്സുകളോടെ താനും B. A. ക്കു് ചേർന്നു.

ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ — കാലചക്രമങ്ങനെ തിരിഞ്ഞുകൊണ്ടിരുന്നു. വീടിനെപ്പററിയുള്ള ചിന്തകൾ തന്നെ വളരെയധികം അലട്ടിക്കൊണ്ടിരുന്നു. ഉമ്മയുടെ എഴുത്തു് കിട്ടുമ്പോഴെല്ലാം ആ ശബ്ദങ്ങളാണു് കാതിൽ വന്നലക്കുക —

"അവർക്കിനി നീ മാത്രമേയുള്ളു. സുഹറയെ ഞാൻ നിന്നെ ഏല്പിക്കുന്നു. ഉമ്മയെ നീ ബുദ്ധിമുട്ടിക്കരുതു്. അവരെ . . . ." !

തന്റെ പ്രിയപ്പെട്ട ബാപ്പയുടെ ചുണ്ടുകളിൽ നിന്നും താൻ ശ്രവിച്ച അന്തിമശബ്ദങ്ങളായിരുന്നു അവ. ജീവിതത്തിലെ അവസാന സൂക്തികൾ — മോഹത്തിന്റെ അന്ത്യ ബന്ധനങ്ങൾ.

മരണത്തെ തടുക്കാൻ കഴിയില്ലെന്നു് അറിയാമെങ്കിലും പ്രിയപ്പെട്ട ബാപ്പയ്ക്കുവേണ്ടി അവസാനമായി യാതൊന്നും ചെയ്യാൻ കഴിഞ്ഞില്ലല്ലോ എന്നോർക്കുമ്പോൾ തന്റെ ഹൃദയം പൊട്ടിപ്പോകും. ബാപ്പാ — ഈ പാപിയായ മകനോടു് ക്ഷമിക്കൂ !

കൂട്ടുകാരിൽനിന്നും ഒററപ്പെട്ടു നില്ക്കുവാൻ പലപ്പോഴും ആഗ്രഹിച്ചതാണു്. എന്നാൽ താനകലുന്തോറും അവരടുക്കുകയായിരുന്നില്ലേ? ശ്വാസം മുട്ടിക്കുന്ന ആ ചുററുപാടിൽ തന്റെ ബലഹീനതയെ മറച്ചുവെക്കുന്നതിൽ ഞാൻ വിജയിച്ചിരുന്നുവോ? ഇല്ല. താൻ പരാജയപ്പെടുകയായിരുന്നു. ദയനീയമായി.

നിരാശയുടെയും അപമാനത്തിന്റെയും ആ കെത്തുകയായ തന്റെ ജീവിതത്തിൽ ഏകാന്തതക്കുമാത്രമേ സ്ഥാനമുണ്ടായിരുന്നുള്ളു. ഏകാന്തത — തന്റെ ഹൃദയഭാരം താങ്ങിയ ഒരേയൊരു അത്താണിയാണതു്. അവിടം വിജനമായിരുന്നെങ്കിലും തനിക്കതിൽ സമാധാനം കണ്ടെത്താൻ കഴിഞ്ഞു.

ക്ലാസ്സിൽപോലും തനിക്കു് ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല. മനസ്സു് വേറെയേതോ ലോകത്തിൽ വിഹരിക്കുകയായിരിക്കും. ചിന്തകളിൽ നിന്നും വഴുതിവീഴുമ്പോൾ തുറിച്ചു നോക്കുന്ന കണ്ണുകളായിരിക്കും മുമ്പിൽ കാണുക.

"വാട്ടീസു് റോങ്ങു് വിത്തു് യൂ. യൂ ആർ ആൾവേയ്സു് ഡ്രീമിങ്ങു്. ഈസു് ദേർ എനി പർട്ടിക്കുലർ . . . ." കൂട്ടുകാരുടെ ആ ചോദ്യങ്ങൾക്കു മുമ്പിൽ തല കുനിയ്ക്കുകയേ രക്ഷയുണ്ടായിരുന്നുള്ളു. അവരതിൽ തെററുകാരല്ല. തന്റെ മനസ്സിനെ നിയന്ത്രിക്കുവാനുള്ള ശക്തി തനിക്കു് നഷ്ടപ്പെട്ടിരുന്നു. ക്ലാസ്സിൽ മറെറാന്നും ചിന്തിക്കരുതെന്നു് എപ്പോഴും തീരുമാനിക്കാറുണ്ടു്. പക്ഷെ, തീരുമാനം നടപ്പിലാക്കാൻ കഴിയാറില്ലെന്നുമാത്രം.

നിരാശ — അതെന്നെ കാർന്നുതിന്നുകയായിരുന്നു. നിരാശനിറഞ്ഞ ആ നീറുന്ന ചിന്തകൾ തന്നെ നശിപ്പിക്കുകയായിരുന്നു. പഠിപ്പുനിറുത്തി എങ്ങോട്ടെങ്കിലും തിരിച്ചാലോ എന്നു് പലപ്പോഴും തോന്നിയതാണു്. ഉടനെ കൺമുന്നിലോടിയെത്തുക രോഗിയായ ഉമ്മയുടെയും, ഒരായിരം പ്രതീക്ഷകളോടെ കാത്തിരിക്കുന്ന കൊച്ചനുജത്തിയുടെയും മുഖങ്ങളാണു്.

അപ്പോഴെല്ലാം ആ ശബ്ദം എന്റെ കാതിൽ വന്നലക്കും.

"നീ നല്ലൊരു നിലയിലെത്തിക്കണ്ടിട്ടു് പട ച്ചോനെന്നെ വിളിച്ചാമതിയായിരുന്നു".

ഉമ്മയുടെതാണതു്. അവരുടെ ജീവിതത്തിൽ അവശേഷിക്കുന്ന ഒരേയൊരാഗ്രഹമാണതു്.

ഇല്ല . . . . . താനൊരിക്കലും പൈശാചിക പ്രേരണകൾക്കടിമപ്പെട്ടുകൂടാ. ആ സ്നേഹനിധി കളെ തീരാദുഃഖത്തിലാഴ്ത്തി നാടുവിട്ടോടുക ഒ മകനു് മാതാപിതാക്കളോടും, കുടുംബത്തോടും ചെയ്യാവുന്ന ഏററവും വലിയ വഞ്ചനയാണു് — ക്രൂരമായ വിനോദം !

അവ തനിക്കുമാത്രം അറിയാവുന്ന നിറംമങ്ങി യ സത്യങ്ങളാണു്. ഈ ക്രൂരമായ ലോകം അതറി യുന്നില്ല. അതു് തന്നെ പഴിക്കുകയാണു്. കുടുംബ തകർച്ചക്കു് താനാണു് പോൽ ഉത്തരവാദി. ശ യാണു്. തന്റെ പഠനമാണു് കുടുംബത്തെ ദാ ദ്രത്തിന്റെ തീച്ചൂളയിലേക്കു് തള്ളിവിട്ടതു്. എ ല്ലാം തനിക്കുവേണ്ടിയാണവർ കൈയൊഴിച്ചതു്

— അവരുടെ സർവ്വസ്വവുമായ ആഭരണങ്ങൾ പോലും.

ഹാ . . . . വയ്യ. ആ ഓർമ്മകൾ തന്റെ ഹൃദയത്തെ വ്രണപ്പെടുത്തുകയാണ്.

മണ്ണടിഞ്ഞു കിടന്നിരുന്ന ആ കുഴിമാടം തുറക്കേണ്ടതില്ലായിരുന്നു. അതിൽനിന്നുയരുന്ന ദുർഗന്ധത്തോടൊപ്പം മറവിയുടെ മാറാലകൾക്കടിമപ്പെട്ടുകിടന്നിരുന്ന ആയിരമായിരം പൊള്ളുന്ന ചിന്തകളും ഹൃദയത്തിലേക്ക് തള്ളിക്കയറുകയാണ്.

എല്ലാം തന്റെ വിധിയാണ്. വിധി — ആ ഘോര വിഷപ്പാമ്പിന്റെ കൊത്തുകൊള്ളുവാൻ ആർക്കും ഇടവരാതിരിക്കട്ടെ — !

സംഭവബഹുലമായ നീണ്ട മൂന്ന് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. അതോടൊപ്പം തന്റെ വിദ്യാർത്ഥി ജീവിതവും. ഇന്ന് താനൊരു വിദ്യാർത്ഥിയാണോ? അല്ല. ഭാരിച്ച ചുമതലകളുടെ വാഹകനാണ്. ഇനിയെങ്കിലും . . . . !

ഇനിയുമെനിക്ക് സഹിച്ചുകൂടാ. സഹിക്കാവുന്നതിലേറെ ഇപ്പോൾത്തന്നെ സഹിച്ചു കഴിഞ്ഞു. ചുമക്കാവുന്നതിലധികവും ചുമന്നു കഴിഞ്ഞു. ഇനിയെങ്കിലും ദുർവ്വഹമായ ഈ ഭാരം എവിടെയെങ്കിലും ഒന്ന് ഇറക്കിവെച്ചിരുന്നെങ്കിൽ . . . . .

തുറിച്ചുനോക്കുന്ന കടമകൾ തന്റെ ഹൃദയത്തെ വ്രണപ്പെടുത്തുകയാണ്. അന്ധകാരം നിറഞ്ഞ ഭാവിജീവിതത്തിലെ ഞെട്ടിക്കുന്ന ചിത്രങ്ങൾ മനോമുകുരത്തിലൂടെ ഇഴയാൻ തുടങ്ങുകയാണ്.

ഉമ്മയെയും പെങ്ങളെയും സംരക്ഷിക്കേണ്ടതു് ഇന്ന് തന്റെ കടമയാണ്. അതിനു മുമ്പിൽ താനൊരിക്കലും പരാജയപ്പെട്ടുകൂടാ. തനിക്കുവേണ്ടി സ്വജീവിതത്തെപ്പോലും ഒരു മഹാവ്രതത്തിന്റെ ബലിവേദിയിലർപ്പിച്ച അവരെ രക്ഷിക്കാൻ കഴിയാത്ത കാലത്തോളം തന്റെ ഈ ജീവിതം അർത്ഥശൂന്യമല്ലേ ?

കൊച്ചുപെങ്ങളേ . . . . ! ഈ ചേട്ടന്റെ ഹൃദയഭാരം നീ അറിയുന്നുണ്ടോ? നീ അതറിയരുതു്. ദുഃഖമെന്തന്നറിയാത്ത നിന്റെ ആ കുരുന്നുഹൃദയം ഒരിക്കലും വേദനിക്കരുതു്. അന്ധകാരംനിറഞ്ഞ എന്റെ ജീവിതപന്ഥാവിൽനിന്നും എന്നെ രക്ഷിച്ചതു് നിങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ മാത്രമായിരുന്നു. വേദനകളുടെയും നെടുവീർപ്പുകളുടെയും ലോകമായ ഇവിടെ കിടക്കുമ്പോഴും നിന്നെയും ഉമ്മയെയും കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാൻ ശ്രമിച്ചിട്ടില്ല. എന്നിട്ടും നിന്റെ ഹൃദയം നോവിച്ചിട്ടുണ്ടെങ്കിൽ ഈ ചേട്ടനോടു ക്ഷമിക്കൂ—!

കൊച്ചനുജത്തീ—കടമകളുടെ മട്ടുപ്പാവിലിരുന്നുകൊണ്ട് ഞാനപേക്ഷിക്കുകയാണ് — നീ ഒരിക്കലും ദുഃഖിക്കരുതു്. നിന്റെ മുഖത്തുനോക്കാൻപോലും ഞാനിന്ന് അശക്തനാണ്. അതുകൊണ്ട് — നീ പഠിക്കണം. നിന്റെ മോഹനസങ്കല്പങ്ങൾ സാക്ഷാൽകരിക്കണം. പ്രതീക്ഷകൾ ഒരിക്കലും കരിയാനനുവദിക്കരുതു്. സഹോദരീ . . . . നിന്റെയും ഉമ്മയുടെയും ഭാവി സുരക്ഷിതത്വത്തിനുവേണ്ടിയാണ് ഞാനിന്നും ജീവിക്കുന്നതു് . . . . !

പ്രിയപ്പെട്ട ഉമ്മ — ! ബാപ്പയുടെ വാക്കുകൾ ഈ മകൻ മറന്നിട്ടില്ല. അതിനുവേണ്ടിയെങ്കിലും എന്നെ ജീവിക്കുവാനനുവദിക്കണം. ബാപ്പയുടെ അഭിലാഷം പൂർത്തീകരിക്കേണ്ടതു് പുത്രനായ തന്റെ ധർമ്മമാണ്. ദൈവം അനുഗ്രഹിച്ചെങ്കിൽ അതു് ഞാൻ നിറവേറും. ഈ മകനെ വിശ്വസിക്കൂ ഉമ്മ — വിശ്വസിക്കൂ. എനിക്കുവേണ്ടി കുടുംബം നശിക്കേണ്ടിവന്നാൽ ഞാൻ മാപ്പു ചോദിക്കുകയാണ്—

ആ ചിന്തകൾ നീളുകയായിരുന്നു. ലോകവും താനുമായുള്ള ബന്ധം തകർത്തുകൊണ്ട്.

നാളെ വീണ്ടും തന്റെ കൊച്ചുഗ്രാമത്തിലേക്കു തിരിച്ചു പോകുകയാണ് — കടമകളുമായി ഒരു സന്ധിയില്ലാസമരം പ്രഖ്യാപിച്ചുകൊണ്ടു.

അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു. പട്ടണം മുഴുവൻ ഗാഢനിദ്രയിലാണ്. എന്നിട്ടും താനിതുവരെ ഉറങ്ങിയിട്ടില്ല. പ്രപഞ്ചം മുഴുവൻ ഉറങ്ങിക്കിടക്കുന്ന ഈ സമയത്തു് പഴയ ഓർമ്മകളുടെയും, ഭാവിചിന്തകളുടെയും തിരിമാറിൽ വിഹരിക്കുകയാണ് താൻ.

നിദ്രാദേവി സാവധാനം സമീപിക്കാൻ തുടങ്ങിയിരിക്കുന്നു. അപ്പോഴും മനോമുകുരത്തിൽ രണ്ടു രൂപങ്ങൾ തെളിഞ്ഞുവരുന്നുണ്ടായിരുന്നു — മേഘങ്ങൾക്കിടയിൽപ്പെട്ട ചന്ദ്രനെപ്പോലെ.

# പുതുമഴയേററ പിച്ചകം വാടി

(കെ. ശങ്കരൻകുട്ടി)

ലെററർ ബോർഡിനുമുമ്പിൽ തിരക്കായിരുന്നു. അററൻഡർ എഴുത്തുകൾ വെച്ചു കഴിഞ്ഞിട്ടില്ല. അപ്പോഴേക്കും കുട്ടികൾചെന്നു പൊതിഞ്ഞു. തിരക്കൊഴിഞ്ഞിട്ടു് ചെന്നു നോക്കണം. എത്ര ദിവസമായ് വെറുതെ ചെന്നു തിരിച്ചുപോരുന്നു.

ലൈബ്രറി റൂമിൽ കാത്തുനില്ക്കുമ്പോൾ മനസ്സ് നിരുന്മേഷമായിരുന്നു. കണ്ണിൽപ്പെട്ട ഇല്ലസ്റ്റ്രേററഡ് വീക്ക്‌ലീയുടെ താളുകൾ ഉദാസീനമായ് മറിച്ചുനോക്കി. അപ്പോൾ പിന്നിൽനിന്നും ലിസിയുടെ ശബ്ദംകേട്ടു.

“ജയേ, ഇതാ നിനക്കൊരെഴുത്ത്.”

വിശ്വസിക്കാൻ കഴിഞ്ഞില്ല. ആകാംക്ഷയോടെയാണ് തിരിഞ്ഞുനോക്കിയത്. നീട്ടിപ്പിടിച്ച എഴുത്തുമായ് ലിസി നില്ക്കുന്നു. കൂടെ വിജയയുമുണ്ട്. ചിരപരിചിതമായ വടിവൊത്ത കൈപ്പടയിൽ തന്നെയാണ് അഡ്രസ്സ്. ലിസിയുടെ കൈയിൽനിന്നു് കവർ വാങ്ങുമ്പോൾ ഹൃദയം കിടന്നുപിടച്ചു. മുഖത്തെ ഭാവഭേദം ശ്രദ്ധിച്ചുകൊണ്ടു് അവൾ കളിയാക്കി.

“എന്താണിത്ര പരിഭ്രമം?”

വാങ്ങിയപാടെ കവർ മുറിച്ചുനോക്കി. സ്റ്റാമ്പ് വെച്ചിട്ടില്ല. ആശ്വാസം.

“വേഗം തുറന്നുനോക്കൂ. വിശേഷമെന്താണെന്നറിയാമല്ലൊ.”—ലിസി പറഞ്ഞു. ഉടനെ അവർ രണ്ടുപേരും പൊട്ടിച്ചിരിക്കുകയും ചെയ്തു.

തുറന്നു നോക്കുന്നതുപോയിട്ടു് അവരുടെ മുമ്പിൽ അതു് കൈയിൽവെച്ചുകൊണ്ടു നിൽക്കുന്നതുതന്നെ പിശകാണ്. രണ്ടുപേരും അടങ്ങിയിരിക്കുന്ന പ്രകൃതക്കാരല്ല. പുറം തിരിഞ്ഞുനിന്നു് പുസ്തകത്തിന്റെ കവർപൊക്കി അതിനുള്ളിൽ ഭദ്രമായ് സൂക്ഷിച്ചു. തിരക്കൊഴിയുമ്പോൾ രഹസ്യമായെടുത്തു് വായിക്കണം. എന്തെല്ലാമായിരിക്കും രാജു എഴുതിയിരിക്കുന്നതു് !

എത്രനാൾ കാത്തിരുന്നിട്ടുവന്ന ഭാഗ്യമാണ്! എത്രയെത്ര പ്രതിബന്ധങ്ങളുണ്ടാവുമെന്നു് ഭയപ്പെട്ടു. ഒരിക്കലും വീട്ടുകാരെ സ്വാധീനിക്കാൻ കഴിയുമെന്നു് തോന്നിയില്ല. ഒടുവിലാണറിയുന്നതു് ഭാഗ്യം തങ്ങളെ അനുഗ്രഹിക്കാൻ ഒരുങ്ങി നിൽക്കുകയാണെന്നു്. രാജു, ആനന്ദംകൊണ്ടു് മതിമറന്നുപോയിട്ടുണ്ടാവും.

മലയാളം ലക്‌ച്ചറർ ക്ലാസിൽവന്നു അററൻഡൻസ് എടുത്തുതുടങ്ങിയിരുന്നു. ലിസി തട്ടിവിളിച്ചപ്പോഴാണ് പരിസരബോധമുണ്ടായതു്. തന്റെ നമ്പർ വിളിച്ചുകഴിഞ്ഞിരിക്കുന്നു. എല്ലാം കഴിയുന്നതുവരെ ഇരുന്നു. ഒടുവിൽ സാവധാനമെഴുന്നേററുനിന്നതു് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു.

“Why are you Standing there?”

“Attendence.” പറയുമ്പോൾ വിറക്കുന്നുണ്ടായിരുന്നു. പൊതുവെതന്നെ ഒരു മുൻകോപിയാണദ്ദേഹം.

“What are you doing there?”

പിറകിൽനിന്നു് ആൺകുട്ടികളുടെ കൂട്ടച്ചിരിയുയർന്നപ്പോൾ അററൻഡൻസ് വേണ്ടിയിരുന്നില്ലെന്നു തോന്നി. ആകെ വിയർത്തിരുന്നു. തലതാഴ്ത്തി ഒന്നും ശ്രദ്ധിക്കാത്തഭാവത്തിൽനിന്നു.

“Your number?”

“Eightyone”

“Sitdown” റെജിസ്റ്റർ ഷീററിൽനിന്നു് നമ്പർ വെട്ടി ലക്‌ച്ചറർ ക്ലാസാരംഭിച്ചു. ശാകുന്തളമായിരുന്നു എടുത്തിരുന്നതു്. ക്ലാസിലായിരുന്നില്ല മനസ്സ്. ഇടക്കിടെ കൂട്ടച്ചിരിയും അതോടുകലർന്നുവലും കേൾക്കുമ്പോൾ പുതിയ ലോകത്തേക്കിറങ്ങിവരും. മനസ്സാലെ ആയിരുന്നില്ല ക്ലാസിലിരുന്നതു്. ഒരു തടവുപുള്ളിയുടെ നിസ്സഹായതയായിരുന്നു. ഓരോ നിമിഷവും മോചനത്തിനു വേണ്ടി വെമ്പൽകൊള്ളുകയായിരുന്നു.

കൂട്ടത്തിൽനിന്നും ഒന്നൊററപെട്ടു കിട്ടിയെങ്കിൽ. ക്ലാസുവിട്ടപ്പോൾ ലിസിയേയോ വിജയത്തെയോ കാത്തില്ല. ലേഡീസ് റൂമിൽ വന്ന് കുടയും പുസ്തകവുമെടുത്ത് നടന്നു.

രാജുവിന്റെ എഴുത്തു ഒളിച്ചുവെച്ച പുസ്തകത്തിന്റെ കവർ തുറന്നുനോക്കി. പുറത്തെടുക്കാൻ ധൈര്യപ്പെട്ടില്ല. പിന്നിൽ കൂട്ടുകാരികളുടെ ആരവം കേൾക്കുന്നുണ്ട്.

ഇതറിഞ്ഞാൽ അടുത്തുതന്നെ വരാതിരിക്കില്ല. ഇതുവരെ എല്ലാം മനസ്സിലൊരു ചോദ്യചിഹ്നമായിരുന്നു. ഇന്നതെല്ലാം സഫലീകൃതമായിരിക്കുന്നു. ഇനിയങ്ങോട്ടുള്ള ദിവസങ്ങൾ.

B. A. രണ്ടാംവർഷം പഠിക്കുമ്പോഴാണ് രാജുവുമായി അടുക്കാൻ തുടങ്ങിയത്. കൂട്ടുകാരികളോടൊരുമിച്ചു പോവുമ്പോൾ രാജുതന്നെ ഒളികണ്ണിട്ട് നോക്കുമായിരുന്നു. ആദ്യമാദ്യം ഒരു പരിഭ്രമമാണ് തോന്നിയിരുന്നതെങ്കിലും ക്രമേണ അതൊരു മധുരാനുഭൂതിയായ് മാറി.

എന്നും കോളേജിലേക്ക് വരുമ്പോൾ രാജു ഉണ്ടാവും വരാന്തയിൽ. തന്റെ ഓരോ ചലനങ്ങളും രാജു ശ്രദ്ധിക്കുന്നുണ്ടെന്നു ക്രമേണ മനസ്സിലായി. നോക്കുമ്പോഴൊക്കെ നീലിമകലർന്ന ആ കണ്ണുകൾ തന്നിലേക്കായിരിക്കും. തലതാഴ്ത്തി നടക്കാൻ ശ്രമിച്ചാലും താനറിയാതെ തന്നെ മനസ്സ് രാജുവിനെ ചുററിപ്പററിനില്ക്കും.

പരസ്പരം മൂകസംഭാഷണങ്ങളാരംഭിച്ചു. കണ്ണുകൾ കഥ പറഞ്ഞുതുടങ്ങി. അന്ത്യമില്ലാത്ത മോഹങ്ങളായിരുന്നു ഹൃദയം നിറയെ. പക്ഷെ തനിച്ചൊന്നു കാണുന്നതിനൊ സംസാരിക്കുന്നതിനൊ ഒന്നുംതന്നെ അന്നിടകിട്ടിയിരുന്നില്ല.

വികാരവിചാരങ്ങളാൽ വീർപ്പുമുട്ടികൊണ്ടിരിക്കുമ്പോഴാണ് അന്നതും സംഭവിച്ചത്. ഓർക്കാതിരിക്കെ വന്നെത്തിയ ഒരെഴുത്ത്. അവിടന്നങ്ങോട്ട് എഴുത്തിന്റെ ഒരു വർഷം തന്നെയായിരുന്നു. എല്ലാം സ്നേഹത്തിന്റെ വേലിയേററത്തിൽ കുതിർന്നതായിരുന്നു. അന്നതിനൊക്കെ സഹായിക്കുന്നതിനും ആളുണ്ടായിരുന്നു. ഒരുമിച്ചുപഠിച്ചിരുന്ന 'ബിന്ദു!' കുറെ കഴിഞ്ഞപ്പോൾ അവൾ കളിയാക്കിപ്പറയുമായിരുന്നു.

“ജയേ ഇനി നമുക്കൊരു ശിപായി വേണ്ടിവരും”

“പോടീ കള്ളീ”

“എന്തിനാണെന്നെ കള്ളിയാക്കുന്നത്”

“നീയൊന്നുമിണ്ടാതിരി ബിന്ദു”

“ഞാനൊന്നും മിണ്ടുന്നില്ല. പിന്നെ ..... പിന്നെ ഒരു കാര്യം ..... കാര്യം നേടിക്കഴിയുമ്പോൾ ഈ ഉള്ളവളെ മറന്നുപോവരുതെ. അന്ന് എന്നെക്കൂടി ക്ഷണിക്കുമല്ലൊ.”

തുടർന്ന് അവൾ ഏതൊ ഒരു കവിതാശകലം മൂളി.

“ഒരു പുഷ്പകല്യാണ മണ്ഡപത്തി–
ലൊരുദിനം നിങ്ങളെ രണ്ടുപേരെ
ഒരുമിച്ചു കണ്ടു കൃതാർത്ഥയാവും
. . . . . . . . . . .”

ചരൽനിറഞ്ഞ ഇടവഴിയിൽനിന്ന് പച്ചവിരിച്ചവയലിലേക്കിറങ്ങി വരുന്നത് വരാന്തയിലിരുന്ന് നോക്കിയാൽ കാണാം.

ചുണ്ടിൽ എരിയുന്ന സിഗരററുമായി രാജു ദൂരെനിന്നു വരുന്നതെന്തൊരുത്സാഹത്തോടെയാണ് നോക്കിനില്ക്കാറ്. നൂറ് നൂറ് ആഗ്രഹങ്ങളായിരുന്നു അന്ന് മനസ്സിൽ.

ടാറിട്ടറോഡും ചരൽനിറഞ്ഞ ഇടവഴിയുമൊക്കെ സ്വപ്നലോകത്തിലൂടെയുള്ള യാത്രയിൽ പിന്നിട്ടുകഴിഞ്ഞിരുന്നു. വിശാലമായ വയൽവരനുകളിലാണ് താനിപ്പോൾ.

പടർന്നുനില്ക്കുന്ന ആൽവൃക്ഷത്തിലേക്ക് കണ്ണോടിച്ചപ്പോൾ അത് തന്നെ നോക്കിച്ചിരിക്കുന്നതായ് തോന്നി. നിത്യവും ഹൃദയാഭിലാഷങ്ങൾ കൈമാറിയിരുന്ന സായംസന്ധ്യകൾ ഒരു ചലച്ചിത്രത്തിലെന്നപോലെ മുന്നിൽ തെളിഞ്ഞുവന്നു.

പടികയറി വരാന്തയിലേക്കു ചെന്നപ്പോൾ രമയുണ്ട് വരാന്തയിൽ നില്ക്കുന്നു. പതിവുപോലെ എന്തൊ സംശയവും കൊണ്ടായിരിക്കും നില്ക്കുന്നത്.

ഒന്നും മിണ്ടാതെ മുറിയിൽ കടന്ന് പുസ്തകം മേശമേൽ വെച്ചു. എഴുത്തുവെച്ചിരുന്ന പുസ്തകം കൈയിലെടുത്തപ്പോഴേക്കും അവൾ മുറിയിലേക്കു വന്നു. ദേഷ്യം തോന്നിയെങ്കിലും ഒന്നും മിണ്ടിയില്ല.

“ജയേച്ചിക്കിന്നെന്താണൊരു ബദ്ധപ്പാട്?”

''എനിക്കൊ? എനിക്കൊന്നുമില്ലെ''

''ചേച്ചിയിന്നന്നേത്തേയും പോലെയല്ലല്ലൊ''

എല്ലാം ഉള്ളിലൊതുക്കി മുഖം പ്രസന്നമാക്കിക്കൊണ്ടു പറഞ്ഞു

''അതു് നിനക്കു് വെറുതെ തോന്നുകയാണു്. ആട്ടെ എന്താ കൈയിൽ?''

''ഈ കണക്കൊന്നു പറഞ്ഞുതരണം''

കോപം തോന്നി. കണക്കു ചെയ്യാൻവന്ന സമയം.

''ഇപ്പോഠം തന്നെ വേണൊ? കാലത്തു പോരെ.''

''നാളെ ടെസ്റ്റു് പേപ്പറാണു്''

കണക്കു ചെയ്യാൻ തുടങ്ങിയപ്പോഠം അമ്മ വിളിച്ചു.

''ജയേ നിനക്കിന്നു കാപ്പിയൊന്നും വേണ്ടെ.''

അപ്പോഠം മാത്രമാണു് കാപ്പിയുടെ കാര്യം തന്നെ ഓത്തതു്. മറെറല്ലാദിവസവും വന്നപാടെ അടുക്കളയിലെക്കായിരിക്കും കടന്നുചെല്ലുക. ഇന്നതെല്ലാം മറന്നിരിക്കുന്നു.

എത്ര ശ്രമിച്ചിട്ടും കണക്കു ശരിയാവുന്നില്ല. എങ്ങനെ ശരിയാവാനാണു്. മനസ്സു മുഴുവൻ മറെറാന്നിലാണു്.

ഒരു വിധത്തിൽ രമയെ പറഞ്ഞയച്ചു്. അടുക്കളയിൽ ചെന്നു് കാപ്പിയെടുത്തുകഴിച്ചു.

സന്ധ്യമയങ്ങിയിരുന്നു. മുറിയിൽ കടന്നു വിളക്കു തെളിയിച്ചു. ഒരു സിനിമാസ്റ്റാറിൻെറ പടംകൊണ്ടു് കവറിട്ട പുസ്തകത്തിൽ നിന്നും എഴുത്തു് പുറത്തെടുത്തു. പേനയും കൈയിൽതന്നെ നിവർത്തിപ്പിടിച്ചു. യദൃഛയാ അമ്മയെങ്ങാൻ വന്നാൽ.

ഓ .. ഇനിതാനെന്തിനു ഭയപ്പെടണം. എല്ലാം തനിക്കിന്നനുവദിക്കപ്പെട്ടിരിക്കയല്ലെ.

കഴിഞ്ഞ തവണ രാജു ഇവിടെ ഉണ്ടായിരുന്നപ്പോഠം നടന്ന ഒരു സംഭവത്തിലേക്കാണു് പെട്ടെന്നു് തൻെറ ഓമ്മ ചെന്നുപതിഞ്ഞതു്. സുന്ദരമായ ചില സ്വപ്നങ്ങഠം മനസ്സിലുദിച്ചയന്നപ്പോഠംത്തന്നെ തന്നെ മറന്നു് അതു് ചെയ്തു.

സുന്ദരമായ രണ്ടക്ഷരം .. അതു് ടേബിഠംക്ലോത്തിൽ ഒരു ചിത്രകാരിയെപ്പോലെ മോടിയിൽ എഴുതിയുറപ്പിച്ചു. അന്നു രാത്രിതന്നെ പത്രം വായിക്കാൻ വന്നിരുന്നപ്പോഠം അമ്മയുടെ കണ്ണിൽ അതു പെട്ടു.

വായന തുടർന്നുകൊണ്ടിരിക്കെ അമ്മ ചോദിച്ചു: ''ജയേ'' മുഖമുയർത്തിനോക്കി. ''ആരാണീ രാജു'' അമ്മയുടെ ദൃഷ്ടി ടെബിഠം ക്ലോത്തിൽ പതിഞ്ഞിരുന്നു. ലജ്ജയും ഭയവും തന്നിലൊരുമിച്ചുണ്ടായിരുന്നു.

എവിടെനിന്നെറിയില്ല ഒരു ധൈര്യമപ്പോഠം കൈവന്നു. ''എൻെറ ക്ലാസ്സ്മേററ്.''

''ഉം . . .'' കാര്യമെന്താ മനസ്സിലാക്കിയ അമ്മ ഒന്നു മൂളുകമാത്രം ചെയ്തു. അമ്മയുടെ മുഖത്തു് ഗൗരവമുള്ള ഒരു പ്രശാന്തത നിറഞ്ഞുനിന്നിരുന്നു.

അന്നുമുഴുവൻ ഈ ഒരേ ചിന്തയായിരുന്നു. രാജുവിൻെറ മുഖം മുന്നിൽനിന്നും വിട്ടുമാറാതെ തെളിഞ്ഞുനിന്നു. തുടുത്ത ചുണ്ടിൽ വിടന്ന പുഞ്ചിരിയുമായു് മുന്നിൽ നിൽക്കുന്ന രാജു.

വസന്തകാലത്തിൻെറ സൗഭാഗ്യങ്ങളും തൈത്തെന്നലിൻെറ കൊച്ചലകളും ഒരുമിച്ചനുഭവിച്ചു. ആസ്വാദിച്ചു.

കാററു് തിരിച്ചുവീശിയപ്പോഠം കൊച്ചലകഠംക്കുമീതെ മന്ദംമന്ദം നീങ്ങിയിരുന്ന കളിയോടത്തിൻെറ പായ അഴിച്ചുകെട്ടേണ്ടിവന്നു. കാററിൻെറ ഗതിക്കനുസരിച്ചു് കളിയോടം വിട്ടു.

വിചാരിച്ചതിലും വേഗത്തിലാണു് രാജുവിനു് പബ്ലിക്കു് സർവ്വീസ്സ് കമ്മീഷൻെറ അപ്പോയൻറ്മെൻറ് ഓർഡർ കിട്ടിയതു്. നാട്ടിൽതന്നെയായിരുന്നു നിയമനം.

മുമ്പത്തെപോലെ കാണുന്നതിന്നവസരം ലഭിച്ചിരുന്നില്ല. വല്ലപ്പോഴും വരുമായിരുന്നു. എങ്കിലും സാധാരണത്തേതുപോലെ ഒന്നും സംസാരിക്കുന്നതിനിടകിട്ടിയിരുന്നില്ല. എങ്കിലും വേർപെടാൻ കഴിയാത്തവിധം ഹൃദയങ്ങഠം ഒന്നായിക്കഴിഞ്ഞിരുന്നു. ഇന്നതെന്നെന്നേക്കുമായു് ഉറച്ചുകഴിഞ്ഞു.

രഘുച്ചേട്ടൻ ലീവിൽ വന്നപ്പോഴാണു് അച്ഛനു് ആ പുതിയ അഭിപ്രായമുണ്ടായതു്. അവർ അച്ഛൻെറ അനന്തിരവൻ കൂടിയാണു്. കൽക്കത്ത

യിലാണുദ്യോഗം. വലിയ ശമ്പളവുമുണ്ട്. കാണാനും യോഗ്യൻ.

വീട്ടിൽ വന്നപ്പോൾ എല്ലാവരും കേൾക്കെ പറഞ്ഞു. ‘‘ഇനി അടുത്തൊന്നും ലീവുകിട്ടില്ല. അതുകൊണ്ട് അമ്മക്കും മററും വലിയ നിർബ്ബന്ധം—’’

‘‘അതെ’’ അച്ഛൻ പിന്താങ്ങി. ‘‘ഇനി താമസിക്കേണ്ട. ഒരു കല്യാണമൊക്കെ കഴിച്ചിട്ട് പോയാൽ മതി.’’

‘‘അമ്മാവന്റെ ഇഷ്ടം.’’

രഘുച്ചേട്ടൻ പോയപ്പോൾ അച്ഛൻ അമ്മയെ വിളിച്ചു.

‘‘എത്ര നാളായ് ഞാൻ കരുതിനടക്കുന്ന കാര്യമാണ്. ഇനി വൈകിക്കൂട. ജയയുടെ കല്യാണം ഉടനെ നടത്തണം’’

‘‘ആരെയാണ് നിങ്ങൾ കണ്ടുവെച്ചിരിക്കുന്നത്?’’

‘‘എന്താ നീയൊന്നുമറിയാത്തപോലെ.’’

‘‘ഞാനെന്തറിയാൻ? എന്നോടെന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?’’

‘‘രഘുവിനെ നീ അറിയില്ലേ. ഇനി അവനടുത്തെങ്ങും ലീവുകിട്ടില്ലെന്നവൻ പറഞ്ഞത് നീ കേട്ടില്ലേ?’’

‘‘അപ്പോൾ അത് തീരുമാനിച്ചുകഴിഞ്ഞോ?’’

‘‘എന്താ നിനക്ക് പിടിച്ചില്ലെന്നുതോന്നുന്നു.’’ അച്ഛന്റെ അമർഷം നിറഞ്ഞുനിന്നു.

‘‘എനിക്കല്ല. അവൾക്ക്’’

‘‘എന്താ അവൾക്ക് . അവൾക്ക് വിവാഹം വേണ്ടേ?’’

‘‘വേണ്ടെന്നു പറഞ്ഞില്ലല്ലോ.’’

‘‘രഘുവിനെ പിടിച്ചില്ലെന്നോ.’’

അമ്മ പിന്നെയും നിശ്ശബ്ദയായി ഏറെനേരം കഴിഞ്ഞു പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

‘‘ഇടക്കിടെ വരാറുള്ള രാജുവുമായി അവൾ വലിയ സ്നേഹത്തിലാണ്’’

‘‘അവളുടെ ഇഷ്ടമനുസരിച്ചൊന്നും ഒരു കാര്യം തീരുമാനിക്കാനാവില്ല’’ ശ്വാസമടക്കിപ്പിടിച്ച് അകത്തുനിന്നെല്ലാം കേൾക്കുകയായിരുന്നു. കാലുകൾ നിലത്തുറക്കാതായി. ശരീരമാകെ തളർന്നുപോവുന്നു. അച്ഛന്റെ തീരുമാനത്തിന്നിളക്കമുണ്ടാവില്ലേ.

അമ്മ അനുനയത്തോടെ അച്ഛനെ വഴിപ്പെടുത്താൻ ശ്രമിക്കുന്നതു കേട്ടു.

‘‘പണ്ടത്തെ കാലമല്ല. പഠിച്ചപിള്ളേരാകുമ്പോൾ അവർക്കും അഭിപ്രായമുണ്ടാവില്ലേ. ആലോചിച്ചു തീരുമാനിക്കുന്നതല്ലേ നല്ലത്.?’’

‘‘ഇനി ആലോചിക്കാനൊന്നുമില്ല. ഞാനെല്ലാം തീരുമാനിച്ചുകഴിഞ്ഞു’’ അച്ഛന്റെ ശബ്ദമുയർന്നു. ആ മുഴക്കത്തിൽ തന്റെ സ്വപ്നസൗധങ്ങൾ തകർന്നു നിലംപററുമെന്നു തോന്നി.

എന്നാൽ ആ വിഷമഘട്ടത്തിൽനിന്നും രഘുച്ചേട്ടനാണ് തന്നെ രക്ഷിച്ചത്. രഘുച്ചേട്ടൻ പറഞ്ഞതെന്നുകേട്ടു.

‘‘ഞാൻ മനസ്സിൽ കണ്ടിരുന്നത് ജയയെയാണ്. പക്ഷെ അവൾ കൂടെപഠിക്കുന്ന ഒരുവനുമായി സ്നേഹത്തിലാണത്രെ. ഇനിയിപ്പോൾ മറെറന്തെങ്കിലും കാര്യം അന്വേഷിച്ചാൽ മതി.’’

അച്ഛൻ ക്ഷുഭിതനായില്ല. ശാന്തനായിരുന്നാലോചിച്ചു. അവസാനം അമ്മയെ വിളിച്ച് പറയുകയും ചെയ്തു.

‘‘ഇനി ഏതായാലും പേരുദോഷം വരുത്തേണ്ട. അവളുടെ ആഗ്രഹമാണെങ്കിൽ അങ്ങനെ. ആ കാര്യം ഉടനെ നടത്തിക്കൊടുക്കുന്നതാ നല്ലത്.’’

വാടിക്കരിഞ്ഞ പിച്ചകത്തിന് പുതുമഴയേററതുപോലെയായിരുന്നു. ആഹ്ലാദം കൊണ്ട് മതിമറന്നുപോയി. രാജുവിനെ നേരിൽകാണാൻ, വിശേഷമറിയിക്കാൻ തിടുക്കമായി. അന്നുരാത്രി ഉറങ്ങിയില്ല. അവിചാരിതമായി കൈവന്ന ആ മഹാഭാഗ്യത്തെപ്പററി എന്തൊരാവേശത്തോടെയാണ് രാജുവിനെഴുതിയത്.

കൈയിലിരുന്ന പേന മേശമേൽവെച്ച് കവർ പൊട്ടിച്ചെഴുത്ത് പുറത്തെടുത്തു. ഹൃദയം ശക്തിയായി മിടിക്കുന്നുണ്ടായിരുന്നു. എഴുത്ത് നിവർത്തി. കുറച്ചേ എഴുതിയിട്ടുള്ളു. പെട്ടെന്ന് കണ്ണിൽ ഇരുട്ടുപരക്കുന്നതുപോലെ തോന്നി.

‘‘പ്രിയപ്പെട്ട ജയേ!

നിന്നെ മറക്കാൻ ശ്രമിക്കുന്നെങ്കിലും ഞാൻ അതിൽ പരാജിതനാവുകയാണ്. ഹൃദയത്തിലുള്ള

നിന്റെ പ്രതീക്ഷകളെല്ലാം തകർന്നിരിക്കുന്നു. ഇനിമേൽ ഞാൻ ജയയുടെ സഹോദരനാണ്. സ്നേഹം വെറുമൊരാവേശം മാത്രമാണ്. ആ ആവേശത്തിന്റെ തള്ളൽ മാത്രം പോരാ വിവാഹത്തിന്. അടുത്ത ആഴ്ച ഈ ദിവസം എന്റെ വിവാഹം നടക്കും. ജയയെക്കൂടി ഞാൻ പ്രതീക്ഷിക്കുന്നു. ജയയുടെ സുശോഭനമായ ഭാവിക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും. നിരാശപ്പെടുത്തേണ്ടിവന്നതിൽ ഖേദിക്കുന്നു.

സഹോദരൻ രാജു.''

ഇതുവരെ താൻ പടുത്തുയർത്തിയ മണിമേടകളെല്ലാം തകർന്നുകഴിഞ്ഞു.

ജനലഴികൾക്കു നേരെ മേശമേൽ കത്തിച്ചിരുന്ന വിളക്കിന്റെ നാളത്തെ വയലിൽനിന്നും അടിച്ചുവന്ന കാററ് തഴുകി ചലനം സൃഷ്ടിച്ചു.

പുറത്തെ ആലിൻ കൊമ്പിൽനിന്നുള്ള ചീവീടുകളുടെ ചിറകടിയും, വയലിലെ ചെളിവെള്ളത്തിൽനിന്നുള്ള മണ്ണട്ടകളുടെ കാതുതുളക്കുന്ന ശബ്ദവും മാത്രം ഇരുട്ടിലാണ്ടുകിടന്നിരുന്ന നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടിരുന്നു. അകലെ റോഡിൽനിന്ന് അവസാന ബസ്സിന്റെ ശബ്ദവും അകന്നകന്നു കൊണ്ടിരുന്നു.

*Short Story*

# SHEIKH HAMADANI

A. K. Kunhikoya, II M. A.

It was a fine, splendid evening. Mr. Walker and his beloved wife, Mary were on their way to the theatre. Mr. Walker was of stout, muscular and of a sturdy physique. His broad shoulders, long, strong and muscular hands and legs looked like those of a boxer. But he was some-what good-looking, throughout extremely handsome. He was in evening dress, in a long, loose but prefectly cut suit. His wife, Mary was slim and charming with blue and dreamy eyes, well shaped limbs dainty locks of chestnut colour tiny, beautiful lips, and firm bosom. She was admirably dressed.

Mr. Walker was extremely fond of her. He was rather jealous. He could not brook even the idea of her beauty being enjoyed by another man. To him she was chaster and more charming than even the Goddess Diana. He knew fully well that it was dangerous to have a beautiful wife these days.

The evening sunshine added a new charm to her face, her eyes looked brighter and her hair daintier.

They reached the palace of Sheikh Hamadani, the ruler of Abu Dhabi. The huge building constructed in old architectonic style basked in the golden sunshine of the evening looked much more glorious. Mr. Walker's eyes rested for a few seconds on that old piece of architecture. He was an engineer working in a British Contracting Company in Abu Dhabi. He and his wife belonged to Lebanon and had come there to earn their livelihood.

They were walking along the road looking idly at the shop-windows since they had still a few minutes to spare. There were only a few people in the street and occasionally some motor car passed by.

There was a small shop near the palace by the side of the road owned by one Muhammed from Malabar. Two Arabs were sipping sherbet and a young bony man was about to light his cigarette. Mr. Walker walked up to the shop and asked for a pack of cigarettes. Muhammed looked up and saw a bewitchingly charming young girl standing behind a stout fellow. For a moment he even doubted if it were an angel "just got out of heaven". He could not with draw his eyes from her. He did not hear Walker asking for cigarettes. He was not been aware if the situation.

Mr. Walker saw where Muhammed's eyes were resting upon. His jealousy flamed into anger. He could not endure witnessing a wretched Indian staring at his beloved so lustfully.

A motor car flashed in lightning-speed and the dust on the road flew high. Suddenly the shop-keeper shut his eyes having some dust fallen in them. "What, the wretched dog ogling at my sweet heart!" Just a minute! He pounced upon Muhammed and his long, strong hands fell upon his cheek with tremendous force.......................................................................!

Muhammed had been in Abu Dhabi for the last fifteen years. He had been running that shop for about seven years. It was he who supplied sweets and cigarettes for the palace and he had a somewhat close contact with the family of the Sheikh. He was quite sure that he was in the good books of Sheikh Hamadani. During his fifteen years stay in Abu-Dhabi no case of offence had been brought before the Sheikh in his name. So, Muhammed made up his mind to bring his grievance to the Sheikh's notice.

The plaintiff and Defendant Mr. Walker and Muhammed were summoned before the

Sheikh. The Sheikh was an obese elderly man, grey-haired, slighly balding with bright lustful eyes and fair complexion.

Muhammed began to explain every thing as it had happened without omitting even the minute details. As he heard of the bewitching charm of Mary the Sheikh's eyes begun to glow. Now it was the time for Walker to defend himself. Before he could speak the Sheikh interrupted.

"We'll pass our judgment only after seeing your lady. She should be brought before us within three days".

Mr. Walker was taken aback. He began to tremble from top to toe as if he had been sentenced to be given capital punishment. He hurriedly walked down the palace with gloomy face and fearful eyes.

He walked down the street. He was throughtfull. He knew pretty well the Arabian Sheikhs. He was sure of the intention of the Sheikh that motivated his words. He knew also that as long as they were in Abu Dhabi he could not save his beloved from the clutches of the Sheikh.

That evening Mr. Walker booked two tickets for the plane flying to Lebanon next morning.

# സ്നേഹമെന്ന വികാരം

(എ. പി. നളിനൻ, I P. D. C.)

നെററിയിലൂടിറങ്ങിയ വിയർപ്പുകണങ്ങൾ ടൂവാലകൊണ്ടു് തുടച്ചുനീക്കി അയാൾ ലാബറട്ടറിയിൽനിന്നു പുറത്തിറങ്ങി. കാലുകൾ നിലത്തുറക്കുന്നില്ല. മനസ്സു് പതറുന്നു. വീഴാതിരിക്കുവാൻ അയാൾ വരാന്തയിലെ അരമതിലിൽ പിടിച്ചു.

പുറത്തു് മരം കോച്ചുന്ന തണുപ്പാണു്. നീണ്ടുകിടക്കുന്ന വരാന്തയിലൂടെ വെള്ളക്കുപ്പായക്കാർ അങ്ങുമിങ്ങും നടക്കുന്നു.

ഈശ്വരാ! എന്തൊരു പരീക്ഷണമാണിതു്?

ഈ വേദനകളുടെ ലോകവുമായി ബന്ധപ്പെട്ടു് ജീവിക്കുവാൻ തുടങ്ങിയിട്ടു് വർഷങ്ങളോളമായി. പരാജയങ്ങൾ പലതും സംഭവിച്ചിട്ടുണ്ടു്. എന്നാൽ അന്നൊന്നും താനിതുപോലെ വേദനിച്ചിട്ടില്ല.

പേ വാർഡിലെ ഒമ്പതാം നമ്പർ മുറിയിൽ തളർന്നുറങ്ങുന്ന പെൺകുട്ടിയെക്കുറിച്ചു അയാൾ ഓർത്തു.

സുറുമയെഴുതിയ നീണ്ട കണ്ണുകളും, ചുവന്നു തുടുത്ത കവിളുകളും, പുഞ്ചിരിവിരിയുന്ന ചെഞ്ചുണ്ടുകളും, അയാളുടെ സ്മൃതിപഥത്തിൽ ഓടിയെത്തി.

ഇന്നലെവരെ ഹൃദയത്തിൽ കുളിരു കോരിയിട്ട ആ സുന്ദരവദനം വേദനയുടെ കൂരമ്പുകളാണു് ഇന്നു് തനിക്കു സമ്മാനിക്കുന്നതു്. തകർന്നിടിഞ്ഞ മനക്കോട്ടയിലേക്കയാൾ തിരിഞ്ഞുനോക്കി. ചിതറിക്കിടക്കുന്ന, സാക്ഷാൽക്കരിക്കപ്പെടാത്ത സ്വപ്നങ്ങൾ അയാളുടെ മനസ്സിനെ പൂർവ്വാധികം നൊമ്പരപ്പെടുത്തി.

ഓ ..... വിശ്വസിക്കുവാൻ കഴിയുന്നില്ല. തൻെറ ഊഹം ശരിയായിരിക്കുന്നു.

Ovarian Tumour!

നാളെത്തന്നെ ഓപ്പറേഷൻ നടത്തണം.

ഓപ്പറേഷൻെറ വിജയ സാദ്ധ്യതയെക്കുറിച്ചു ഭീതിയില്ല. ഡോക്ടർ മാത്യൂസിനെ ഏല്പിക്കാം.

ഇന്നലെവരെ ആ മൃദുലമേനിയിൽ തലോടിയിരുന്ന കൈകൾകൊണ്ടു് ആ ശരീരം കീറിമുറിക്കുന്നതു് സങ്കല്പിക്കുവാൻപോലും കഴിയുന്നില്ല.

ഡോക്ടർ മാത്യൂസിൻെറ കൈകളിൽ അവൾ സുരക്ഷിതയാണെന്നുറപ്പുണ്ടു്.

എന്നാൽ . . . ഇനിയൊരിക്കലും അവൾ ഒരമ്മയാവില്ല!

താൻ (അവളും) മനസ്സിൽ കണ്ട ദാമ്പത്യത്തെക്കുറിച്ചയാൾ ഓർത്തു. ഓ . . . വെറും സങ്കല്പങ്ങൾ . . . . സാക്ഷാൽക്കരിക്കപ്പെടാത്ത സ്വപ്നങ്ങൾ! അവളിതറിഞ്ഞാൽ . . . . ? ഹൊ! അതേപ്പററി ചിന്തിക്കുവാൻപോലും വയ്യ . . .

പാടില്ല. അവളിതറിയരുതു് . . . . ആരും ഈ കാര്യം അറിയരുതു്. മററുള്ളവരിതറിഞ്ഞാൽ അവളുടെ ഭാവി നഷ്ടപ്പെടും. അറിഞ്ഞുകൊണ്ടു് ഒരു മച്ചിയെ വിവാഹം ചെയ്യുവാൻ ആരാണിഷ്ടപ്പെടുക? അവളുടെ ഭാവി നശിപ്പിച്ചുകൂട.

ഇന്നലെവരെ അവളെ മറെറാരാൾ വിവാഹം ചെയ്യുന്നതു് തനിക്കിഷ്ടമല്ലായിരുന്നു. കാരണം . . . അവൾ തൻെറ എല്ലാമായിരുന്നു . . . എല്ലാം.

ഇന്നു് . . . .

തനിക്കിനി അവളെ പണ്ടത്തെപ്പോലെ സ്നേഹിക്കുവാൻ കഴിയുമോ?

കുട്ടികളില്ലാത്ത ജീവിതത്തെക്കുറിച്ചയാൾ ഓർത്തു.

ഹൊ! വയ്യാ . . . തനിക്കതു് സാദ്ധ്യമല്ല!

അവളുമായുള്ള ദാമ്പത്യത്തിൽ, താൻ സ്വപ്നം കണ്ടിരുന്ന ദാമ്പത്യത്തിൽ, തനിക്കൊരിക്കലും വിജയം വരിക്കുവാൻ സാദ്ധ്യമല്ല. എന്തെല്ലാം മനക്കോട്ടകളാണു് കെട്ടിയുണ്ടാക്കിയതു്!

അവളുടെ കഴുത്തിൽ താൻ താലി ചാർത്തുന്ന മംഗളമുഹൂർത്തത്തെ സ്വപ്നം കണ്ടുകഴിയുകയായിരുന്നു—

എന്നാൽ . . . .

ഇനി തനിക്കതു് സാദ്ധ്യമാണോ?

ഇന്നലെവരെ തൻെറ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരുന്ന ദേവതയ്ക്കു് പകരം അയാൾ ഇന്നു കണ്ടതു് അവളെന്ന പ്രതിസന്ധിയേയാണു്.

''എന്താ ഡോക്ടർ ഇവിടെ ഒററയ്ക്കു് നില്ക്കുന്നതു്''. നഴ്സ് രാജമ്മയുടെ വാക്കുകളാണു് അയാളെ ചിന്തയിൽനിന്നുണർത്തിയതു്. അതുവരെ, താൻ പരിസരം മറന്നു് വിദൂരതയിലേക്കു് നോക്കി നിശ്ചലനായി നില്ക്കുകയായിരുന്നുവെന്ന വസ്തുത അപ്പോൾ മാത്രമാണു് അയാൾ അറിഞ്ഞതു്.

''ഓ . . . ഒന്നുമില്ല . . . ചിലതു് ചിന്തിച്ചുപോയി''.

അയാൾ പേവാർഡിനെ ലക്ഷ്യമാക്കി നടന്നു.

പ്രൊഫസർ പണിക്കർ രോഗത്തെക്കുറിച്ചന്വേഷിച്ചാൽ എന്തുപറയും? വർഷങ്ങൾക്കുമുമ്പു് ഷേക്സ്പിയറുടെ മക്ബത്തും ഒഥെല്ലോവും ക്ലാസ്സിൽ തന്മയത്വത്തോടെ അവതരിപ്പിക്കുന്ന പ്രൊഫസറെ അയാൾ സങ്കല്പിച്ചു നോക്കി. എന്തൊരു മാററം!

പാവം മനുഷ്യൻ. അയാളൊരിക്കലും ഇനിയൊരു മുത്തശ്ശനാകുകയില്ല. തൻെറ പേരക്കിടാങ്ങളെ തോളിലേററി നടക്കുവാൻ, അവരെ ആനകളിപ്പിക്കുവാൻ അദ്ദേഹം എന്തുമാത്രം ആശിക്കുന്നുണ്ടായിരിക്കാം.

എന്നാൽ, അതൊന്നും നടക്കുവാൻ പോകുന്നില്ല. തൻെറ മകളുടെ ഭാവിവരനെപ്പററി, തൻെറ പേരക്കിടാങ്ങളെപ്പററി, എന്തെല്ലാം മനക്കോട്ടകൾ അദ്ദേഹം കെട്ടിയുണ്ടാക്കിയിരിക്കണം? കാലമാകുന്ന കാലൻ അവയെല്ലാം തകർക്കുന്നു.

അദ്ദേഹമിതറിഞ്ഞാൽ? . . . . ഹൃദയം പൊട്ടിമരിക്കും. എല്ലാവരിൽനിന്നുമിക്കാര്യം മറച്ചുപിടിക്കണം.

"Appendicitis" ആണെന്നു് പറയാം. മററു മാർഗ്ഗമില്ല. അങ്ങിനെ പറഞ്ഞാൽ ഒരു മെഡിക്കൽ വിദ്യാർത്ഥിനിയായ അവൾ സംശയിക്കുമോ?

ഇല്ല! ഒരിക്കലുമില്ല . . . അവളും തൻെറ രോഗം Appendicitis ആണെന്ന ധാരണയിലാണു്.

ഇതുമാത്രമെ മാർഗ്ഗമുള്ളു.

കാഷ്വൽടിയും, ഫീമെയിൽ വാർഡും പിന്നിട്ടു് മുറിയെത്തിയതറിഞ്ഞില്ല. മുറിയിലുണ്ടായിരുന്നവർ എഴുന്നേററുനിന്നു് ഡോക്ടറോടുള്ള ബഹുമാനം കാണിച്ചു. അയാൾ ചിരിക്കുവാൻ ശ്രമിച്ചു.

വെള്ള വിരിപ്പിട്ട കിടക്കയിൽ കഴുത്തുവരെ മൂടിപ്പുതച്ചു് അവൾ തളർന്നുറങ്ങുകയാണു്.

റോസപ്പൂവുകൾക്കു പകരം അവളുടെ കവിളുകളിൽ വിടർന്നിരിക്കുന്നതു് ലില്ലിപ്പൂവുകളാണു്.

''എന്താണു് ഡോക്ടർ സുമയുടെ രോഗം? സീരിയസ്സാണോ?'' വേദനയുടെ നിഴലാട്ടം പ്രൊഫസറുടെ മുഖത്തു് ദൃശ്യമായിരുന്നു. ''ഓ . . . സീരിയസ്സൊന്നുമല്ല. Appendicitis ആണു് . . . ഒരോപ്പറേഷൻ വേണ്ടിവരും . . . .''

''ഡോക്ടർ . . . .''

"Don't worry: ഒന്നും പേടിക്കാനില്ല. ഞാനുറപ്പുതരുന്നു''.

കട്ടിലിൽ തളർന്നുറങ്ങുന്ന സുമയെ അയാൾ നോക്കി. പാവം കുട്ടി!

തകർന്നുവീണ സങ്കല്പങ്ങളെ നോക്കി അയാൾ നെടുവീർപ്പിട്ടു. ''ശരി. ഞാൻ വരട്ടെ. അസുഖമുണ്ടാകുമ്പോൾ എന്നെ വിളിച്ചാൽമതി, ഞാനുടനെയെത്തും''.

പ്രൊഫസറോടു് യാത്ര പറഞ്ഞു് മുറിക്കുപുറത്തിറങ്ങി, കേൻറീനിനെ ലക്ഷ്യമാക്കി നടന്നു.

''ഹലോ; മിസ്റ്റർ രാജൻ'' ഡോക്ടർ മാത്യൂസ് ആണു്. അയാൾ തിരിഞ്ഞുനിന്നു. ''ഞാനും വരുന്നു''. അവർ കേൻറീനിനെ ലക്ഷ്യമാക്കി നടന്നു.

"Mr മാത്യൂസ്, നാളത്തെ Ovarian tumourൻെറ ഓപ്പറേഷൻ താങ്കൾ നടത്തണം''.

"Why" കുറേശ്ശെ നരച്ചു തുടങ്ങിയ പുരികം ചുളിച്ചുകൊണ്ടയാൾ ചോദിച്ചു.

എനിക്കതിനു് കരുത്തില്ല മാത്യൂസ് . . . ദയവുചെയ്തു് നിങ്ങളതേല്ക്കണം . . . ഒരു കാര്യംകൂടി. രോഗം Ovarian tumour ആണെന്നകാര്യം നിങ്ങൾ മറച്ചുപിടിക്കണം. Appendicitis ആണെന്നു് നടിക്കണം. ഇല്ലെങ്കിൽ രണ്ടു കുടുംബങ്ങളാണു് തകരുക. പറയൂ മാത്യൂസ് താങ്കളങ്ങിനെ ചെയ്യാമെന്നു്''.

''രാജൻ'' അദ്ദേഹത്തിനൊന്നും മനസ്സിലായില്ല. ''നിങ്ങളെന്താണിപ്പറയുന്നതു്? രോഗം മറച്ചു പിടിച്ചാൽ എന്താണു് ഗുണം?''

''ദയവ് ചെയ്ത് കൂടുതലൊന്നും ചോദിക്കരുത്. രോഗം തീർച്ചയായും മറച്ചുപിടിക്കണം. ഇല്ലെങ്കിൽ . . . ഓ . . . എനിക്കതോർക്കുവാൻ പോലും വയ്യ . . . നാളത്തെ ഓപ്പറേഷൻ വിജയിക്കുന്നതിന്നു് ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ''.

''രാജൻ, നിങ്ങൾക്കെന്തുപററി?'' രാജനിൽ കണ്ട മാററം അയാളെ അത്ഭുതപ്പെടുത്തി.

''ഇതു് താങ്കൾക്കു് എനിക്കുവേണ്ടി ചെയ്യാവുന്ന ഏററവും വലിയ ഉപകാരമായിരിക്കും . . . ഞാൻ കേണപേക്ഷിക്കുകയാണു്''.

''ശരി രാജൻ; ഞാനങ്ങിനെ ചെയ്യാം. രാജന്റെ വിഷമം ഞാൻ കുറച്ചൊക്കെ മനസ്സിലാക്കുന്നു. വരൂ ഒരു കപ്പ് കാപ്പികുടിക്കാം''. മാത്യൂസ് ക്ഷണിച്ചു.

''താങ്ക്സ്, ഞാനിപ്പോഴില്ല. ഞാനൊന്നു് പോയിക്കിടക്കട്ടെ''. മുമ്പു് കാൻറീനിനെ ലക്ഷ്യമാക്കി ചലിച്ച കാലുകൾ അയാളെ കാൻറീനിൽ നിന്നകററി.

മനസ്സുനിറയെ അവളെപ്പററിയുള്ള ചിന്തയാണു്. ഫിസിയോളജിയിലെ ഗഹനമായ അദ്ധ്യായങ്ങൾ താൻ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ വിടർന്ന കണ്ണുകളോടെ, വിഷയത്തിൽ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുന്ന പഠനോത്സുകയായ വിദ്യാർത്ഥിനി!

കടപ്പുറത്തെ കുളിർക്കാറേററു് തന്റെ മാറിൽ നിർവൃതിയടയുന്ന ദാഹാർത്തയായ കാമുകി!

ഇതിനെല്ലാം പുറമെ, കളങ്കമെന്തന്നറിയാത്ത സുശീലയായ സ്വപ്നസുന്ദരി!

എന്തെല്ലാം ചിത്രങ്ങൾ!

എല്ലാം മറക്കുവാൻ ശ്രമിച്ചു.

ഹൃദയത്തിൽനിന്നു് തുടച്ചുമാററുവാൻ കഴിയാത്തവിധം അവൾ തന്നോടൊട്ടിച്ചേർന്നു കഴിഞ്ഞിരുന്നു. പക്ഷെ . . . അവളെ വിവാഹം ചെയ്താൽ തനിക്കൊരിക്കലും ഒരച്ഛനാകുവാൻ കഴിയുകയില്ല.

സുമയോടുള്ള അപാരമായ സ്നേഹം ഒരിടത്തു്! ഒരു പിതാവാകുവാനുള്ള അതിരററ അഭിലാഷം മറുവശത്തു്!

കല്ലോലങ്ങളിൽപ്പെട്ടു് ഇളകിമറിയുന്ന ഒരു ചെറു വഞ്ചിപോലെ അയാളുടെ മനസ്സ് ചഞ്ചലമായി. താൻ ഇന്നുവരെ ഹൃദയ ദേവതയായി പൂജിച്ച ആ നിഷ്ക്കളങ്കയായ പെൺകുട്ടിയെ ദുഃഖത്തിന്റെ അഗാധമായ കയത്തിലേക്കു് തള്ളിവിടുകയെന്നതു് അയാളെ സംബന്ധിച്ചിടത്തോളം പ്രയാസമേറിയ കാര്യമാണു്.

എന്നാൽ . . അവളെ വിവാഹംചെയ്തു് തന്റെ ഭാവി നശിപ്പിക്കുന്നതിനേക്കുറിച്ചയാൾക്കു് ചിന്തിക്കുവാൻപോലും വയ്യ.

ഇല്ല! താനവളെ വിവാഹം ചെയ്യുകയില്ല! ഈ ലോകത്തു് എത്രയെത്ര എല്ലാം തികഞ്ഞ സുന്ദരികളുണ്ടു്! താനെന്തിന്നു് ഒരു പെണ്ണിനെ ചൊല്ലി തന്റെ ജീവിതം നശിപ്പിക്കുന്നു?

ഇല്ല! തനിക്കൊരിക്കലും അവളെ തന്റെ ഭാവിവധുവായിക്കാണുവാൻ സാദ്ധ്യമല്ല.

കണ്ടുമറന്ന മുഖങ്ങളുടെ കൂട്ടത്തിലേക്കു് അവളെയും തള്ളിവിടട്ടെ!

പക്ഷെ ഓർമ്മകൾ തളിർത്തുനില്ക്കുമ്പോൾ അതെങ്ങിനെ സാധിയ്ക്കും!

അന്നു് . . . . .

കാററിനൊത്തു നൃത്തംവെയ്ക്കുന്ന കാററാടിമരങ്ങളുടെ ചുവട്ടിലൂടെ, സാഗരസംഗീതമാസ്വദിച്ചുകൊണ്ടു്, പൂഴിമണലിലൂടെ കൈകോർത്തു നടന്നു നീങ്ങിയപ്പോൾ അവൾ ചോദിച്ചു.

''രാജു, കാലത്തിന്റെ കൈകൾ എന്നെ വിരൂപയാക്കിമാററിയാൽ രാജുവെന്നെ ഇതേ ആവേശത്തോടെ സ്നേഹിക്കുമോ?''

''തീർച്ചയായും, എനിക്കു വേണ്ടതു് സുമയുടെ ശരീരമല്ല ഹൃദയമാണു്. നമ്മുടെ ഹൃദയൈക്യത്തിലാണു് സുമേ, ഞാൻ ദിവ്യമായ സ്നേഹം കാണുന്നതു്.'' അവളുടെ തിളങ്ങുന്ന കണ്ണുകളിലേക്കു് ഉററുനോക്കിയപ്പോൾ താൻ, തന്നെത്തന്നെ മറക്കുകയായിരുന്നു.

അന്നെന്തൊരാവേശമായിരുന്നു!

അന്നു് സ്നേഹത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു് പ്രസംഗിച്ച ആളാണോ താനെന്നയാൾക്കു് സംശയം തോന്നി.

ഇല്ല: തനിക്കതു സാദ്ധ്യമല്ല . . . . . സുമയെ മറന്നേ പററൂ. തനിക്കൊരച്ഛനാവണം. തന്റെ ഓമനക്കുഞ്ഞിനെ ഉമ്മവെച്ചുമ്മവെച്ചുറക്കണം.

അയാളുറച്ചു.

നടന്നുനടന്നു് സ്കൂട്ടറിന്റെ അടുത്തെത്തിയതറിഞ്ഞില്ല . . . അയാളുടെ മനസ്സ് വികാരംകൊണ്ടു് വീർപ്പുമുട്ടുകയായിരുന്നു.

സ്കൂട്ടറിൽ, ഹോസ്റ്റലിലേക്ക് യാത്രചെയ്യു മ്പോഠം തന്റെ തീരുമാനം, ദിവസങ്ങഠംക്കശേഷം എങ്ങിനെ സുമയെ അറിയിക്കുമെന്ന ചിന്തയായിരുന്നു, അയാളുടെ മനസ്സുനിറയെ.

* * * *

ഉറക്കമില്ലാത്ത രാത്രികഠം കൊഴിഞ്ഞുവീണു. ക്രിസ്തുമസ്സ് അവധിക്കാലത്തിന്നുശേഷം കോളേജ് തുറന്നു. നീണ്ട അവധിക്കാലത്തിന്നു ശേഷമുള്ള കൂടിച്ചേരലിൽ പലരും ആനന്ദംകൊണ്ടു; കൂട്ടവിട്ട പക്ഷികഠം കൂട്ടചേരുമ്പോഴെന്നപോലെ.

ഈ ദിവസങ്ങഠം ഡോക്ടർ രാജനിൽ വലിയ മാററങ്ങഠം വരുത്തി. ആ മൌനം താങ്ങാനാവാത്ത ഹൃദയഭാരത്തെ വിളിച്ചറിയിച്ചു. എപ്പോഴുമൊരേ ചിന്ത അവളെപ്പററി; തന്റെ തീരുമാനത്തെപ്പററി. കഴിയുന്നതും അവളിൽനിന്നൊഴിഞ്ഞു മാറുവാൻ നോക്കി . . . ആ മുഖത്തു നോക്കുവാൻ അശക്തനായിരുന്നു.

പ്രൊഫസർ ചോദിച്ചപ്പോഠം സുഖമില്ലായിരുന്നുവെന്നു പറഞ്ഞാണ് രക്ഷപ്പെട്ടതു്.

കളവുപറയുകയെന്നതു് അയാളെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമല്ല—പ്രത്യേകിച്ച് ഒരു ഡോക്ടർക്ക് . . . .

ഇമ്പമുള്ള, ആശ്വാസപ്രദങ്ങളായ വാക്കുകളാണു് രോഗികളെ രോഗത്തിൽനിന്നു അധികവും വിമുക്തരാക്കുന്നതു്.

മുറിയിലെ നിശബ്ദത അയാളെ അസ്വസ്ഥനാക്കി . . .

എല്ലാം മറക്കുവാൻ കഴിഞ്ഞെങ്കിൽ!

ഓർമ്മകളുടെ ലോകത്തിലേക്ക് വഴുതിവീഴുവാൻ തുടങ്ങുമ്പോഴാണ് ആ കിളിനാദം നിശ്ശബ്ദമായ അന്തരീക്ഷത്തിൽ മുഴങ്ങിയതു്.

"May I get in ?"

സുമ!!! അയാളുടെ ഹൃദയം ശക്തമായിടിക്കുവാൻ തുടങ്ങി. "Yes get in," അയാളുടെ ചുണ്ടുകഠം യാന്ത്രികമായി ചലിച്ചു. ഹാഫ്ഡോർ തുറന്നു് അവഠം അകത്തുകടന്നു.

"Good morning sir." അവഠം പുഞ്ചിരിച്ചുകൊണ്ടു് പറഞ്ഞു.

രോഗംമൂലം ക്ഷീണിച്ചിട്ടുണ്ടെങ്കിലും അവളുടെ കണ്ണുകളിലെ തിളക്കം നഷ്ടപ്പെട്ടിട്ടില്ലെന്നയാഠം ശ്രദ്ധിച്ചു.

"Good morning." അയാഠം ചിരിക്കുവാൻ ശ്രമിച്ചു.

"മാത്യൂസ് സാറില്ലേ? ഒന്നു കാണേണ്ടിയിരുന്നു."

"ഇവിടെയില്ല" സ്വരം കുറച്ചു കടുത്തുപോയോ?

പണ്ടു് അവളിങ്ങിനെ ചോദിക്കുമ്പോഠം താൻ ചോദിക്കാറുണ്ടു്. "മാത്യൂസ് സാറിനെ മാത്രമെ കാണണമെന്നുള്ളു?"

അപ്പോഠം—ആ മുഖത്തു് പുഞ്ചിരിവിരിയും. തുടുത്ത കവിളുകളിൽ നുണക്കുഴികഠം പൊട്ടിവിടരും.

ആ നുണക്കുഴികഠംനോക്കി നിമിഷങ്ങളോളം നിന്നുപോയിട്ടുണ്ടു്.

തന്റെ ഭാവഭേദം അവളെ അമ്പരപ്പിച്ചിരിക്കാം.

"വരട്ടെ, സാർ" അവഠം തിരിഞ്ഞുനടക്കുവാൻ തുടങ്ങി.

"സുമേ . . . ."

അവഠം തിരിഞ്ഞുനിന്നു.

"ഇവിടെവരൂ . . . ."

ആ കണ്ണുകഠം ആകാംക്ഷാഭരിതങ്ങളായിരുന്നു.

"ഞാനൊന്നു ചോദിക്കട്ടെ?"

"അതിനെന്റെ സമ്മതം വേണോ?"

"വേണം . . . . ചോദ്യം അത്തരത്തിലുള്ളതാണു് . . . സുമയെന്നെ സ്നേഹിക്കുന്നുണ്ടോ?"

"സാ . . . ർ" ചോദ്യം കേട്ടവഠം തരിച്ചുനിന്നുപോയി. തന്നെ മാറോടണച്ചു് ചുംബിക്കാറുള്ള രാജനാണു് ഇതു പറഞ്ഞതെന്നു് അവഠംക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

"അങ്ങെന്താണിങ്ങിനെ ചോദിക്കുന്നതു്? അങ്ങേയ്ക്കു് ഭ്രാന്താണു്. അന്നു് കടൽത്തീരത്തുവെച്ചു അങ്ങെന്നോടിതേ ചോദ്യം ചോദിച്ചില്ലേ . . . അതിന്നു ഞാൻ മറുപടിയും തന്നില്ലേ? ഇന്നും ഇതു ചോദിക്കുന്നതെന്താണു്?" അവഠം വിതുമ്പുവാൻ തുടങ്ങിയിരുന്നു.

"സുമേ . . ." വാക്കുകഠം തൊണ്ടയിൽത്തടഞ്ഞു. "നമ്മുടെ വിവാഹം ഒരിക്കലും നടക്കുവാൻ പോകുന്നില്ല . . . അതുകൊണ്ടു് സുമയെന്നെ മറക്കണം . . ."

"സാ . . . ർ . ." ഹൃദയം പൊട്ടിയുള്ള വിളിയായിരുന്നു അതു്.

"കാരണം? . . . പറയൂ സാർ . . . ഞാനങ്ങയോടു് എന്തു തെററുചെയ്തു? ഹൊ! എനിക്കതിനെപ്പററി ചിന്തിക്കുവാൻപോലും വയ്യ! പറയൂ, ഞാനെന്തു തെററുചെയ്തു?" അവൾക്കു് കരച്ചിലടക്കുവാൻ കഴിഞ്ഞില്ല.

"തെററു് എൻെറ പക്ഷത്താണു് . . . സുമ നശിക്കുന്നതു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല . . സുമേ . . നിന്നെ ഞാൻ സ്നേഹിക്കുന്നു . . . എൻെറ ജീവൻെറ ജീവനായി . . . അതുകൊണ്ടാണു് ഞാനിതു പറയുന്നതു് . . . സുമയെന്നെ മറക്കൂ . . ."

"സാദ്ധ്യമല്ല . . . സാർ . . . സാദ്ധ്യമല്ല . . . അങ്ങേയ്ക്കിതെങ്ങിനെ പറയുവാൻ തോന്നി . . . . അങ്ങില്ലാത്ത ജീവിതം എനിക്കു സങ്കല്പിക്കുകകൂടി സാദ്ധ്യമല്ല . . ."

"സുമേ . . . സുമയുടെ ജീവിതം നശിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല . . . നമ്മുടെ വിവാഹജീവിതം ഒരു പരാജയമായിരിക്കും . . സുമയെ ഒരമ്മയാക്കുവാൻ എനിക്കു കഴിയുകയില്ല . . . . എന്നെ മറന്നേക്കൂ . . . നല്ലൊരു വിവാഹജീവിതം സുമയ്ക്കുവേണ്ടി കാത്തുനില്ക്കുന്നു . . . . പോകൂ . . . എന്നെ വിവാഹം കഴിച്ചു് ഭാവി നശിപ്പിക്കാതിരിക്കൂ . . ." എങ്ങിനെ തനിക്കിതു പറയുവാൻ ശക്തിയുണ്ടായെന്നു് അയാൾക്കുതന്നെ നിശ്ചയമില്ലായിരുന്നു.

"ഹും" അവളുടെ മുഖത്തു് ദുഃഖത്തിന്നുപകരം പരിഹാസം സ്ഫുരിക്കുന്നതയാൾ കണ്ടു. "ഇത്രയൊക്കെയായിട്ടും അങ്ങെയ്ക്കെന്നെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ലേ?"

അയാളുടെ അടുത്തുചെന്നു് ആ ചുമലിൽ കൈവെച്ചുകൊണ്ടവൾ പറഞ്ഞു;

"എനിയ്ക്കൊരച്ഛനെയല്ല ആവശ്യം . . സ്നേഹസമ്പന്നനായ ഒരു ഭർത്താവിനെയാണു് . . . അങ്ങയിലാണു് ഞാനെൻെറ ഭാവിവരനെ കാണുന്നതു്. അങ്ങില്ലാത്ത ജീവിതം ഞാനിഷ്ടപ്പെടുന്നില്ല . . . ദയവുചെയ്തെന്നെ വേദനിപ്പിക്കാതിരിക്കൂ" അവൾ കേണപേക്ഷിച്ചു.

അയാൾക്കുതൻെറ കാതുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. താൻ പരാജിതനാകുകയാണോ?

ഇതറിഞ്ഞിട്ടും അവൾ തന്നെ സ്നേഹിക്കുന്നു!

സുമയുടെ സ്നേഹത്തിൻെറ ചൂടു് അയാൾക്കനുഭപ്പെട്ടു.

സുമയെന്ന സ്ത്രീസ്വരൂപകരം ഒരു ദേവതയെയാണു് അയാൾ അവളിൽ കണ്ടതു്. ആ സ്നേഹത്തിൻെറ മുന്നിൽ താൻ അലിഞ്ഞുപോകുകയാണെന്നയാൾക്കുതോന്നി.

തൻെറ ഹൃദയശൂന്യതയെക്കുറിച്ചയാൾ ഓർത്തു; ഒപ്പം സുമയുടെ ഹൃദയ ശുദ്ധിയെക്കുറിച്ചും.

"സുമെ . . . എനിക്കു മാപ്പുതരൂ . . . ഇനിയൊരിക്കലും നിന്നെ ഞാൻ വേദനിപ്പിക്കുകയില്ല . . . സുമയ്ക്കെന്നോടുള്ള സ്നേഹത്തിൻെറ ആഴം ഞാൻ മനസ്സിലാക്കുന്നു . . . എന്നോടു ക്ഷമിക്കൂ . . ." അതു പറയുമ്പോൾ അയാളുടെ മനസ്സു് അപരാധബോധത്താൽ വിങ്ങിപ്പൊട്ടുകയായിരുന്നു.

"സാരമില്ല . . . അങ്ങെന്നെ മനസ്സിലാക്കിയില്ലെന്നുള്ള വേദന മാത്രമെ എനിക്കുള്ളു . . . അങ്ങെൻെറ എല്ലാമാണു്. അങ്ങേയ്ക്കുള്ള എല്ലാ കുറവുകളും ഞാൻ സഹിച്ചോളാം . . . . ഒരിക്കലും പിരിയാത്ത ഇണക്കുരുവികളെപോലെ നമുക്കു ജീവിക്കുവാൻ കഴിഞ്ഞെങ്കിൽ . . ."

"തീർച്ചയായും കഴിയും സുമെ, തീർച്ചയായും."

വർദ്ധിച്ച വികാരാവേശത്തോടെ അയാൾ അവളെ മാറോടണച്ചു. സുശക്തമായ ആ കരവലയത്തിൽ അവൾ സുരക്ഷിതത്വം കണ്ടെത്തുകയായിരുന്നു.

അനഘനിമിഷങ്ങൾ!

അയാളവളുടെ തിളങ്ങുന്ന കണ്ണുകളിലേക്കു് ഉററുനോക്കി. ആ കണ്ണുകളിലെ ദിവ്യപ്രകാശം അയാളെ നോക്കി പരിഹസിക്കുകയായിരുന്നില്ലേ?

# "തിരുസന്നിധിയിൽ"

എം. വേണുഗോപാലൻ, II ബി. എസ്സ്. സി. (കെമിസ്ട്രി.)

കൊടുങ്ങല്ലൂർ കോവിലകത്തിൻെറ അന്തർഭാഗം. രാജോചിതമായ മണിമാളികകൾ, അംബരചുംബികളായ ഗോപുരങ്ങൾ. കനത്ത കോട്ടമതിലുകൾ. ഉയർന്ന സ്ഫടികവാതായനങ്ങൾ. എല്ലാം അന്നും ഇന്നും അവിടെ പണ്ടത്തെപോലെ നിൽക്കുന്നു. പക്ഷെ അവിടെ എന്തോ ഒരു പ്രശാന്തമൂകത! അതിനെ തട്ടിത്തകർത്തുകൊണ്ടു് ചിലപ്പോൾ കടവാതിലുകളുടെ കരച്ചിലോ, അമ്പലപ്രാവിൻെറ മൂളക്കങ്ങളോ മാത്രമേ രംഗപ്രവേശനം ചെയ്യുന്നുള്ളു. ഞാനോർത്തുപോയി. ഒരുകാലത്തു് കത്തിക്കാളിനിന്നിരുന്ന രാജവംശം. അതിൻെറ സിരാകേന്ദ്രമായ രാജധാനി. അതു് വെറുമൊരു സ്ഥലമല്ലെന്നു് എനിക്കുതോന്നി. മഹത്തായ ഒരു സംസ്കാരത്തിൻെറ പാവനസ്മരണക്കു മുമ്പിൽ ഞാൻ തെല്ലൊന്നു ചൂളിപ്പോയി. വർഷങ്ങൾക്കുപിന്നിൽ ചെങ്കോലുപിടിച്ച രാജാക്കന്മാർ കിരീടംവെച്ചു് ആജ്ഞാപിച്ചിട്ടുണ്ടു്. കൊലക്കും കൊള്ളക്കും അഭയവും, ആജ്ഞയും നൽകിയിരുന്ന കനത്ത ശബ്ദങ്ങൾ ആ ചുമരുകളിൽ പതിഞ്ഞിട്ടുണ്ടോ എന്നുവരെ എനിക്കുതോന്നി. പക്ഷെ ഇന്നവിടെ യാതൊന്നുമില്ല. ഭൂതകാലത്തിൻെറ മാധുരസ്മരണകളല്ലാതെ!

ഞാൻ ആ കോട്ടവാതില്ക്കൽ എത്തിയപ്പോഴേക്കും അറിയാതെ ഒന്നു നിന്നു. ഇല്ല, പേടിക്കാനൊന്നുമില്ല. ആരോടും സമ്മതം ചോദിക്കേണ്ടതില്ല. ഊരിപ്പിടിച്ച വാളുമായി കാവലുനില്ക്കുന്ന പട്ടാളക്കാരെ ഒന്നും ഞാനവിടെ കണ്ടില്ല. ആന നടന്ന കാലടിപ്പാടുകളോ, കുതിരയുടെ കുളമ്പടിശബ്ദമോ, ഞാനവിടെ കണ്ടതോ കേട്ടതോ ഇല്ല. എല്ലാം ഭൂതകാലത്തിൻെറ മായാത്ത അവശിഷ്ടങ്ങൾ മാത്രമാണു്. ഒരുകാലത്തു് രാജാവിൻെറ ആശ്രിതന്മാരും, കാര്യക്കാരും, മന്ത്രിമാരും, പട്ടാളക്കാരും, ഭൃത്യന്മാരും നിറഞ്ഞു് ആഭാടപൂർണ്ണമായ ജീവിതം. ഇന്നവയെല്ലാം, ചരിത്രത്തിൻെറ ഏടുകളിൽമാത്രം അവശേഷിക്കുന്നതാണു്. തെല്ലൊന്നു മുന്നോട്ടുപോകാൻ എനിക്കു പേടിതോന്നിയെങ്കിലും—മുന്നോട്ടുതന്നെ നടന്നു. മുന്നിലും പിന്നിലും ആരേയും നോക്കാതെ. ഇരുട്ടത്തു് മറഞ്ഞുനിന്നതോ, വെളിച്ചത്തു് പ്രത്യക്ഷപ്പെട്ടതോ ഞാനൊന്നും കണ്ടില്ല. അപ്പോഴെൻെറ മനസ്സു് പിൻമടങ്ങുകയായിരുന്നു. വെളിച്ചമാർന്ന വർത്തമാനകാലത്തുനിന്നും, ഇരുളടഞ്ഞ ആ ഭൂതകാലത്തിലേക്കു്. എന്തെന്നില്ലാതെ, എങ്ങോട്ടെന്നില്ലാതെ. ഞാനെങ്ങും തിരിഞ്ഞുനോക്കാതെ നേരെ നടന്നു. ചുററും ഇരുളടഞ്ഞ ഇടവഴികൾ, പൊട്ടിപ്പൊളിഞ്ഞ കൽപ്പടവുകൾ. അവയിൽക്കൂടി തല പുറത്തേക്കിട്ടുനില്ക്കുന്ന സർപ്പങ്ങൾ. വെളിച്ചത്തു് ഓളം വെട്ടുന്ന കസവുസാരികൾ. എല്ലാം എല്ലാം. എൻെറ കൺമുമ്പിലൂടെ കടന്നുപോയതുപോലെ തോന്നി. ഞാൻ നടന്നു നടന്നെത്തി—ചുററും പുതിയ വെളിച്ചം വീണടഞ്ഞ കരിങ്കല്ലുകൾ. അവക്കിന്നൊരു പുതിയ ശോഭയുണ്ടു്. എൻെറ ചുററും വെട്ടം പരന്നു. എല്ലാം കുറെശ്ശെ കാണാൻ തുടങ്ങി. അപ്പോഴവിടെ കാര്യക്കാരുണ്ടായിരുന്നു. വെളുത്തു പൊന്തിനില്ക്കുന്ന ഉഷ്ണീഷത്തിൽ പച്ചക്കരയുള്ള പാറാവുകാരുണ്ടായിരുന്നു. കാര്യഗൗരവംകൊണ്ടോ, ധൃതികൊണ്ടോ എന്തോ എന്നെയും തള്ളിനീക്കിക്കൊണ്ടു കടന്നുപോയ കാര്യക്കാരെ കണ്ടപ്പോൾ എനിക്കു മനസ്സിലായി ഞാൻ നടന്നു നടന്നു് എത്തിയതു് മറെറവിടെയുമല്ല. ആ മഹാ രാജധാനിയിൽ—ആ തിരുസന്നിധിയിൽ.

ഞാൻ ചുററുപാടും ഒന്നു നോക്കി എല്ലാം രാജോചിതങ്ങളായ മണിമാളികകളാണു്. അവിടെ അലങ്കാരത്തിനു തൂക്കിയിട്ട അലങ്കാരവിളക്കുകളിൽ സൂര്യപ്രകാശംതട്ടി ഒളിമിന്നുന്ന പ്രകാശമാണു് ചുററുപാടും. അപ്പോഴവിടെ ആൾക്കാരെകൊണ്ടൊരു പൊടിപൂരമായിരുന്നു. ഉച്ചത്തിൽ വിളിച്ചുപറയുന്ന പട്ടന്മാർ. കാര്യമില്ലെങ്കിലും

ഉറക്കെ സംസാരിക്കുന്ന നായന്മാർ. എന്നുവേണ്ട എല്ലാം എല്ലാം. ചുരുക്കത്തിൽ ഞാനൊരു മഹാ ജനസമുദ്രത്തിന്റെ നടുവിലായിരുന്നു, ഒരു രാജകൊട്ടാരത്തിൽ.

മുകളിലേയ്ക്കു് കയറുന്ന കോവണിപ്പടിയിൽ ആയുധധാരിയായ ഒരു പട്ടാളക്കാരനോടു് ഞാൻ ചോദിച്ചു.

“അല്ല തിരുമേനി അവിടെ ഉണ്ടോ.”

‘ഉണ്ടു്’’ ഉത്തരം ഉടനെ വന്നു. ഇപ്പോഴത്തെ പാറാവുകാരെപ്പോലെയല്ലാ.

“അല്ലാ കാണാൻ പററോ” ഞാൻ വീണ്ടും ചോദിച്ചു.

“ചർച്ച നടന്നുകൊണ്ടിരിക്കയാണു് കാണേണ്ടവർക്കു കാണാം.” ഏതായാലും ചോദിച്ചതിനുള്ള മറുപടിയായി. പക്ഷെ പോകണമോ, പോകണ്ടയോ. തെല്ലൊരു സംശയം. അപ്പോഴെനിയ്ക്കൊരു നവചൈതന്യം കിട്ടിയതുപോലെ തോന്നി. ഇത്രദൂരം വന്നിട്ടു് കാണാതെ പോവുകയോ? മോശം. ഞാൻ ധൈര്യമവലംബിച്ചുകൊണ്ടു തന്നെ കോവണിപ്പടികൾ തച്ചുതകർത്തുകൊണ്ടു കയറിച്ചെന്നു. വേറെ എവിടെയും നിന്നില്ല. ആ സന്നിധിയിലേയ്ക്കുതന്നെ.

ആ വിശാലമായ മുഖത്തു് ഞാൻ കുറച്ചുനേരം നോക്കിനിന്നു. പരിശുദ്ധമായ ഒരു പുഞ്ചിരി. കവിതയുടേതുതന്നെ എന്നെനിയ്ക്കുതോന്നി. നീട്ടി വളർത്തി കെട്ടിയിട്ട കുടുമ വലത്തോട്ടിട്ടിരിയ്ക്കുന്നു. വിശാലമായ ആ നെററിയിൽ മുഴുവനും ചന്ദനമാണു് സ്ഥാനം പിടിച്ചിരിയ്ക്കുന്നതു്. തടിച്ചു കൊഴുത്ത ശരീരം. നീളമുള്ള മൂക്കു്. വട്ടം പിടിച്ചുനിൽക്കുന്ന ചെവികൾ. ഉയർന്ന രോമാവൃതമായ മാറിടം. സ്വല്പം കുംഭയുള്ള വയററത്തു് കയററി ഉടുത്തിരിയ്ക്കുന്ന കറുത്ത കരക്കാരൻ പാവുമുണ്ടു്. ചുമലിൽ നല്ല കസവുവേഷ്ടി. അദ്ദേഹം സിംഹാസനത്തിലാണു്, ചുററുപാടും വേറെ ചിലരുമുണ്ടു്. എല്ലാവരും നമ്രസിരസ്കരായി തോർത്തരയിൽകെട്ടി ആചാരപൂർവ്വമാണു് നില്പു്. ഞാനതൊന്നും ശ്രദ്ധിച്ചില്ല. ആരെങ്കിലുമാകട്ടെ. പക്ഷെ തനിയ്ക്കു ആചാരമര്യാദാപൂർവ്വം നില്ക്കാനൊന്നും വയ്യ. എല്ലാവരുടെയും മുമ്പിൽ തല പൊന്തിച്ചുതന്നെ സംസാരിക്കണം. ആരുടെ മുമ്പിലും ഈ തലതാഴ്ത്താൻ വയ്യ എന്നു ഞാനും വിചാരിച്ചു. അങ്ങിനെ സദാ പുഞ്ചിരിയാർന്ന ആ മുഖത്തു് നോക്കിക്കൊണ്ടു് ഞാൻ തെല്ലുനേരമൊന്നു നിന്നു. എന്തു പറയണമെന്നറിയാതെ എങ്ങിനെ തുടങ്ങണമെന്നറിയാതെ. പക്ഷെ ഇങ്ങനെ എത്രനേരം നില്ക്കും. അവസാനം ഞാൻ വരുന്നതു വരട്ടെ എന്നു കരുതി. അപ്പോഴെയ്ക്കും അദ്ദേഹംതന്നെ ഇങ്ങോട്ടുതുടങ്ങി.

“എന്താണു് പോന്നതു് വല്ല സംശയവും കൊണ്ടാണോ” തീരെ അപ്രതീക്ഷിതമായ ഒരു ചോദ്യം. എന്നാൽ മുൻകൂട്ടി വല്ലതും കരുതുമായിരുന്നു. ആ താംബൂലചർവ്വണത്തിൽക്കൂടി കടന്നുവന്നതുകൊണ്ടായിരിയ്ക്കാം അതിന്നിത്ര എരുവെന്നു ഞാൻ കരുതി.

‘ഈശ്വരാ സംശയമോ’ എനിയ്ക്കപ്പോഴാണു് സ്വബോധം വന്നതു് അതോടുകൂടി എന്റെ വയററിലൊരു ഇടിത്തീ വീണതുപോലെതോന്നി. ‘എന്നാൽ അസ്സലായി. വല്ല സംശയവുംകൊണ്ടു് കയറിച്ചെല്ലാൻ പററിയ ഒരു സ്ഥലം. സംശയങ്ങൾ തീർന്നില്ലെങ്കിൽ, തീരണ്ടാ എന്നു വെയ്ക്കുകയല്ലാതെ അവിടുത്തെ സന്നിധിയിൽ ഇവൻ സംശയവുമായി വരികയോ. ശിവ ശിവ. കവി സമ്രാട്ടായ അവിടുന്നു് എന്റെ സംശയം കേട്ടാൽ ചിരിച്ചുപോകില്ലേ? ആ ചിരി കേട്ടുകൊണ്ടു് ഞാനെങ്ങിനെനില്ക്കും. ആ മറുപടികേൾക്കാൻ എനിയ്ക്കു ധൈര്യമുണ്ടോ എന്തോ’ ഞാനിതെല്ലാം അറിയാതെ തന്നെ ചിന്തിച്ചു. അദ്ദേഹം എന്റെ മുഖഭാവംകണ്ടു് ഇതെല്ലാം മനസ്സിലാക്കിയോ. ആവോ, എന്നിട്ടു് പറയാൻ തുടങ്ങി. “എന്താണു് സംശയം? എന്തുതന്നെയായാലും പറഞ്ഞോളൂ എന്തും ചോദിച്ചോളൂ. ഒന്നും ഭയപ്പെടേണ്ട ഞങ്ങളെല്ലാം കേൾക്കട്ടെ. എന്നിട്ടു് എന്തു തെററായാലും അബദ്ധമായാലും ഞങ്ങളിലാരെങ്കിലും തിരുത്തിത്തരാം.” കാര്യം കൂടുതൽ വഷളാകുന്ന ഭാവമാണു്. ഇതേവരെ, ഒരു കവി സമ്രാട്ടിനെ ഭയപ്പെട്ടപ്പോൾ, ഇവിടെ ഉള്ളവരെല്ലാം കവികളാണെന്നോ? കൊടുങ്ങല്ലൂർ കവിസംഘത്തിന്റെ മുമ്പിലാണു് താനെത്തിപ്പെട്ടതെന്നോ? ഹര ഹര. എനിയ്ക്കൊന്നും പറയാനും ചോദിയ്ക്കാനും ഇല്ല. ഏതായാലും ഇപ്പോഴൊട്ടുപോരാനും പററില്ല. ആ കുരുത്തംകെട്ട കാവൽക്കാരനാണെങ്കിൽ ചർച്ചയാണെന്നേ പറഞ്ഞുള്ളൂ. വല്ല രാജകാര്യങ്ങളെ

ല്ലാതെ കവിതയുടെ ചച്ച്യാണെന്നോ? ഇതെ ഞാൻ മുന്നെ അറിഞ്ഞിരുന്നെങ്കിൽ താൻ ഓടി ഒളിയ്ക്കുമായിരുന്നു. വല്ല കോട്ടവാതില്ക്കലെങ്കിലും.

ഇനി എന്തുചെയ്യും? എൻെറ മനസ്സ് വല്ലാതെ മിടിയ്ക്കാൻ തുടങ്ങി. ഏതായാലും പൂർണ്ണധൈര്യത്തോടുകൂടിതന്നെ ചോദിച്ചു. “തിരുമേനീ. അങ്ങെയ്ക്കെന്തുകൊണ്ടാണ് ഇത്രവേഗത്തിൽ കവിതരചിയ്ക്കുവാൻ കഴിയുന്നതു്?” ഞാൻ ചോദിയ്ക്കാൻ വിചാരിച്ച ചോദ്യം. ആദ്യം തന്നെ അങ്ങട്ട് ചോദിച്ചു. മറെറാന്നും വേണ്ടപ്പോൾ ചോദിയ്ക്കാൻ പററിയില്ല. ഒരു പക്ഷെ ഇയാളുടെ ചോദ്യത്തിന്നൊരാമുഖമൊന്നും ഇല്ലെന്നു തമ്പുരാൻ വിചാരിയ്ക്കും. ഏതായാലും പോകട്ടെ. അവയെല്ലാം പിന്നീടു ചോദിയ്ക്കാമെന്നുകരുതി ഞാൻ ചെവിയും കൂർപ്പിച്ച് ഉത്തരത്തിന്നായിനിന്നു. അധികസമയമൊന്നും വേണ്ടിവന്നില്ല. ആതാംബൂലരസം തെല്ലൊന്നാസ്വദിച്ച് അദ്ദേഹം പറയാൻ തുടങ്ങി. “നിമിഷകവനത്തിൻെറ രഹസ്യമാണോ ചോദിച്ചതു്? അതെന്താണ്! നാമെല്ലാം ഇന്നിന്നതു് അപ്പപ്പോൾ സംസാരിയ്ക്കണം എന്നൊക്കെ എഴുതിപഠിച്ചിട്ടാണോ സംസാരിയ്ക്കുന്നതു്? അതോ മനസ്സിലുള്ള ആശയമങ്ങു മലയാളത്തിൽ പറയുകയോ?”

“എന്തു്? മനസ്സിൽ അപ്പാപ്പോൾ തോന്നുന്ന ആശയം മലയാളത്തിൽ പറയുംപോലെയോ? അതാണോ കവിത; അപ്പോൾ അങ്ങേയ്ക്കു് കവിതാരചന അത്രയ്ക്കു് സംസാരിയ്ക്കുംപോലെ സാദ്ധ്യമാണെന്നോ. ഈ പറയുന്നതെല്ലാം കവിതയിലാക്കാൻ സാധിയ്ക്കുമെന്നോ? എന്തു്?” ഞാൻ തെല്ലൊന്നു് അതിശയം പൂണ്ടുതന്നെ നിന്നു.

“അതേ നമ്മളിന്നു് പറയുന്നതുപോലെ എന്താ, കവിതയെഴുതിക്കൂടേ, ഈ കവിത എന്നുപറയുന്നതു് പിന്നെ ആരെഴുതുന്നതാ; അല്ലെങ്കിൽ അതിന്നു് വേറെ വല്ല സമയവും ഉണ്ടോ പ്രസവംപോലെ.” ഇല്ല എനിയ്ക്കു് യാതൊരു സംശയവും ഇല്ല. ഇനി ഉണ്ടാവുകയുമില്ല. എന്നുപറഞ്ഞു് തൊഴുതുകുമ്പിട്ടു് തിരിഞ്ഞോടാനാണ് തോന്നിയതു്. കാരണം അവിടെ നിന്നാൽ ഇനി വലിയ രക്ഷയില്ല എന്നല്ല കാര്യം കൂടുതൽ വഷളാവുകയും ചെയ്യും. വല്ല കവിതയും ചൊല്ലൂ, എന്നെ ഞാൻ പറഞ്ഞാൽ തമ്പുരാനോടു് പണ്ടു് കൊച്ചുണ്ണിത്തമ്പുരാൻ പറഞ്ഞപ്പൊഴെയ്ക്കും ഉണ്ടാക്കി ചൊല്ലാനൊന്നും തനിക്കു പററില്ല. അതിന്നൊരു ഗർഭധാരണംതന്നെവേണം. പത്തുമാസംപോരാ കൊല്ലങ്ങൾതന്നെ ഗർഭവും പേറിനടക്കണം. അവസാനം അതിൻെറ പ്രസവം ഒരു ശുഭമുഹൂർത്തത്തിൽ തന്നെ നടന്നാലും കുട്ടി പലപ്പോഴും ചാപ്പിള്ളയാകും. പിന്നെ അതിന്നൊരുപടി, മേജർ ഓപ്പറേഷൻതന്നെ വേണം. എന്നാലുണ്ടോ കുട്ടി ജീവിയ്ക്കുന്നു? പിന്നേയുമുണ്ടു് നിരൂപകന്മാരുടെ ഒരു മെഡിക്കൽ ടെസ്റ്റ്. അതിലവർ ഇല്ലാത്തരോഗം കൂടിയും ഉണ്ടെന്നു് വിധി എഴുതും. പിന്നെ അതിന്നു മരുന്നുകൊടുത്താലെ കുട്ടിയ്ക്കു് ജീവനുണ്ടാകൂ. പിന്നല്ലേ, കുട്ടിയുടെ അച്ഛനാകൽ!” സ്വരം നന്നാവുമ്പോൾ പാട്ടുനിർത്തുകയാണ് നല്ലതെന്നു് എനിയ്ക്കുതോന്നി. പാട്ടുനിർത്തിയാലും രക്ഷയില്ല. എന്നാൽ രീതി—രാഗം—ഒന്നു മാററിയേയ്ക്കാം. എന്നാലെ അവിടെനിന്നു രക്ഷപ്പെടുകയുള്ളു. അതിന്നൊരു വിഷയം ഒരു ചോദ്യം അഥവാ ഒരു രീതി ഞാൻ കണ്ടുപിടിച്ചു. തമ്പുരാൻെറ നേരെ തന്നെ ഒരു അസ്ത്രം പ്രയോഗിയ്ക്കുന്നതുപോലെ പ്രയോഗിച്ചു. തമ്പുരാന്നു് ചേൽക്കണ്ണിമാരുടെ പുരികക്കൊടിയിൽ കുലച്ച പുഷ്പാസ്ത്രവും തട്ടുതശീലമേ ഉണ്ടാകൂ എന്നു ഞാൻ കരുതി. എന്നാലെങ്കിലും തമ്പുരാനെ ഒന്നു തോല്പിയ്ക്കാമല്ലോ.

ഞാൻ ആ വിഷയം മാററി ചോദിച്ചു “തിരുമേനീ, അവിടുത്തെ കവിതാ രഹസ്യം അഥവാ കവിതയിലെ ജീവിതാവിഷ്കരണമെന്താണ്?” “ജീവിതാവിഷ്കരണമോ” അദ്ദേഹമൊന്നു് എടുത്തുചോദിച്ചു. കുറച്ചു നേരത്തെ ആ ഗൗരവംകൊണ്ടു് വീണ്ടും പുഞ്ചിരി കളിയാടികൊണ്ടുതന്നെ പറഞ്ഞു, “എന്തു് ജീവിതാവിഷ്കരണം. ഞാൻ പറയുന്നതെല്ലാം കവിതയാണ്. പറയുന്നതും, എഴുതുന്നതും, സംസാരിയ്ക്കുന്നതും. അവയെല്ലാം ആശയവിനിമയത്തിന്നാണ് കൂടുതൽ ഉപകരിയ്ക്കുന്നതും. ചിലപ്പോൾ ചമൽക്കാരപൂർണ്ണതയിലൂടെ മനുഷ്യമനസ്സിനെ സന്തോഷിപ്പിയ്ക്കാനും. ഇവിടെ എവിടെയാണീ ജീവിതാവിഷ്കരണം കുത്തിച്ചെലുത്തുക. അല്ലെങ്കിൽ അതിൻെറ ആവശ്യമെന്തു്? അതൊക്കെ ഇത്തിരി വല്ലതും എഴുതുന്നവർക്കല്ലേ? പിന്നെ ഞാനതൊട്ടു് ലക്ഷ്യം വെച്ചിട്ടുമില്ല. ഉൾക്കൊള്ളിച്ചിട്ടുമില്ല. അങ്ങനെ ചെയ്യണമെന്നു് വിചാരിയ്ക്കുന്നുമില്ല”.

"ഹാ ഹാ ആധുനിക മഹാകവികൾ ആവോളം തങ്ങളുടെ സന്താനങ്ങളിൽ ചെറുപ്പത്തിലേ കുത്തി നിറച്ചതും, നിരൂപകന്മാർ എനിമ എടുത്തിട്ടെങ്കിലും പുറത്ത് കൊണ്ടുവന്ന് നല്ലതാണെന്ന് പ്രസംഗിച്ചതും ഒന്നും അങ്ങയുടെ കവിതയിലില്ലേന്നോ". എന്നാൽ മോശം വളരെ മോശം എന്ന് പറഞ്ഞു മുദ്രാവാക്യം വിളിക്കാൻ കൂടി എനിക്ക് തോന്നി. പക്ഷെ രാജസദസ്സല്ലേ. ആ ശബ്ദങ്ങൾക്ക തന്നെ തൂക്കികൊല്ലാൻവരെ ശക്തിയുണ്ട്. ഞാൻ ഒന്നും പറയാതെ കുറച്ചു നേരം മിണ്ടാതെ നിന്നപ്പോഴാണ് എനിക്ക് അദ്ദേഹത്തിന്റെ കവിതാംഗനയെ പൂർണ്ണമായൊന്ന് കാണാൻ പററിയത്. അവൾ സർവ്വാംഗീണ സുന്ദരിയാണ്. ആവോളം സൗന്ദര്യവും അവൾക്കുണ്ട്. കൃത്രിമത്വവും അകൃത്രിമത്വവും കൂടി കലർന്നത്! പക്ഷെ തനി മണ്ടിയാണെന്ന് എനിക്ക് പിന്നീടാണ് മനസ്സിലായത്. ഞാനവളുടെ രൂപഭംഗിയിൽ അങ്ങ് മുഴുകിപ്പോയിരുന്നു.

ഞാൻ തിരിഞ്ഞുനോക്കിയപ്പോഴതാ ഒരു വൃദ്ധൻ വരുന്നു കുഞ്ഞിക്കുട്ടൻ തമ്പുരാൻ അദ്ദേഹത്തിന്ന് പീഠംനീക്കിയിട്ട് ആദരിച്ചിരുത്തുന്നു. ഞാൻ തെല്ലൊന്ന് സംശയിച്ചെങ്കിലും വേഗം പിടികിട്ടി. വെണ്മണിഅച്ഛൻ നമ്പൂതിരിതന്നെ. കുഞ്ഞിക്കുട്ടൻ തമ്പുരാൻ അദ്ദേഹത്തിന്റെ ചെവിയിൽ മന്ത്രിച്ചു. ഒരു പക്ഷെ പരിചയപ്പെടുത്തികൊടുത്തതായിരിക്കാം. ഏതായാലും അദ്ദേഹം ചോദിച്ചു. "ഉം എന്താണ് സംശയം ചോദിച്ചോളൂ" എന്തു സംശയമാണ്? പക്ഷെ വെണ്മണി എന്ന് കേട്ടപ്പോൾതന്നെ എന്റെ ദേഹം കോരിത്തരിച്ചു. ഒരു സ്ത്രീസ്പർശം ഏററതുപോലെ. പെട്ടെന്ന് എനിക്ക് ചോദ്യം കിട്ടി. ഞാനതിന്റെ ചൂടോടുകൂടിതന്നെ അങ്ങോട്ട് ചോദിച്ചു. "അവിടുത്തെ കവിത ഞാൻ കുറെ വായിച്ചിട്ടുണ്ട്. പക്ഷെ അവയെല്ലാം ശൃംഗാരപ്രധാനമാണ്. എന്താണിതിനു കാരണം. . മിക്കതും അശ്ലീലത്തിലേക്കു്!?" ഇത്രത്തോളം എത്തിയപ്പോഴേക്കും എന്റെ നാവിന്ന് താനെ നിയന്ത്രണം വന്നു. ഇനി എന്തു പറയും. അദ്ദേഹം ഒരു വയസ്സനല്ലേ എന്നുവരെ എനിക്കുതോന്നി. ഏതായാലും ചോദിച്ചില്ലേ? എന്നു ഞാൻ സമാധാനപ്പെട്ടു. അപ്പോഴേക്കും അദ്ദേഹത്തിന്റെ ഉത്തരം അണപൊട്ടി ഒഴുകി "കവിത അതായത് കവിതാദേവി അവൾ സർവ്വാംഗസുന്ദരിയാണ്. അപ്പോൾ സൗന്ദര്യമാണ് കവിതയ്ക്ക് വേണ്ടത്. അതിന്റെ ആവിഷ്കരണത്തിന്റെ പരമാവധിയായിരിക്കണം കവിത. എന്നാലെ വായിക്കാനും, ആസ്വദിക്കാനും, ആനന്ദിക്കാനും, ഇമ്പംകൊള്ളാനും കഴിയുകയുള്ളൂ. അങ്ങിനെ മനുഷ്യനെ ഇമ്പം കൊള്ളിക്കാൻ ഒരേ ഒരു വഴിയേ ഉള്ളൂ. ആ വിദ്യയാണ് ശൃംഗാരം. അത് ചിലപ്പോൾ അശ്ലീലത്തിലേക്ക് കടക്കും. എന്നാലെ ശൃംഗാരത്തിന്റെ പരമകാഷ്ഠയാവുകയുള്ളൂ. അതിലൊരു നർമ്മബോധമുണ്ട്".

അദ്ദേഹം വിടുന്ന യാതൊരു ഭാവവുമില്ല. കൊണ്ടുപിടിച്ച വാദിക്കുകയാണ്. ഒരു പക്ഷെ അദ്ദേഹത്തിനോട് ഇതിന്നു മുമ്പേതന്നെ പലരും ഇതിനെപ്പററി ചോദിച്ചിട്ടുണ്ടാകും. അതിന്ന് അവരോട് പ്രസംഗിക്കാൻ എഴുതി തയ്യാറാക്കി മനഃപാഠം പഠിച്ചതാകാം ഇത്. അവസാനം അദ്ദേഹം ഇങ്ങനെ സമാപിക്കുന്നതുവരെ ഞാനെല്ലാം കേട്ടു. "കവിത, അതൊരു സ്ത്രീയാണെന്ന് സങ്കല്പിച്ചുകൊള്ളൂ. അവൾക്ക് സ്ത്രീസഹജമായ രൂപവും ഭാവവും സൗന്ദര്യവും ധനവും പ്രൗഢിയും എല്ലാം ഉണ്ടെങ്കിലും ശൃംഗാരം അഥവാ കാമം ഇല്ലെങ്കിൽ അവളൊരു സ്ത്രീയാണോ വെറുമൊരു മച്ചിയല്ലേ. അതുപോലെയാണ് കവിതയും". ശരിയാണ്. അദ്ദേഹം കുറച്ചുകൂടി കഴിഞ്ഞിട്ട് ഇന്നത്തെ ലോകത്തിൽ ജീവിച്ചിരുന്നെങ്കിൽ ഒരു പക്ഷെ ചങ്ങമ്പുഴയ്ക്ക് കിട്ടിയതിനേക്കാൾ വലിയ ഒരു മടങ്ങ് പ്രോത്സാഹനം ഇന്നത്തെ യുവജനങ്ങൾ അദ്ദേഹത്തിന്നു നല്കുമായിരുന്നു എന്നുവരെ എനിക്കുതോന്നി. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഒരു പക്ഷെ നിരൂപകന്മാർ കാക്കിച്ചുതുപ്പിയെങ്കിൽകൂടി.

എന്തു പറയാനാണദ്ദേഹത്തിനോട്? എനിക്കൊന്നും ചോദിക്കാനുണ്ടായിരുന്നില്ല. അപ്പോഴതാ നമ്മുടെ വെണ്മണി മഹൻനമ്പൂതിരി വരുന്നു. മണി പതിനൊന്ന് കഴിഞ്ഞെങ്കിലും കുളിയും പല്ലുതേപ്പും കഴിയാതെ, ഇന്നലെ കിടന്ന മാതിരി ഉടുത്ത മുണ്ടഴിച്ച് പുതച്ചാണിച്ഛന്റെ സാഹിത്യസദസ്സിലേക്കുള്ള വരവ്. അദ്ദേഹത്തെ കണ്ടപ്പോഴേ മിക്കാൾക്കും ചിരിപൊട്ടാൻ തുടങ്ങി പക്ഷെ എങ്ങിനെ ഒരന്യൻ മുഖത്തുനോക്കി പൊട്ടിച്ചി

ക്കുമെന്നു കരുതി ഞാൻ ചിരിയടക്കി. അല്ലെങ്കിൽ പിന്നെ അതു് പെണ്ണുങ്ങളുടെ സ്വഭാവമായിത്തീരും. അദ്ദേഹത്തിന്റെ വരവുകണ്ടാൽത്തന്നെ ആരോ വിവരം ധരിപ്പിച്ചിരുന്നു് തോന്നുന്നുണ്ടു്. അതു കൊണ്ടായിരിക്കാം എന്തിനേയും നേരിടാൻതക്ക വിധത്തിൽ ഉള്ള ഒരു നില്പും ഒരു ചോദ്യവും. "എന്താ ചോദ്യം കേൾക്കട്ടെ". 'നമസ്കാരം' ഞാൻ തൊഴുതു. ചോദ്യവും വേണ്ട ഉത്തരവും വേണ്ട എന്നു പറഞ്ഞു് അദ്ദേഹത്തിനോടു് പോയി ഇനിയും കിടന്നുറങ്ങാൻ പറയുകയാണു് വേണ്ടതെന്നു് എനിക്കു് തോന്നി. അവസാനം ഞാനിങ്ങനെ പറഞ്ഞൊപ്പിച്ചു. "ഓ ഒരപേക്ഷയുണ്ടു് ഈ ഉറക്കം കുറച്ചു് കുറച്ചാൽ തരക്കേടില്ല".

"ഉറക്കം കുറയ്ക്കുകയോ, അതുമാത്രം വയ്യ . . . ഒരു കവി, മതിയാവോളം ഉണ്ണണം. വിഭവസമൃദ്ധമായി ഉണ്ണണം. ധാരാളം കളിക്കണം. ഇഷ്ടം പോലെ സുഖിക്കണം. എന്നിട്ടു് മുഴുവൻ സമയവും കിടന്നുറങ്ങണം. അവൻ ബാഹ്യലോകവുമായി യാതൊരുതരത്തിലും ബന്ധപ്പെടരുതു്. ഒരു സ്വപ്നത്തിൽ അവനങ്ങിനെ പരമാനന്ദതുന്ദിലനായി ജീവിക്കണം. എന്നാലെ അവന്റെ മനസ്സിൽ കവിത ജനിക്കൂ. അതാണു് സാക്ഷാൽ കവിത". ഇതാണു് അദ്ദേഹത്തിന്റെ കവിതയിലെ ജീവിതാവിഷ്കരണമെന്നെനിക്കു് തോന്നി. പക്ഷെ കവിത ഈ സുഖഭോഗങ്ങളിൽ നിന്നാണോ ജനിക്കുന്നതു്. അതോ സാധുക്കളുടെ കഷ്ടതയുടെ കണ്ണുനീർ കണ്ടിട്ടു് അതിൽ ഹൃദയമലിഞ്ഞിട്ടോ" എന്നു ഞാൻ ചോദിക്കാൻ പുറപ്പെട്ടപ്പോഴേക്കും അദ്ദേഹം നടന്നകന്നു. ഒരു പക്ഷെ പോകുമ്പോൾ കാണാം. ആ കോലായിലുണ്ടാകും ചുരുണ്ടുകൂടി കിടന്നുറങ്ങുന്നു എന്നു ഞാൻ വിചാരിച്ചു.

ഞാൻ പൂർണ്ണമായൊന്നു് കണ്ണോടിച്ചു കവിസദസ്സു് പൂർണ്ണമാണു്. കുഞ്ഞിക്കുട്ടൻ തമ്പുരാൻതന്നെയാണു് അദ്ധ്യക്ഷസ്ഥാനത്തു്. ഇരുപുറങ്ങളിലും ഗുരുത്വംകൊണ്ടും പിതൃത്വംകൊണ്ടും കൊച്ചുണ്ണി തമ്പുരാനും, വെണ്മണി അച്ഛൻ നമ്പൂതിരിയുമുണ്ടു്. പിന്നേയും തമ്പുരാൻ ഓരോരുത്തരെ പരിചയപ്പെടുത്തുകയാണു്. കുണ്ടൂർ നാരായണമേനോൻ, നടുവത്തച്ഛൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ എന്നു തുടങ്ങി പലരും. അവരോടൊന്നും എനിക്കൊരു പ്രതിഷേധവും ഉണ്ടായിരുന്നില്ല. മറ്റുള്ളവരെ അപേക്ഷിച്ചു്. കൂടാതെ അവരൊക്കെ തന്നോടിത്തിരി കൂറുള്ളവരും കൂടിയാണു്. പിന്നെ പ്രതിക്കൂട്ടിൽ നിറുത്തി ചോദ്യം ചെയ്യേണ്ടുന്ന ആവശ്യമില്ലല്ലോ. പോരെങ്കിൽ അവരൊക്കെ ആ കൊട്ടാരവാതിൽ പുറത്തു് കടക്കുന്നവരും കൂടിയാണു്. ലോകത്തിലെ സുഖവും ദുഃഖവും കണ്ടവരാണു്. അവർ അന്തഃപുരസുന്ദരികളേയും, ഗ്രാമീണകന്യകകളേയും കണ്ടവരാണു്. പിന്നെ പല പുതിയ വഴികളിൽക്കൂടി ഇറങ്ങിസഞ്ചരിച്ച ശീലവും ഉണ്ടു്. ഞാൻ അവരോടെല്ലാവരോടും വണക്കം പറഞ്ഞു് വിടവാങ്ങി; കൂട്ടത്തിൽ ആ മഹാപണ്ഡിതനോടു് കൊച്ചുണ്ണി തമ്പുരാനോടു്.

ആ കോവണിപ്പടികൾ ഇറങ്ങി ഞാൻ വന്നപ്പോൾ ഏതോ ഭൂതകാലത്തിന്റെ ഇരുളടഞ്ഞ കോട്ടയിൽനിന്നു് വെളിച്ചമുള്ള വർത്തമാനകാലത്തേക്കു് നടന്നുവന്നപോലെ തോന്നി. ഭൂതകാലത്തിന്റെ രാജധാനിവിട്ടു് വർത്തമാനകാലത്തിലെ ചെറ്റക്കുടിലിലേക്കുള്ള യാത്രയിലാണു് ഞാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നതു്. ആ വഴി ഒറ്റയടിപ്പാതയാണു്. ഒരുത്തന്റേതുമാത്രമാണു്. പകൽ വെളിച്ചത്തിന്റെ ഉഷ്ണത്തിൽ നിഴലുകളല്ലാതെ എന്നെ ആരും പിൻതുടരുന്നുണ്ടായിരുന്നില്ല. അവിടെ സഞ്ചരിക്കാൻ ഓരോരുത്തർക്കും ഓരോ വഴിയുണ്ടു്. അന്യന്റേതല്ലാതെ. അപ്പോഴും ഞാനങ്ങോട്ടൊന്നു് തിരിഞ്ഞുനോക്കി. മനോഹരമായ ആ മണിസൗധത്തിലേക്കു്. ജീവനില്ലാതെ വെറും കല്ലും മണ്ണുമായി അവശേഷിച്ചു് വീണടിയാൻ പോകുന്ന സുന്ദരഗോപുരത്തിലേക്കു്. അവിടെ ഇന്നു് ആട്ടവും പാട്ടും ഇല്ല. നൃത്തം വെയ്ക്കാൻ ദേവദാസിയില്ല. അപ്പോൾ കവിതാദേവി അവിടെനിന്നു് ഒളിച്ചോടിപ്പോന്നു. എവിടേക്കു്. ആട്ടവും പാട്ടും ഉള്ള പുലയക്കുടിലിലേക്കു്. ഞാൻ കാലത്തിന്റെ മാറ്റത്തെ കുറിച്ചു് ചിന്തിക്കുകയായിരുന്നു വഴിനീളെ.

# വേർപാട്

(കെ. എം. നഹ, B. Com. II, കരുവന്തിരുത്തി)

കട്ടിലിൽ കിടന്നുകൊണ്ടുതന്നെ ജാലകങ്ങൾ മെല്ലെ തുറന്നിട്ടു. അരണ്ട നിലാവെളിച്ചം മുറിയിലേക്ക് കടന്നുവന്നു. അതോടൊപ്പം തണുത്ത കുളിർക്കാററും. അയാൾ അങ്ങിങ്ങായ് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെ നോക്കിക്കൊണ്ടങ്ങിനെ കിടന്നു.

ഇരുട്ടിൽ കിടന്നുകൊണ്ട് കഴിഞ്ഞ ജീവിതത്തിന്റെ വെളിച്ചത്തിലേക്കയാൾ ഉററുനോക്കി. ആദരവും അനുകമ്പയും നേടാൻ കഴിഞ്ഞ ആ മുപ്പത്തഞ്ച് വർഷങ്ങളിലേക്കയാളുടെ ഓർമ്മകൾ കുതിച്ചു. ചിന്തകൾ ഒന്നിനുപുറകെ ഒന്നായി കെട്ടുപിണഞ്ഞ് കിടക്കുകയാണ്.

ഇന്നലയോടുകൂടി ജീവിതത്തിന്റെ ഒരദ്ധ്യായം അവസാനിച്ചു. നിമിഷങ്ങളുടെ ദൈർഘ്യമേയുള്ളവെങ്കിലും ഇന്നത്തേത് മറെറാരു അദ്ധ്യായമാണ്. മറക്കാനാവാത്ത ഒരദ്ധ്യായം.

നാളെ . . . . അതോർക്കുമ്പോൾ ഓർമ്മകൾ പിന്നിട്ടുപോയ മുപ്പത്തഞ്ചു വർഷങ്ങളിലേക്കോടുകയാണ്. അദ്ധ്യാപക ജീവിതത്തിന്റെ അവിസ്മരണീയാനുഭവങ്ങൾ മുന്നിൽ അടർന്നുവീഴുകയാണ്. ഈ ലോകത്തിന്റെ ശില്പികളെ വാർത്തെടുക്കുന്ന ഒരു യന്ത്രം ഇന്നലെയോടെ നിശ്ചലമായി.

ഇന്നലെ . . . . അതായിരുന്നു ജീവിതത്തിലെ കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാന ദിവസം. നിറഞ്ഞ കണ്ണുകളോടും, നിശ്ശബ്ദവേദനയോടും അവസാനമായി ക്ലാസ്സിൽ ചെന്നപ്പോൾ നൂറുകൂട്ടം ബാഷ്പംനിറഞ്ഞ കണ്ണുകൾ തന്നെ ഉററുനോക്കി. പരിശുദ്ധിയുടെ പരിവേഷമണിഞ്ഞ നയനങ്ങൾ സജലങ്ങളായി. പലതും പറയണമെന്നുണ്ടായിരുന്നു. വാക്കുകൾ തൊണ്ടയിൽ തങ്ങിനിന്നതല്ലാതെ പുറത്തുവന്നില്ല.

ആ കണ്ണുകളിൽ ഉറഞ്ഞുകൂടികിടന്ന കദനഭാരം അലിഞ്ഞിറങ്ങി. കുമിഞ്ഞുകൂടികിടന്ന നൊമ്പരങ്ങൾ കടിച്ചിറക്കിയപ്പോൾ ഞെരിഞ്ഞരഞ്ഞ സ്വരം തന്റെ അധരങ്ങളിലൂടെ വിതുമ്പിവന്നു. ധൃതിയിൽ അവിടെനിന്നു തിരിഞ്ഞു നടന്നു.

സാർ . . . . സാർ . . . . ആ ശബ്ദം കർണ്ണപുടങ്ങളിൽ വന്നലച്ചു. വേർപാടിൽ മാത്രമെ ഹൃദയബന്ധങ്ങളുടെ അപാരത ബോദ്ധ്യമാവുകയുള്ളു. നാളെ യാത്രയയപ്പ് ദിനമാണ്. അതോടെ ഒരദ്ധ്യായം അവസാനിക്കുകയാണ്. ഓർമ്മകളുടെ തിക്കും തിരക്കും സഹിച്ച് അധികദൂരം സഞ്ചരിച്ച ക്ഷീണത്താൽ മയങ്ങിയതറിഞ്ഞില്ല.

"അച്ഛാ . . . . അച്ഛാ . . . ."

ആ വിളി കേട്ടാണയാൾ കണ്ണുതുറന്നത്. അപ്പോൾ പ്രഭാതത്തിന്റെ പുതുവെളിച്ചം ആ മുറിയിൽ കടന്നു വന്നിരുന്നു. അവളുടെ മുഖത്തേക്ക് നോക്കിയപ്പോൾ നയനങ്ങൾ സജലങ്ങളായി. വിവാഹപ്രായമായ മകൾ. ഭാര്യ പലപ്പോഴും പറയാറുള്ള വാക്കുകൾ ഓർമ്മവന്നു.

"പെണ്ണ് പുരനിറഞ്ഞ് നില്ക്കുന്നത് നിങ്ങൾ കാണുന്നില്ലേ" അയാൾ കാണാഞ്ഞിട്ടല്ല. അറിയാഞ്ഞിട്ടല്ല. പക്ഷെ . . . .

കുളിച്ച് വസ്ത്രം മാററി പുറത്തേക്കിറങ്ങാൻ ഒരുങ്ങിയപ്പോൾ അയാൾ ഭാര്യയോട് പറഞ്ഞു.

"ലക്ഷ്മി ഞാനൊന്ന് സ്കൂൾവരെ പോയി വരാം, മരുന്നെല്ലാം സമയത്തിന് കഴിക്കണേ".

ഒരു ഭാഗത്ത് വിവാഹപ്രായമായ മകൾ മറെറാരു വശത്ത് കോളേജിൽ പഠിക്കുന്ന രവി, ഒരു കോണിൽ രോഗശയ്യയിൽ കിടക്കുന്ന ഭാര്യ. ഇതാ മറെറാരു കോണിൽ അയാളെ തുറിച്ചു നോക്കുന്ന പെൻഷൻ പററിയ അദ്ധ്യാപകവൃത്തി. ഇവക്കിടയിൽപ്പെട്ട് നീറുകയാണയാളുടെ ഹൃദയം.

നാളെ . . . . അതെപ്പററി അയാൾ ഉറക്കെ ചിന്തിച്ചു.

ഇടവഴിയിലൂടെ നടന്നകലുമ്പോൾ ഓർമ്മകൾ കഴിഞ്ഞകാലത്തെ മേച്ചിൽ സ്ഥലങ്ങളിൽനിന്നും ഓടിയെത്തി. ആ ഇടവഴി ചെന്നവസാനിക്കുന്നത് റോഡിലാണ്. റോഡിന്റെ ഒരുവശത്തുകൂടെ അയാൾ മന്ദം മന്ദം നടന്നു. സദാ പുഞ്ചി

രിക്കുന്ന അയാളോട് സംസാരിക്കാതെ ആരും അതുവഴി കടന്ന് പോകാറില്ല.

“സാർ, വിശേഷമെന്തൊക്കെയുണ്ട്”. എന്ന് പൂർവ്വവിദ്യാർത്ഥികൾ ചോദിക്കും.

“മാസ്റ്റർ സുഖംതന്നെയല്ലെ” എന്ന് പരിചയക്കാർ ആരായും.

എല്ലാററിനും “സുഖം തന്നെ”യെന്ന് പുഞ്ചിരിയോടെ അയാൾ മറുപടി പറയും. ഇന്നേവരെ അയാൾ ആർക്കും അയാളെ വിററിട്ടില്ല. ആരെയും സഹായാഭ്യർത്ഥനയുമായി സമീപിച്ചിട്ടുമില്ല.

ഇനിയൊ . . . ?

ആ ചോദ്യത്തിന്റെ മുന്നിൽ അയാൾ വീർപ്പുമുട്ടുകയാണ്. ഒരദ്ധ്യാപകന്റെ നേട്ടങ്ങളെപ്പററി അയാളോർത്തു. ആദരവും, അനുകമ്പയും! എന്നിട്ടും മിച്ചം കണ്ണീർ മാത്രം.

നടന്ന് നടന്ന് സ്കൂൾ പടിക്കലെത്തിയതയാളറിഞ്ഞില്ല. നീണ്ടുനിവർന്ന് കിടക്കുന്ന ആ കെട്ടിടം അയാളെതന്നെ തുറിച്ചുനോക്കുന്നതായി തോന്നി. ആ കെട്ടിടത്തോടടുക്കുന്തോറും തളർച്ച അനുഭവപ്പെട്ടു. ഹൃദയത്തിൽ നിർവ്വചിക്കാൻ കഴിയാത്ത ഒരു വികാരം വീർപ്പുമുട്ടുകയാണ്. സഹാദ്ധ്യാപകരുടെ കണ്ണിലുണ്ണിയാണയാൾ. അയാൾ ലീവായാൽ അവർ പറയും.

“രാജൻ മാസ്റ്ററില്ലാഞ്ഞിട്ടൊരു രസവുമില്ല”. ഇനി ഇതാ രാജൻ മാസ്റ്ററില്ലാത്ത വർഷങ്ങൾ വരുന്നു. അയാൾ ടീച്ചേഴ്സ് റൂമിലേക്ക് കയറി. എല്ലാവരും അയാളെത്തന്നെ ഉററുനോക്കുകയാണ്. ഒരു സുപരിചിതനെപ്പോലെ മനസ്സിന്ന് യാതൊരു തളർച്ചയുമില്ലാതെ ആ രംഗം അഭിമുഖീകരിക്കാൻ അയാൾ തയ്യാറായി. അവരെനോക്കി ഹൃദ്യമായൊന്ന് പുഞ്ചിരിക്കാൻ ശ്രമിച്ചു. പക്ഷെ ആ പുഞ്ചിരിയുടെ തുമ്പിൽ കണ്ണീരിന്റെ നനവുണ്ടായിരുന്നു.

യാത്രയയപ്പിനുള്ള ഒരുക്കങ്ങൾ അടുത്ത മുറിയിൽ നടക്കുകയാണ്. പതിവുള്ളതിനേക്കാൾ ശബ്ദായമാനമായ ഒരന്തരീക്ഷം അവിടെ സംജാതമായിരുന്നു. അയാൾ അടുത്തമുറിയിലേക്കാനയിക്കപ്പെട്ടു. ചുററും കൂടിയ വിദ്യാർത്ഥികൾ നിറഞ്ഞ കണ്ണുകളോടെ അയാളെതന്നെ ഉററുനോക്കി.

അയാൾക്കുവേണ്ടി ഒരുക്കപ്പെട്ട ആ കസേലയിൽ ഇരുന്നപ്പോൾ ജീവിതത്തിൽ ഒരിക്കൽ മാത്രം ലഭിച്ചതും ഇനിമേലാൽ ലഭിക്കാനില്ലാത്തതുമായ അനുഭൂതി ഉണ്ടായി. പൊട്ടിച്ചിരികളും, കുശലപ്രശ്നങ്ങളും നിറഞ്ഞതായിരുന്നു ആ അന്തരീക്ഷം. അയാളും അവരോടൊപ്പം പങ്കുചേർന്നു.

അവിടെനിന്നു പിരിഞ്ഞു കേമറായുടെ മുന്നിൽ നിന്നപ്പോൾ ജീവിതത്തിലെ പുതിയ പുതിയ അനുഭവങ്ങൾ മുന്നിൽ അടർന്നുവീണു.

ബാഹ്യമായ ചലനങ്ങൾ ഒപ്പിയെടുക്കാൻ മാത്രമെ കേമറക്ക് കഴിയൂ. ഹൃദയത്തിൽ അന്തർലീനമായ ചലനങ്ങൾ ഒപ്പിയെടുക്കാൻ കഴിയുന്ന ഒരു കേമറയുണ്ടായിരുന്നെങ്കിൽ. അയാൾ ഓർത്തു. ഒരു വിരഹവേദനയുടെ നിഴൽ ആ ചുററും പരന്നിരുന്നു.

അയാൾക്കു അവിടെ പോകാൻ ധൃതിയായി. എന്തൊ അവിടെ അധികനേരം നില്ക്കാൻ അയാൾക്ക് കഴിഞ്ഞില്ല. പൂമുഖത്ത് പുഞ്ചിരിച്ചുനില്ക്കുന്ന സുഹൃത്തുക്കളോടു പ്രത്യേകം, പ്രത്യേകം വന്ദനം പറഞ്ഞു. അയാളുടെ മുന്നിൽ തടിച്ചുകൂടിയ വിദ്യാർത്ഥികളെ അധികനേരം നോക്കിനില്ക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

തളർന്നകാലുകൾ പതുക്കെ പടവുകളിൽ കൂടി വലിച്ചിറക്കി.

“സാർ . . . സാർ . . .” എന്ന വാക്ക് അന്തരീക്ഷത്തിലെങ്ങും മുഴങ്ങിക്കേൾക്കാമായിരുന്നു.

അയാൾ മന്ദം മന്ദം നടന്നകന്നു. ചുളിവുവീണ വിശാലമായ നെററിത്തടത്തിൽ സ്വേദകണങ്ങൾ ഉരുണ്ടുകൂടി. അയാൾ ഭാരമുള്ള കാലുകൾ വലിച്ചു നീക്കി. ചിന്തകൾ പുറകോട്ടു വലിക്കുന്നു. നഷ്ടപ്പെട്ട പ്രതീക്ഷകൾ നൊമ്പരം കൊള്ളുകയാണ്. അയാൾ വീണ്ടും പിറകോട്ടൊന്ന് തിരിഞ്ഞു നോക്കി. ചെമ്മണ്ണുനിറഞ്ഞ ആ നടപ്പാത ആ കെട്ടിടത്തിന്റെ മുമ്പിൽ ചെന്നവസാനിക്കുന്നു.

“എനിക്കിത്രനാൾ വിശ്രമംതന്ന് എന്നെ രക്ഷിച്ച നിനക്കു മംഗളം” അയാൾ പിറുപിറുത്തു.

ഒരു കാററുവന്നു ആ കെട്ടിടത്തിന്റെ ജനവാതിലുകൾ ഒച്ചയോടെ കൊട്ടിയടച്ചു. അതെ അയാളുടെ ജീവിതമാകുന്ന കവാടവും കൊട്ടിയടക്കപ്പെട്ടിരിക്കയാണ്.

വേർപാട്! ആ വേദനക്കു മാധുര്യമുണ്ട്. കണ്ണുകളിൽ ഉറഞ്ഞുകൂടികിടന്ന കദനഭാരം അലിഞ്ഞിറങ്ങി. കണ്ണുകളിൽനിന്നും ഒഴുകിവന്ന കണ്ണുനീർ കവിളുകളിലൂടെ അരിച്ചിറങ്ങി. അയാൾ ജീവിതത്തിന്റെ മറെറാരദ്ധ്യായത്തിലേക്കു മന്ദം മന്ദം നടന്നകന്നു.